# നീതിമാൻ ആകുന്നതെങ്ങനെ?

## റേഡിയോ പ്രഭാഷണങ്ങൾ

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher :

**ആലീസ് യോഹന്നാൻ**

ഫീലിയോ ഹെൽത്ത് കെയർ, കോലഞ്ചേരി - 682 311.

# നീതിമാൻ ആകുന്നതെങ്ങനെ?

## NEETHIMAN AKUNNATHENGANE?

### റേഡിയോ പ്രഭാഷണങ്ങൾ

●

**പ്രൊഫ. എം.വൈ. യോഹന്നാൻ**
*മുൻ പ്രിൻസിപ്പൽ,*
*സെൻറ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

**മേച്ചങ്കര, കടയിരുപ്പ് പി.ഒ.,**
**കോലഞ്ചേരി - 682 311, കേരളം.**
**ഫോൺ : (0484) 760489, 761289**

●

Publisher :
**ആലീസ് യോഹന്നാൻ**
**ഫീലിയോ ഹെൽത്ത് കെയർ**
**കോലഞ്ചേരി - 682 311.**

●

DTP, TYPESETTING & DESIGN
SPECIAL EFFECTS, COCHIN–35

●

PRINTED AT
PAGEMAKERS
COCHIN-36

●

*copyright reserved*

# ഗ്രന്ഥകർത്താവിൻെറ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭ ഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?

## അവതാരിക

എൻെറ ആത്മികവും ലൗകികവും വിദ്യാഭ്യാസപരവുമായ വളർച്ചക്ക് എന്നെ സഹായിച്ച ഗുരുവരനാണ് ബഹുമാനപ്പെട്ട യോഹന്നാൻ സാർ. സാർ സണ്ടേസ്കൂളിൽ 10-ാംക്ലാസിൽ എന്നെ പഠിപ്പിക്കുകയുണ്ടായി. കോളേജിൽ പ്രീഡിഗ്രിക്കും ഡിഗ്രിക്കും എന്നെ പഠിപ്പിക്കുകയുണ്ടായി. അക്കാലങ്ങളിൽ പറഞ്ഞുതന്ന വചനങ്ങൾ ഇന്നും എൻെറ സ്മൃതിപഥത്തിൽ നിലനിൽക്കുന്നുണ്ട്. പ്രീഡിഗ്രി പഠനം കഴിഞ്ഞപ്പോൾ എൻെറ വിദ്യാഭ്യാസം വഴിമുട്ടിനിന്നുപോയിരുന്നു. അന്ന് എന്നെ സഹായിച്ചത് ബഹുമാനപ്പെട്ട സാർതന്നെയാണ്. എൻെറ പിതാവിനെ നിർബ്ബന്ധിച്ച് മലയാളം ബി.എ. പഠിക്കുന്നതിനും സാർ എന്നെ സഹായിക്കുകയുണ്ടായി. എൻെറ ജീവിതത്തിൻെറ വഴിത്തിരിവുകളിൽ സാറിൻെറ ആലോചനകൾ എനിക്കു വഴികാട്ടിയായിത്തീർന്നിട്ടുണ്ട്.

സാറിൻെറ റേഡിയോ പ്രഭാഷണ പരമ്പരയുടെ പതിമൂന്നാമത്തെ പുസ്തകമായ ''നീതിമാൻ ആകുന്നതെങ്ങനെ?'' (നീതീകരണത്തിൻെറ മാർഗ്ഗരേഖ) എന്ന പുസ്തകത്തിന് അവതാരിക എഴുതുക എന്ന അസുലഭ സൗഭാഗ്യം ലഭിച്ചതിൽ സന്തോഷിക്കുകയും നന്ദിയും കടപ്പാടും വന്ദ്യപാദത്തിൽ അർപ്പിക്കുകയും ചെയ്യുന്നു.

1973 മെയ് 11-ന് ബഹുമാനപ്പെട്ട ഡോ. കെ.റ്റി. പൗലോസിൻെറ ഭവനത്തിൽ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൻെറ യോഗം നടന്നപ്പോൾ പിതാവിൻെറ നിർബ്ബന്ധത്തിന് വഴങ്ങി യോഗത്തിൽ സംബന്ധിക്കുകയുണ്ടായി. ഈ

കൂട്ടായ്മയിൽ ദൈവത്തിൻെറ പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നുണ്ട് എന്ന് എനിക്കു വിശ്വാസം കിട്ടുകയുണ്ടായി. വൈദിക സെമിനാരിയിൽ പഠനം നടത്തിക്കൊണ്ടിരുന്ന എനിക്ക് തുടർന്ന് യോഗങ്ങളിൽ സംബന്ധിക്കാൻ കഴിഞ്ഞില്ല. 1975-ൽ കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽനിന്ന് ബി.ഡി. ഡിഗ്രി പാസ്സായി ഭവനത്തിൽ എത്തുകയുണ്ടായി. അപ്പോൾ കൂട്ടായ്മയ്ക്കെതിരായി വീണ്ടും ചില സംശയങ്ങൾ എനിക്ക് ഉണ്ടായി. ദൈവത്തിൻെറ ആത്മാവാണ് ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ പ്രവർത്തിക്കുന്നതെന്ന് എനിക്ക് ബോദ്ധ്യം കിട്ടിയാൽ മരണത്തോളം ഒരടി പുറകോട്ട് വയ്ക്കാതെ പിൻപറ്റും എന്ന് ഒരു തീരുമാനം ഞാൻ എടുത്തു. എനിക്ക് ഒട്ടേറെ ചോദ്യങ്ങളും തുടർന്ന് വിമർശന ചിന്തകളും സംശയങ്ങളും ഉണ്ടായിരുന്നു. വചനം കേട്ടപ്പോൾ അവയ്ക്കെല്ലാം പരിഹാരം കിട്ടി. അന്നു മുതൽ ഇന്നയോളം ഞാൻ കർത്താവായ യേശുക്രിസ്തു നൽകുന്ന നീതീകരണത്തിൻെറ സമാധാനം അനുഭവിക്കുന്നു. ഒരു കാലത്ത് എൻെറ കുടുംബം വഴക്കും ഇഷ്ടക്കുറവും നിറഞ്ഞതായിരുന്നുവെങ്കിൽ ഇന്ന് ഞങ്ങൾ കർത്താവിൽ സമാധാനം നിറഞ്ഞ കുടുംബജീവിതം അനുഭവിക്കുന്നു.

ബഹുമാനപ്പെട്ട സാർ റോമാലേഖനത്തെ ആസ്പദമാക്കി വിശ്വാസത്താലുള്ള നീതീകരണം എന്ന വിഷയത്തിൻെറ സാധ്യതകളും അനുഗ്രഹങ്ങളും ഈ ഗ്രന്ഥത്തിൽ സവിസ്തരം ആത്മോദ്ദീപകമായി വിവരിച്ചിരിക്കുന്നു. ആദ്യത്തെ എട്ട് അദ്ധ്യായങ്ങളിൽ വിശ്വാസത്താലുള്ള നീതീകരണത്തെക്കുറിച്ചും തുടർന്നുള്ള നാല് അദ്ധ്യായങ്ങളിൽ നീതീകരണം ലഭിച്ചാൽ കിട്ടുന്ന അനുഗ്രഹങ്ങളെക്കുറിച്ചും വിവരിച്ചിരിക്കുന്നു. ''പാപം ചെയ്യുന്ന ദേഹി മരിക്കും'' എന്ന ദൈവിക ന്യായവിധി കർത്താവായ യേശുക്രിസ്തുവിൻെറ കഷ്ടതയാലും മരണത്താലും നിവർത്തിച്ച് നീക്കപ്പെട്ടു. ആ പരമസത്യത്തെ വിശ്വാസത്താൽ അംഗീകരിക്കുന്നവന് നീതീകരണം ലഭിക്കും എന്ന് ഈ പുസ്തകത്തിൽ വിവരിച്ചിരിക്കുന്നു. ഉദാഹരണത്തിന് മോശയുടെ കാലത്ത് അഗ്നിസർപ്പം കടിച്ച സംഭവം വിവരിക്കുന്നുണ്ട്. കടിയേറ്റവൻ വിശ്വാസത്തോടെ പാളയമധ്യത്തിൽ നാട്ടിയ പിച്ചളസർപ്പത്തിലേക്ക് നോക്കി മരണത്തിൽനിന്ന് രക്ഷ

പ്പെട്ടതുപോലെ പിശാചിൻെറ കടിയേറ്റ് പാപമരണത്തിനധീന നായ ഏവനും വിശ്വാസത്തോടെ കുരിശിലേക്ക് നോക്കിയാൽ രക്ഷപ്പെടും എന്ന് ഉദാഹരണസഹിതം തെളിയിച്ചിരിക്കുന്നു.

പൂർവ്വപിതാവായ അബ്രാഹം വിശ്വാസത്താലാണ് നീതീകരിക്കപ്പെട്ടത്. ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ വന്ന് നീതീകരണം പ്രാപിച്ച ആരക്കുന്നത്ത് കുഴിയേലിൽ ജോർജ്ജുകുട്ടിയുടെയും മൂവാറ്റുപുഴ ഡെൻറൽ ലാബിൽ ജോലി ചെയ്യുന്ന ജോബിയുടെയും സിന്തൈറ്റ് ഇൻഡസ്ട്രിയൽ സിലെ ഡ്രൈവറായ പൗലോസിൻെറയും അമൃതധാരാ ഗായക സംഘത്തിലെ ഗായികയായ ഷീലരാജുവിൻെറയും അനുഭവ സാക്ഷ്യങ്ങളിലൂടെ വിശ്വാസത്താലുള്ള നീതീകരണത്തെ ഉദാഹര ണസഹിതം വ്യക്തമാക്കിയിരിക്കുന്നു. ഈ കാലഘട്ടത്തിൽ പ്രവൃ ത്തിയാലുള്ള നീതീകരണത്തിന് സഭയിൽ പ്രാധാന്യം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. കർമ്മാനുഷ്ഠാനങ്ങളാലും നേർച്ചകാഴ്ചക ളാലും തീർത്ഥാടനങ്ങളാലും ദൈവപ്രസാദം പ്രാപിക്കാം എന്ന് വൃഥാ വിശ്വസിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ നാമധേയ ക്രൈസ്തവ സമൂഹത്തിൽ സാറിൻെറ ഈ പുസ്തകം ഒരു വെല്ലുവിളിയായി നിലനിൽക്കുന്നു.

തുടർന്നുള്ള നാല് അദ്ധ്യായങ്ങളിൽ വിശ്വാസത്താലുള്ള നീതീകരണം വഴി ദൈവത്തിൽനിന്നു കിട്ടുന്ന ഏഴ് അനുഗ്രഹ ങ്ങളെക്കുറിച്ച് വിശദീകരിച്ചിരിക്കുന്നു. നെച്ചുപ്പാടം ഓർത്ത ഡോണ്ടിക് ഡെൻറൽ ക്ലിനിക്കിൽ മെക്കാനിക്ക് ആയ പൗലോസിൻെറയും സാറിൻെറ മകളുടെ ഭർത്താവായ ബേബി എബ്രാഹാമിൻെറയും സാറിൻെറ മകൾ മേരിമോളുടെയും പാലക്കാട്ടുമാരി ജേക്കബ് അച്ചൻെറ മകൻ റോയിയുടെയും സാക്ഷ്യങ്ങൾ വഴിയായി ഇവ തെളിയിച്ച് അനുവാചക ഹൃദയ ങ്ങളിൽ നീതീകരണത്തിൻെറ മാഹാത്മ്യത്തെക്കുറിച്ച് വ്യക്ത മായ കാഴ്ചപ്പാട് നൽകുന്നു.

ബഹുമാനപ്പെട്ട സാറിൻെറ പുസ്തകങ്ങളിൽ കാണുന്ന ഒരു പ്രത്യേകത, ആത്മനിറവിൽനിന്നും ദൈവദത്തമായി കിട്ടിയിരി ക്കുന്ന അറിവിൻെറ പാരാവാരത്തിൽ ഊളിയിട്ടിറങ്ങി ദൈവ

മർമ്മങ്ങളാകുന്ന മുത്തുച്ചിപ്പികൾ പെറുക്കിയെടുത്ത് പ്രാർത്ഥന യുടെ ചൂളയിൽ മിനുക്കി ജനസമക്ഷം സമർപ്പിക്കുന്നു എന്ന താണ്.

ഈ പുസ്തകത്തിലെ സന്ദേശങ്ങൾ വായിക്കുകയും ധ്യാനി ക്കുകയും ചെയ്യുന്നതു മൂലം നീതിയും സമാധാനവും സഹാ യവും കിട്ടാതെ അലയുന്ന അനേകായിരങ്ങൾക്ക് വിശ്വാസത്താ ലുള്ള നീതീകരണം മൂലം സന്തോഷം, സമാധാനം എന്നിവ ദൈവം പ്രദാനം ചെയ്യട്ടെ എന്ന് എളിയവനായ ഞാൻ ആശംസി ച്ചുകൊണ്ട് 'നീതിമാൻ ആകുന്നതെങ്ങനെ?' അഥവാ 'നീതീകര ണത്തിൻെറ മാർഗ്ഗരേഖ' എന്ന പുസ്തകം ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

റവ. ഫാ. എൻ.വി. ഔസേപ്പ്

# ആമുഖം

എമ്മവൂസ് റോഡിൽകൂടെ ഒരു പുരുഷനും അവന്റെ ഭാര്യയും കൂടി നടന്നുപോവുകയായിരുന്നു. രണ്ടുപേരുടെയും മുഖം മ്ലാനമാണ്. കടുത്ത ദുഃഖം തളംകെട്ടി നില്ക്കുന്നു; അവർക്കു ചുറ്റും അവരുടെ ഉള്ളിലും.

കുറെനേരം അവർ മൗനമായി നടന്നു. ഇടയ്ക്ക് ചുടുനെടു വീർപ്പുകൾ മാത്രം. നിരാശകൊണ്ട് കനംതൂങ്ങിയ അന്തരീക്ഷം.

ഒടുവിൽ അവർ സംസാരിക്കാൻ തുടങ്ങി. ക്രിസ്തുവിന്റെ ക്രൂശാരോഹണമാണ് സംഭാഷണവിഷയം. ക്രിസ്തുവിന്റെ ജീവിതം ഒരു പരാജയമായിപ്പോയല്ലോ എന്നാണ് അവരുടെ പരിദേവനം. യഹൂദജാതിയെ റോമൻസീസറുടെ ഭരണത്തിൽ നിന്ന് വിടർത്തുവാനുള്ള ഒരു വീണ്ടെടുപ്പുകാരനായി അവർ കരുതിയിരുന്ന ക്രിസ്തുവിനെ റോമൻ പടയാളികൾ ക്രൂശി ലേറ്റുന്നത് കണ്ട ഞെട്ടൽ അവരെ വിട്ടുമാറിയിട്ടില്ല. സ്വന്ത ജാതിയും സ്വന്തദേശവും സ്വന്തം പള്ളിയും സ്വന്തം അനു യായികളും കൈവിട്ടതിനുപുറമേയാണ് ദൈവവും ക്രിസ്തു വിനെ കൈവിട്ടത് എന്ന ചിന്ത അവരെ പിന്നെയും പിന്നെയും ദുഃഖത്തിലാഴ്ത്തി.

അങ്ങനെ നിരാശയുടെ വാക്കുകൾ ഉദീരണം ചെയ്തു കൊണ്ടു നടന്നുനീങ്ങുമ്പോൾ യേശുക്രിസ്തു, ഇതാ, അവരോടു ചേർന്നുനടന്നു. പക്ഷേ, അവർ യേശുവിനെ അറിഞ്ഞില്ല. ഒരു

അപരിചിതൻ എന്നും പരദേശിയെന്നും മാത്രമേ അവർ ചിന്തിച്ചുള്ളൂ.

അവരുടെ മുഖം വാടിയിരുന്നു. നിരാശ അവരെ ഗ്രസിച്ചിരുന്നു. യേശു മരിച്ചു എന്ന ചിന്ത അവരെ പരിഭ്രാന്തിയിലാഴ്ത്തിയിരുന്നു. അവർ യേശുവിനെ ഒരപരി ചിതനായി മാത്രമേ കണ്ടുള്ളൂ.

ഉയിർത്തെഴുന്നേല്പിന്റെ ദിവസം മഗ്ദലനമറിയാം യേശുവിനെ കണ്ടു. അരിമഥ്യക്കാരൻ യൗസേപ്പിന്റെ കല്ലറയുടെ സമീപത്ത് തോട്ടത്തിൽവെച്ചാണത്. അവളുടെയും ഉള്ളം കലങ്ങിയിരുന്നു. നിരാശകൊണ്ടും കനത്ത ദുഃഖംകൊണ്ടും ഏങ്ങലടിച്ചു കരയുകയായിരുന്നു അവൾ. യേശു അവളുടെ അരികത്തു വന്നു. പക്ഷേ അവൾ വിചാരിച്ചു, അത് തോട്ടക്കാരൻ ആണെന്ന്. അവൾ യേശുവിനെ തിരിച്ചറിഞ്ഞില്ല.

ശിഷ്യൻമാർ തണ്ടുവലിച്ചു വലയുകയായിരുന്നു. ആഞ്ഞ ടിക്കുന്ന കൊടുങ്കാറ്റ്. തിരത്തല്ലിയുയരുന്ന പെരുവെള്ളം. ഗലീലാക്കടൽ അലറുകയാണ്. സന്ധ്യയ്ക്ക് നടുക്കടലിൽ എത്തിയതാണ്. നേരം പാതിര കഴിഞ്ഞു. പടക് ഒരിഞ്ച് നീങ്ങിയിട്ടില്ല. നീങ്ങുമെന്ന് തോന്നുന്നുമില്ല. നടുക്കടലിൽ തീരുകയാണോ?

കൊടിയ ഭീതിയും കടുത്ത ആധിയും. പതറുന്ന ഹൃദയം! ചിതറുന്ന ചിത്തം! അലഞ്ഞുലഞ്ഞു വലഞ്ഞുപോയി അവർ.

അപ്പോഴാണ് യേശു വെള്ളത്തിൻമേൽ നടന്നുവരുന്നത്! ഒരു ഭൂതമാണ് എന്ന് അവർ വിചാരിച്ചു. അവരും യേശുവിനെ തിരിച്ചറിഞ്ഞില്ല.

എമ്മവൂസ് റോഡിൽ യേശുവിനെ കണ്ട ശിഷ്യൻമാർ വിചാരിച്ചു, ഒരു പരദേശിയും അപരിചതനും എന്ന്. തോട്ടത്തിൽ കല്ലറയുടെ അരികിൽ യേശുവിനെ കണ്ട

മഗ്ദലനമറിയാം വിചാരിച്ചു, തോട്ടക്കാരൻ എന്ന്. ഗലീലാക്കടലിലെ തിരമാലകളുടെ നടുവിൽ യേശുവിനെ കണ്ട ശിഷ്യൻമാർ വിചാരിച്ചു, ഒരു ഭൂതം എന്ന്.

മൂന്നിടത്തും യേശു വരുന്നത് വാട്ടമകറ്റാനാണ്; കരച്ചിൽ മാറ്റാനാണ്; ഭയം നീക്കാനാണ്. പക്ഷേ യേശുവിനെ തിരിച്ചറിഞ്ഞില്ല.

പക്ഷേ, യേശു ആണെന്ന് ഗ്രഹിച്ചു കഴിഞ്ഞപ്പോൾ എമ്മവൂസ് റോഡിലെ ശിഷ്യൻമാർ പറയുന്നുണ്ട്: “അവൻ നമ്മോടു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ നമ്മുടെ ഹൃദയം കത്തിക്കൊണ്ടിരുന്നില്ലയോ?”

ഈ ഗ്രന്ഥത്തിൻെറ താളുകളിലൂടെ നിങ്ങളുടെ കണ്ണും ഹൃദയവും നീങ്ങുമ്പോൾ നിങ്ങളുടെ ഉള്ളം കത്തുന്ന അനുഭവം ഉണ്ടായാൽ ഞാൻ കൃതാർത്ഥനായി. നിങ്ങളുടെ കരച്ചിൽ മാറ്റാൻ ക്രിസ്തു ജീവിക്കുന്നു എന്ന് നിങ്ങൾക്കനുഭവിക്കാൻ കഴിഞ്ഞാൽ ഞാൻ ധന്യനായി. നിങ്ങളുടെ ജീവിതത്തിൽ തെറുത്തുയരുന്ന തിരമാലകളെ ശാന്തമാക്കാൻ മനസ്സും ശക്തിയുമുള്ള ക്രിസ്തുവിൻെറ സാന്നിദ്ധ്യവും സഹായവും നിങ്ങളനുഭവിച്ചാൽ ഞാൻ കൃതകൃത്യനായി.

ഇതിലെ ഓരോ വാക്കിലും ഓരോ അക്ഷരത്തിലും ക്രിസ്തുവിൻെറ നാദപ്രപഞ്ചം ഒന്നു തുടിച്ചിരുന്നെങ്കിൽ! അനുവാചകർക്ക് ആശ്വാസം ലഭിച്ചിരുന്നെങ്കിൽ! നിരാശയിൽ ഉറഞ്ഞുപോയ ജീവിതങ്ങൾ പ്രത്യാശയുടെ നറുനാമ്പണിഞ്ഞു വെങ്കിൽ! എങ്കിൽ, നമുക്കൊരുമിച്ച് ക്രിസ്തുനാഥൻെറ രണ്ടാമത്തെ വരവിൽ പറന്നേറി ഒരാത്മാവിൽ സ്തുതിയുടെ മധുരം നുണയാമായിരുന്നു. അതിനു സർവ്വേശ്വരൻ നമ്മെയെ ല്ലാവരെയും സഹായിക്കട്ടെ.

ഈ ഗ്രന്ഥത്തിൻെറ അച്ചടിയുടെയും പ്രകാശനത്തിൻെറയും പിന്നിൽ അദ്ധ്വാനിച്ച സുമനസ്സുകൾ ഏറെയാണ്. അവരെ പേരു

പറഞ്ഞും നന്ദി പറഞ്ഞും അലോസരപ്പെടുത്താൻ ഞാനിപ്പോൾ ആഗ്രഹിക്കുന്നില്ല.

എങ്കിലും ഉള്ളത്തിൽ തൊടുന്ന ഒരു നല്ല അവതാരിക എഴുതി എന്നെ ആദരിച്ച ബഹുമാനപ്പെട്ട ഔസേഫ് അച്ചനോടുള്ള എന്റെ കടപ്പാടും സ്നേഹവും നന്ദിയും ഞാനിവിടെ പ്രകാശിപ്പിച്ചുകൊള്ളട്ടെ.

സ്വർഗ്ഗം എന്ന അക്ഷയനിക്ഷേപം ഏവർക്കും സംപ്രാപ്തമാകട്ടെ എന്ന് ആശംസിച്ചുകൊണ്ട്,

നിങ്ങളുടെ വിനീത വിധേയൻ,

എം.വൈ. യോഹന്നാൻ

# ഒന്ന്

*''വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട്
നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം
നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്.''
റോമർ 5:1.*

ബൈബിളിൽ പുതിയ നിയമ11ത്തിലെ ഇരുപത്തേഴു പുസ്തകങ്ങളിൽ പകുതിയിലധികവും - അതായത് പതിന്നാലെണ്ണം, അപ്പോസ്തലനായ പൗലോസ് ആണ് എഴുതിയത്. കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ പ്രചുരപ്രചാരത്തിനുവേണ്ടി തന്നത്താൻ ത്യജിച്ചുള്ള അപ്പോസ്തലന്റെ അക്ഷീണപരിശ്രമങ്ങൾ ക്രൈസ്തവസഭയുടെ ചരിത്രത്തിലെ രജതരേഖകളാണ്. പൗലോസ് അപ്പോസ്തലന്റെ ജീവിതാദർശം അദ്ദേഹംതന്നെ പറയുന്നത് കേൾക്കുമ്പോൾ നമുക്ക് മനസ്സിലാകും, എത്ര ഉദാത്തവും ഉന്നതവുമായ ചിന്താഗതിയാണ് അദ്ദേഹത്തെ ഭരിച്ചിരുന്നതെന്ന്.

''ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല; എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിന് സാക്ഷ്യം പറയേണ്ടതിന്നു കർത്താവായ യേശു തന്ന ശുശ്രൂഷയും തികെക്കേണം എന്നേ എനിക്കുള്ളു.'' അപ്പോസ്തലപ്രവൃത്തികൾ 20:24.

''യവനൻമാർക്കും ബർബ്ബരൻമാർക്കും ജ്ഞാനികൾക്കും ബുദ്ധിഹീനർക്കും ഞാൻ കടക്കാരൻ ആകുന്നു.... സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല. വിശ്വസിക്കുന്ന ഏവന്നും

ആദ്യം യഹൂദന്നും പിന്നെ യവനന്നും അതു രക്ഷക്കായി ദൈവ ശക്തിയാകുന്നുവല്ലോ.'' റോമർ 1:14-16.

''നിർബ്ബന്ധം എൻെറമേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്കു അയ്യോ കഷ്ടം!'' 1 കൊരിന്ത്യർ 9:16.

''എങ്കിലും എനിക്കു ലാഭമായിരുന്നത് ഒക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്ന് എണ്ണിയിരിക്കുന്നു. അത്രയു മല്ല, എൻെറ കർത്താവായ ക്രിസ്തുയേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിൻെറ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതം എന്നു എണ്ണുന്നു.... ഞാൻ അവൻെറ നിമിത്തം എല്ലാം ഉപേക്ഷിച്ചു ചവറു എന്നു എണ്ണുന്നു.'' ഫിലിപ്പിയർ 3:7-11.

നവീകരണപ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവായ മാർട്ടിൻ ലൂഥർ തിരുവചനത്തിൻെറ കാതലായ ആശയമെന്തെന്ന് അപ്പോസ്തലനായ പൗലോസിൻെറ റോമർക്കെഴുതിയ ലേഖന ത്തിൽനിന്നും ഗാഢമായും അവഗാഹമായും ഗ്രഹിച്ചു. അത് **“The doctrine of justification by grace through faith in Christ without works”** എന്നതാണ് - ക്രിസ്തുവിലുള്ള വിശ്വാസത്താൽ, പ്രവൃത്തികൾ കൂടാതെ, കൃപയാലുള്ള നീതീകരണം.

എഫെസ്യലേഖനത്തിൽ ആ ആശയം വ്യക്തമായി വി. പൗലോസ് പറയുന്നുണ്ട്:

''കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരി ക്കുന്നത്; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിൻെറ ദാന മത്രേയാകുന്നു.'' എഫെസ്യർ 2:8.

മാർട്ടിൻ ലൂഥറിൻെറ ഉപദേശങ്ങളുടെ സാരസംഗ്രഹവും കേന്ദ്രവും തന്നെ, നമ്മുടെ പാപങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റു ജീവിക്കുന്ന ക്രിസ്തു എന്നതാണ്. ലൂഥർ

ഇതിനെ ''ക്രൂശിൻെറ ദൈവശാസ്ത്രം'' - "Theory of the Cross" എന്നാണ് വിളിക്കുന്നത്.

വി. പൗലോസിൻെറ റോമർക്കെഴുതിയ ലേഖനമാണ് മാർട്ടിൻ ലൂഥറിനെ ഇളക്കിമറിച്ചത്. റോമർ 1:17-ൽ ''നീതിമാൻ വിശ്വാസത്താൽ ജീവിക്കും'' എന്ന വാക്യം ലൂഥറിനെ ആഴമായി സ്പർശിച്ചു. മതത്തിൻെറ വേലിക്കെട്ടുകളിൽനിന്ന് ലൂഥറിനെ ''വിശ്വാസംമൂലം കൃപയാലുള്ള രക്ഷയുടെ സന്തോഷത്തികവി ലേക്ക്'' നയിച്ചത് റോമർ 1:17 ആണ്.

ലൂഥറിൻെറ നവീകരണ പ്രസ്ഥാനവും ജോൺ വെസ്ലി യുടെ കാലത്തെ ആത്മീയ ഉണർവ്വും മുളച്ചുവളർന്നത് റോമർ ലേഖനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന വിശ്വാസത്താലുള്ള നീതീകരണം എന്ന ഗൗരവമേറിയ സത്യത്താലത്രേ.

റോമർ ലേഖനം എ.ഡി. 56-ാമാണ്ടിൽ വി. പൗലോസ് കൊരിന്തിൽവെച്ച് എഴുതിയതാണ്. കെംക്രെയസഭയിലെ ശുശ്രൂ ഷക്കാരത്തിയായ (deaconess) ഫേബയുടെ കൈയിൽ റോമി ലുള്ള ക്രിസ്ത്യാനികൾക്ക് അപ്പോസ്തലൻ കൊടുത്തയച്ചതാണ് ഈ ലേഖനം. റോമർ 16:1.

1738-ൽ ജോൺ വെസ്ലി വിതുമ്പിക്കൊണ്ട് പറഞ്ഞു:

**"I went to America to convert the Indians. But oh! who shall convert me?"** ''ഞാൻ അമേരിക്കയിൽ അവിടെയുള്ള ഇൻഡ്യാ ക്കാരെ മാനസാന്തരപ്പെടുത്താൻ പോയി. പക്ഷേ, ഹാ കഷ്ടം! എന്നെ ആര് മാനസാന്തരപ്പെടുത്തും?''

അഗാധമായ കുറ്റബോധവും പശ്ചാത്താപവും വെസ്ലിക്കു ണ്ടായി. ഹൃദയത്തിലെ മരവിപ്പും മടുപ്പുംകൊണ്ട് വലഞ്ഞിരുന്ന സമയത്താണ് 1738 മെയ് 24-ാം തീയതി ലണ്ടനിൽ അദ്ദേഹം ഒരു മീറ്റിംഗിന് പോയത്. അന്ന് അവിടെ ഒരത്ഭുതം നടന്നു. വെസ്ലി പറയുന്നു:

‘‘ഒൻപത് മണിയാകാൻ ഏതാണ്ട് പതിനഞ്ചു മിനിട്ടുള്ളപ്പോൾ എൻെറ ഹൃദയം പതിവില്ലാതെ ചൂടുപിടിക്കാൻ തുടങ്ങി. ഞാൻ ക്രിസ്തുവിൽ ഒരു നിറഞ്ഞ വിശ്വാസം പ്രാപിച്ചു എന്നെനിക്കു മനസ്സിലായി. രക്ഷയ്ക്കായി, ക്രിസ്തുവിൽ വലിയൊരു വിശ്വാസം എന്നിലുണ്ടായി. ക്രിസ്തു എൻെറ പാപങ്ങളെല്ലാം നീക്കിക്കളഞ്ഞു എന്നും പാപത്തിൽനിന്നും മരണത്തിൽനിന്നും ക്രിസ്തു എന്നെ രക്ഷിച്ചു എന്നും ഞാൻ വ്യക്തമായി അനുഭവിച്ചു.’’

അന്ന് അദ്ദേഹം കേട്ടത് മാർട്ടിൻ ലൂഥർ റോമർക്കെഴുതിയ ലേഖനത്തിൻെറ ആമുഖത്തെക്കുറിച്ചുള്ള പ്രസംഗമാണ്. ഇംഗ്ലണ്ടിനെ മുഴുവൻ കുലുക്കിയ സുപ്രസിദ്ധമായ ആത്മീയ ഉണർവ്വിന് വെസ്ലിയെ കർത്താവ് ഉപയോഗിച്ചത് ആ സംഭവത്തെത്തുടർന്നാണ്.

വിശ്വാസംമൂലം കൃപയാലുള്ള നീതീകരണം എന്ന വസ്തുത മാർട്ടിൻ ലൂഥറിനെയും ജോൺ വെസ്ലിയെയും രൂപാന്തരപ്പെടുത്തിയതുപോലെ നൂറ്റാണ്ടുകളായി അനേകരെ മാറ്റിമറിച്ചുകൊണ്ടിരിക്കുന്നു.

നീതീകരണത്തിൻെറ ഏറ്റവും നല്ല ദൃഷ്ടാന്തം ബൈബിളിൽ ലേവ്യാപുസ്തകം പതിനാറാം അദ്ധ്യായത്തിൽ കാണാം.

രണ്ട് കോലാട്ടുകൊറ്റൻമാരെ യാഗപീഠത്തിങ്കൽ കൊണ്ടുവരുന്നു. അവയിലൊന്നിനെ യാഗത്തിനായി തെരഞ്ഞെടുക്കുന്നു. ആ ആട്ടുകൊറ്റനെ കൊന്ന് അതിൻെറ രക്തം അതിവിശുദ്ധസ്ഥലത്തേക്ക് കൊണ്ടുപോകുന്നു. അത് കൃപാസനത്തിൽ തളിക്കുന്നു. പിന്നീട് കുറച്ചു രക്തം യാഗപീഠത്തിൻെറ കൊമ്പുകളിൽ പുരട്ടുന്നു.

അനന്തരം അഹറോൻ രണ്ടു കൈയും ജീവനുള്ള ആട്ടുകൊറ്റൻെറ തലയിൽവെച്ച്, യിസ്രായേൽ മക്കളുടെ സകല പാപ

ങ്ങളും ഏറ്റുപറഞ്ഞ് ആ പാപമെല്ലാം ആ ആട്ടുകൊറ്റൻെറമേൽ ചുമത്തി അതിനെ മരുഭൂമിയിലേക്ക് കൊണ്ടുപോയി വിടുന്നു.

ഇത് കർത്താവായ യേശുക്രിസ്തു മനുഷ്യജാതിയുടെ പാപം തൻെറമേൽ ഏറ്റ് പാപത്തെ ചുമന്നൊഴിക്കുന്നതിനെ പ്രതീകാത്മകമായി പ്രദർശിപ്പിക്കുന്നതത്രേ. ‘‘ഇതാ, ലോകത്തിൻെറ പാപം ചുമന്നൊഴിക്കുന്ന ദൈവത്തിൻെറ കുഞ്ഞാട്’’ എന്ന് യോർദ്ദാൻ ആറ്റിൻെറ തീരത്തു നിന്നുകൊണ്ട് യോഹന്നാൻ സ്നാപകൻ ചൂണ്ടിക്കാണിച്ച ക്രിസ്തു മനുഷ്യരുടെ പാപം വഹിക്കുന്നു എന്ന സത്യം നാമറിയേണ്ടതാണ്. അതറിയുകയും വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതാണ് രക്ഷ അനുഭവിക്കുവാൻ നിത്യനായ ദൈവം ഒരുക്കിയിരിക്കുന്ന ദൈവസ്നേഹത്തിൻെറ വഴി.

ക്രിസ്തുവിൻെറ ക്രൂശുമരണത്താലും ഉയിർത്തെഴുന്നേല്പിനാലും മനുഷ്യന് വീണ്ടെടുപ്പ് ലഭിക്കുകയാണ്. പാപിയെ പാപത്തിൻെറയും പിശാചിൻെറയും അടിമത്തത്തിൽനിന്ന് വിലയ്ക്ക് വാങ്ങി സ്വതന്ത്രനാക്കുന്നു.

ഡോ. ജി. കാംപ്ബെൻ മോർഗൻ ഈ സൗജന്യമായ രക്ഷയെ ഒരു കൽക്കരിഖനിയിലെ ജോലിക്കാരന് മനസ്സിലാക്കിക്കൊടുക്കുകയായിരുന്നു. അവന് അത് ഗ്രഹിക്കാൻ കഴിഞ്ഞില്ല. ‘‘എൻെറ രക്ഷയ്ക്ക് ഞാൻ എന്തെങ്കിലും വില കൊടുത്തേ പറ്റൂ. എനിക്ക് സൗജന്യമായി അത് കിട്ടുകയില്ല’’ എന്ന് അവൻ പറഞ്ഞുകൊണ്ടിരുന്നു.

മോർഗൺ ചോദിച്ചു: ‘‘നിങ്ങൾ ഇന്ന് രാവിലെ ഖനിയിലേക്ക് ഇറങ്ങിയതെങ്ങനെയാണ്?’’

‘‘അതെന്ത് എളുപ്പമായിരുന്നു! ഞാൻ എലിവേറ്ററിൽ കയറി നിന്നു. അങ്ങനെ താഴെ എത്തി.’’

‘‘അതത്ര എളുപ്പമായിരുന്നോ? നിങ്ങൾക്ക് ഒരു ചെലവുമില്ലായിരുന്നോ?’’

''ഇല്ല, എനിക്ക് ചെലവ് ഒന്നും വേണ്ടിവന്നില്ല. എന്നാൽ ആ എലിവേറ്റർ അവിടെ വെയ്ക്കുന്നതിന് കമ്പനിക്ക് നല്ല ചെലവു ചെയ്യേണ്ടിവന്നു.''

അതേ, രക്ഷ എനിക്ക് സൗജന്യമാണ്. ഞാൻ ഒരു ചെലവും ചെയ്തില്ല, ഞാൻ രക്ഷ പ്രാപിക്കാൻ. എന്നാൽ പിതാവായ ദൈവം അതിന് വലിയ ചെലവു ചെയ്തു. തന്റെ ഏകജാത നായ തിരുക്കുമാരന്റെ വിലയേറിയ ജീവൻ.

അടിമ വ്യവസായം നടക്കുന്ന കാലം. അടിമകളെ ചന്തയിൽ വില്ക്കാൻ കൊണ്ടുവന്ന് നിറുത്തിയിരിക്കയാണ് ഒരടിമ, അയാളുടെ ഭാര്യയും അടിമ, മകനും അടിമ. അവരുടെ ഉടമസ്ഥൻ അവരെ വില്ക്കാൻ കൊണ്ടുവന്നിരിക്കയാണ്.

അടിമകൾ മൂവരും ഏങ്ങലടിച്ചു കരയുകയാണ്. കാരണം ഓരോരുത്തർ അവരെ വാങ്ങിക്കൊണ്ടുപോയാൽ ഇനി പിന്നെ കാണുകയില്ലല്ലൊ. ദുഃഖം താങ്ങാനാവുന്നില്ല.

അതിൽ അപ്പനെ ഒരാൾ വാങ്ങി. അമ്മയെ മറ്റൊരാൾ വാങ്ങി, മകനെ വേറൊരാളും വാങ്ങി. മൂവരും മൂന്ന് യജമാനൻമാരുടെ കൂടെ പോകാൻ തുടങ്ങുമ്പോൾ അവരുടെ മുറവിളി കണ്ട് ഒരു നല്ല മനുഷ്യന് ആർദ്രത തോന്നി. അദ്ദേഹം വൻതുക കൊടുത്ത് മൂവരെയും വാങ്ങി.

ഇപ്പോൾ അടിമകൾ മൂന്നു പേർക്കും വലിയ സന്തോഷമായി അപ്പോഴുണ്ട് പുതിയ യജമാനൻ അവരോട് പറയുന്നു:

''നിങ്ങൾ സ്വതന്ത്രരായി പൊയ്ക്കൊള്ളുക. പൂർണ്ണ സ്വതന്ത്ര രായി ഒരുമിച്ച് ജീവിച്ചുകൊള്ളുക.''

ഈ വാക്കു കേട്ട് അവർ അത്ഭുതസ്തബ്ധരായി നിന്നു. അവർ ഓടിച്ചെന്ന് യജമാനന്റെ കാൽക്കൽ വീണു. ''ഇല്ല,

യജമാനനേ, ഞങ്ങൾ സ്വതന്ത്രരായി പോകുന്നില്ല. ഞങ്ങൾക്ക് സ്വാതന്ത്ര്യത്തേക്കാൾ വിലപ്പെട്ടത് അങ്ങയുടെ സ്നേഹത്തിന്റെ അടിമത്തമാണ്.''

ഇതാണ് സൗജന്യമായ വീണ്ടെടുപ്പ്. വലിയ വില കൊടുത്താണ് സ്വാതന്ത്ര്യം തരുന്നത്. ആ സൗജന്യ സ്നേഹത്തിന്റെ മാധുര്യം അനുഭവിക്കുമ്പോൾ ആ സ്നേഹത്തെ വിട്ടുപോകാൻ സാധിക്കാതെ വരുന്നു. അതാണ് പാപത്തോട് അറപ്പും വെറുപ്പും വരാൻ കാരണം.

ഈ കാര്യത്തിന്റെ വ്യക്തമായ ദൃഷ്ടാന്തം പുറപ്പാടു പുസ്തകം ഇരുപത്തൊന്നാം അദ്ധ്യായം ഒന്നു മുതൽ ഏഴു വരെയും ആവർത്തനപുസ്തകം പതിനഞ്ചാം അദ്ധ്യായം പന്ത്രണ്ടു മുതൽ പതിനെട്ടു വരെയും ഉള്ള വാക്യങ്ങളിൽ വിവരിച്ചിട്ടുണ്ട്.

ഏത് അടിമയെയും ഏഴാം സംവത്സരത്തിൽ മോചിപ്പിക്കണമെന്നുള്ളത് യിസ്രായേലിന്റെ ചട്ടമാണ്.

''എന്നാൽ ദാസൻ: ഞാൻ എന്റെ യജമാനനെയും എന്റെ ഭാര്യയെയും മക്കളെയും സ്നേഹിക്കുന്നു; ഞാൻ സ്വതന്ത്രനായി പോകയില്ല എന്നു തീർത്തുപറഞ്ഞാൽ യജമാനൻ അവനെ ദൈവസന്നിധിയിൽ കൂട്ടിക്കൊണ്ടുചെന്നു കതകിന്റെയോ കട്ടളക്കാലിന്റെയോ അടുക്കൽ നിറുത്തീട്ടു സൂചികൊണ്ട് അവന്റെ കാത് കുത്തി തുളക്കേണം. പിന്നെ അവൻ എന്നേക്കും അവന്നു ദാസനായിരിക്കേണം.'' പുറപ്പാട് 21:5-6.

സൗജന്യമായി നീതീകരണം ലഭിക്കുന്നത് വിശ്വാസത്താലാണ്. ''വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്.''

നീതീകരണം മൂലം മാത്രമേ ദൈവത്തോട് സമാധാനം അഥവാ, നിരപ്പ് ലഭിക്കുകയുള്ളൂ. ദൈവത്തോടുള്ള സമാധാനത്തിന് തടസ്സം നമ്മുടെ പാപമാണ്.

''രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല; കേൾപ്പാൻ കഴിയാതവണ്ണം അവൻെറ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്; നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവൻെറ മുഖത്തെ നിങ്ങൾക്കു മറെക്കുമാറാക്കിയത്.'' യെശയ്യാ 59:1-2.

സ്നേഹിതാ, പ്രിയ സഹോദരീ, നീ ക്രിസ്തുവിൻെറ ക്രൂശിലെ യാഗത്താൽ ദൈവത്തിൻെറ സന്നിധിയിൽ സൗജന്യ നീതീകരണം പ്രാപിച്ചുവോ? കുറ്റവാളിയെ കുറ്റമില്ലാത്തവൻ എന്ന് മുദ്രകുത്തുന്ന ക്രൂശിലെ വീണ്ടെടുപ്പ് നീ അനുഭവമാക്കിയോ? നീതീകരണത്തിൻെറ അത്ഭുത സമാധാനം അനുഭവിക്കാൻ നീ കൊതിക്കുന്നുവോ? എങ്കിൽ ഇപ്പോൾ നിൻെറ സമീപത്തു നിൽക്കുന്ന ക്രിസ്തുവിനോടു പറയൂ:

നാഥാ, ഇന്നുവരെ ഞാൻ നീതികെട്ടവനും കുറ്റവാളിയുമായി ജീവിച്ചു. എന്നെ കുറ്റമില്ലാത്തവനാക്കാൻ അവിടന്ന് എനിക്കുവേണ്ടി കുറ്റമില്ലാത്ത രക്തം ചിന്തി എന്ന് ഞാൻ വിശ്വസിക്കുന്നു. ഞാനിതാ എന്നെത്തന്നെ അവിടത്തെ ആണിപ്പാടുള്ള പാദത്തിൽ സമർപ്പിക്കുന്നു. അവിടത്തെ തിരുരക്തത്തിൻെറ മുദ്ര എനിക്ക് തരണമേ. എന്നെ ഒരു പുതിയ സൃഷ്ടിയാക്കണമേ. യേശുക്രിസ്തുവിൻെറ നാമത്തിൽ യാചിക്കുന്നു. ആമ്മീൻ.

★ ★ ★

## രണ്ട്

*“വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട്*
*നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം*
*നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്.”*
*റോമർ 5:1.*

വിശ്വാസത്താലുള്ള നീതീകരണമാണ് രക്ഷയുടെ മർമ്മം. വിശ്വാസത്താലുള്ള നീതീകരണമാണ് റോമർക്കെഴുതിയ ലേഖനത്തിന്റെ കാതൽ. റോമർ ഒന്നാം അദ്ധ്യായത്തിൽ ജാതികളെല്ലാം പാപികളാണെന്ന് പറയുന്നു. റോമർ രണ്ടാം അദ്ധ്യായത്തിൽ യഹൂദൻമാരെല്ലാം പാപികളാണെന്ന് പറയുന്നു. റോമർ മൂന്നാമദ്ധ്യായത്തിൽ സകല മനുഷ്യരും പാപികളാണെന്ന് പറയുന്നു.

“നീതിമാൻ ആരുമില്ല. ഒരുത്തൻ പോലുമില്ല. ഗ്രഹിക്കുന്നവൻ ഇല്ല, ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല. എല്ലാവരും വഴിതെറ്റി, ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു. നൻമ ചെയ്യുന്നവനില്ല, ഒരുത്തൻ പോലുമില്ല. റോമർ 3:10-12.

“ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു, അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്. വിശ്വസിക്കുന്നവർക്കു അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു.” റോമർ 3:23-25.

‘‘ദൈവം നീതിമാനും യേശുവിൽ വിശ്വസിക്കുന്നവനെ നീതീകരിക്കുന്നവനും’’ ആകുന്നു എന്ന് റോമർ 3:26-ൽ അപ്പോസ്തലൻ പറയുന്നുണ്ട്.

സൗജന്യമാണ് നീതീകരണം. നീതികെട്ടവനെ നീതിമാൻ എന്ന് മുദ്രകുത്തുന്നതാണ് നീതീകരണം. കുറ്റവാളിയെ കുറ്റമി ല്ലാത്തവൻ എന്ന് അംഗീകരിക്കുന്നതും പരസ്യമായി പ്രഖ്യാപി ക്കുന്നതും ആണ് നീതീകരണം.

അത് പ്രാപിക്കാനുള്ള വ്യവസ്ഥയെന്താണ്? വിശ്വസി ക്കുക എന്നതുമാത്രം.

‘‘വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തി യിരിക്കുന്നു.’’ റോമർ 3:25.

മിസ്രയീമിൽനിന്ന് കനാനിലേക്ക് യാത്ര ചെയ്ത ജനം മരു ഭൂമിയിൽകൂടി പോകുമ്പോൾ ദൈവത്തിനും മോശയ്ക്കും എതിരായി പിറുപിറുത്തു. അപ്പോൾ അവരുടെയിടയിൽ അഗ്നിസർപ്പങ്ങൾ വന്ന് അവരെ കടിക്കുകയും കടിയേറ്റവർ പാമ്പിന്റെ ഉഗ്രവിഷമേറ്റ് മരിക്കുകയും ചെയ്തു. അഗ്നി സർപ്പങ്ങൾ ഓരോ യിസ്രായേല്യപാളയത്തിലും കടന്നുചെന്ന് അനേകരെ കടിച്ചു. പാളയത്തിലെല്ലാം കൂട്ടക്കരച്ചിലായി.

മോശ ജനത്തിനുവേണ്ടി ദൈവത്തോടപേക്ഷിച്ചു. ദൈവം അരുളിച്ചെയ്തു:

‘‘ഒരു അഗ്നിസർപ്പത്തെ ഉണ്ടാക്കി കൊടിമരത്തിൻമേൽ തൂക്കുക. കടിയേൽക്കുന്നവൻ ആരെങ്കിലും അതിനെ നോക്കി യാൽ ജീവിക്കും. മോശ താമ്രംകൊണ്ട് ഒരു സർപ്പത്തെ ഉണ്ടാക്കി കൊടിമരത്തിൻമേൽ തൂക്കി.’’ സംഖ്യാപുസ്തകം 21:8.

കർത്താവായ യേശുക്രിസ്തുവിൻെറ ക്രൂശുമരണം മൂലം സാത്താന്യവിഷത്തിൽനിന്ന് മനുഷ്യജാതി രക്ഷപ്പെടുന്നതിൻെറ ഒരു നിഴലാണ് ഈ സന്ദർഭം.

നീക്കോദിമോസിനോട് സംസാരിക്കുമ്പോൾ കർത്താവ് പറഞ്ഞു:

''മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിന്നു തന്നേ.'' യോഹന്നാൻ 3:14-15.

സങ്കല്പിക്കൂ. യിസ്രായേൽ പാളയത്തിൽ ഒരാൾ സർപ്പത്തിൻെറ കടിയേറ്റു വേദനിച്ചു പുളഞ്ഞു കരയുകയാണ്. ഏതാനും മിനിട്ടുകൾക്കുള്ളിൽ അയാൾ മരിക്കും.

അപ്പോൾ ഇതാ, ഒരാൾ ആ കൂടാരത്തിലേക്ക് ഓടിച്ചെല്ലുന്നു.

''സ്നേഹിതാ, അഗ്നിസർപ്പത്തിൻെറ കടിയേറ്റവരാരും മരിക്കേണ്ട ആവശ്യം ഇല്ല. ആരും നിരാശപ്പെടേണ്ട. നിത്യസ്നേഹമായ ദൈവം നമുക്ക് രക്ഷപ്പെടാൻ ഒരത്ഭുതപദ്ധതി ക്രമീകരിച്ചിരിക്കുന്നു. നോക്കൂ. ആ കൊടിമരത്തിൻെറ മുകളിലെ താമ്രസർപ്പത്തിലേക്ക്. അയ്യോ, താമസിക്കല്ലേ. ഒന്നു നോക്കിയാൽ മതി. മരിക്കയില്ല, ജീവൻ പ്രാപിക്കും.''

ഇതു കേട്ടുകൊണ്ട് കിടന്ന രോഗി പറയുന്നു:

''നിങ്ങൾ എന്ത് വിഡ്ഢിത്തമാണിപ്പറയുന്നത്. പാമ്പ് എന്നെ കടിച്ചപ്പോൾ വിഷം എൻെറ ശരീരത്തിൽ കടന്നു. എൻെറ രക്തത്തിൽ വിഷം കലർന്ന് എൻെറ ശരീരമാസകലം വ്യാപിച്ചിരിക്കുന്നു. അങ്ങു ദൂരെയുള്ള പിച്ചളസർപ്പത്തിലേക്ക് നോക്കിയാൽ എൻെറ ശരീരത്തിൽ ലയിച്ചിരിക്കുന്ന വിഷം

എങ്ങനെ പോകും? എൻെറ ശരീരത്തിൽ ഒന്ന് മരുന്ന് കുത്തി വെയ്ക്കുകയോ എന്തെങ്കിലും മരുന്ന് എനിക്ക് കുടിപ്പാൻ തരികയോ അല്ലെങ്കിൽ കടിയേറ്റ ഭാഗത്ത് മരുന്ന് പുരട്ടുകയോ ചെയ്യുകയാണെങ്കിൽ എനിക്ക് മനസ്സിലാക്കാം. ഞാനേതായാലും ഈ വിഡ്ഢിത്തത്തിനില്ല.''

അയാൾ വിഷബാധയിൽ ബോധമറ്റ് കിടന്നു. കുറെ നേരം കഴിഞ്ഞപ്പോൾ അയാൾ മരിച്ചു.

എന്നാൽ അടുത്ത കൂടാരത്തിൽ ഓടിച്ചെല്ലുന്നു. ''സ്നേഹിതാ, മരിക്കണ്ട, നോക്കൂ, ആ പിച്ചളസർപ്പത്തിലേക്ക്. രക്ഷ കിട്ടും.''

അയാൾ ബോധം കെടാൻ തുടങ്ങുകയായിരുന്നു. തളർന്നു കിടക്കുകയായിരുന്നു. തല പൊക്കാൻ വയ്യാതായിക്കഴിഞ്ഞു. ചെരിഞ്ഞു കിടന്നുകൊണ്ടുതന്നെ ദൂരെ നാട്ടിയിരിക്കുന്ന പിച്ചളസർപ്പത്തിലേക്ക് നോക്കി. എന്തൊരത്ഭുതം! തളർച്ച മാറി; ക്ഷീണം മാറി; കണ്ണു തെളിഞ്ഞു; ചാടിയെഴുന്നേറ്റു.

അയാളും പുറത്തു കടന്ന് അടുത്ത കൂടാരത്തിലേക്കോടുകയാണ്. അവിടെ മരിക്കാറായി വിഷബാധയേറ്റു കിടക്കുന്നവരോട് പറകയാണ്:

''അയ്യോ, നിങ്ങളാരും മരിക്കേണ്ട. ഞാൻ നോക്കി ആ പിച്ചള സർപ്പത്തിലേക്ക്. ഞാൻ മരിക്കാറായവനായിരുന്നു. ഞാൻ നോക്കിയ ഉടനെ ഞാൻ രക്ഷപ്പെട്ടു. നിങ്ങളും നോക്കൂ ആ പിച്ചള സർപ്പത്തിലേക്ക്. രക്ഷപ്പെടാം. ആരും മരിക്കണ്ട. ദൈവം നമുക്ക് രക്ഷപ്പെടാൻ വെച്ചിരിക്കുന്ന ഈ അത്ഭുതപദ്ധതിയിൽ നമുക്ക് ചേരാം.''

ഇതാ, കൂടാരങ്ങളിൽ നടന്ന് സാക്ഷ്യം പറയുന്നവരുടെ എണ്ണം വർദ്ധിക്കുന്നു. ബുദ്ധിയിൽ വിശകലനം ചെയ്താൽ മനസ്സിലാകുമോ? ശാസ്ത്രബോധത്തിനോ, യുക്തിചിന്തയ്ക്കോ,

വിധേയപ്പെടുകയില്ലല്ലോ ആത്മീയം. സകല ബുദ്ധിയും താഴെ വെച്ച് കണ്ണടച്ചു വിശ്വസിക്കുക, ക്രിസ്തുവിൻെറ ക്രൂശുമരണ മാണ് പാപിയുടെ രക്ഷയ്ക്കു നിദാനമെന്ന്.

നാം ക്ഷീണിച്ചുവരുമ്പോൾ നമുക്കൊരു ഗ്ലാസ് പാൽ തരുന്നു. നാം കുടിക്കാതെ പറയുന്നു: ഇതൊന്നു പരിശോധിച്ചു നോക്കട്ടെ. ഇതിൽ എത്ര ശതമാനം proteins ഉണ്ട്, fat എത്രയുണ്ട്, milk sugar എത്രയുണ്ട്, water content എത്രയുണ്ട്. ഇതെല്ലാം പരിശോധിച്ചുകൊണ്ടിരുന്നാൽ പാൽ കുടിക്കുമ്പോൾ കിട്ടുന്ന പോഷണം കിട്ടുമോ? ഇല്ലല്ലോ. പാൽ മുഴുവൻ കുടിക്കൂ. അപ്പോൾ പാലിനകത്തുള്ള പോഷകങ്ങളെല്ലാം നമുക്ക് ലഭിക്കും.

അതുകൊണ്ടാണ് അപ്പോസ്തലനായ പൗലോസ് പറഞ്ഞത്:

''ക്രൂശിൻെറ വചനം നശിച്ചുപോകുന്നവർക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു.'' 1 കൊരിന്ത്യർ 1:18.

''ദൈവത്തിൻെറ ജ്ഞാനത്തിൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്കകൊണ്ട് വിശ്വസിക്കുന്നവരെ പ്രസംഗത്തിൻെറ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിന്നു പ്രസാദം തോന്നി.'' 1 കൊരിന്ത്യർ 1:21.

ഒന്നും ചിന്തിക്കണ്ട; ഒന്നും ഗ്രഹിക്കണ്ട; ഒന്നും പരീക്ഷിക്കണ്ട; ഒന്നും നിരീക്ഷിക്കണ്ട; ഒന്നും ചികഞ്ഞു നോക്കണ്ട. വിശ്വസിക്കമാത്രം ചെയ്ക.

വിശ്വാസത്താലുള്ള നീതീകരണത്തിൻെറ സൗഭാഗ്യം അനുഭവിക്കുന്ന ഒരു ദൈവപൈതലാണ് ആരക്കുന്നത്ത് കുഴിയേലിൽ പ്രിയപ്പെട്ട ജോർജ്ജുകുട്ടി. P.W.D. എഞ്ചിനീയർ മത്തായി സാറിൻെറ മകനാണ് ജോർജ്ജുകുട്ടി. അമ്മ പുത്തൻകുരിശ് യാക്കോബായ പള്ളി വികാരിയായിരുന്ന മൊതാൽ പരേതനായ ബഹുമാനപ്പെട്ട പത്രോസ് അച്ചൻെറ മകൾ.

ജോർജ്ജുകുട്ടിയുടെ ജീവിതാനുഭവങ്ങൾ നമുക്ക് ഒന്ന് ചോദിച്ചറിയാം.

ജോർജ്ജുകുട്ടിയുടെ ജീവിതത്തിൻെറ ആദ്യകാലാനുഭവങ്ങൾ എന്തെല്ലാമാണ്?

മുളന്തുരുത്തിയിലെ വളരെ പുരാതനമായ ഒരു യാക്കോബായ തറവാടാണ് ഞങ്ങളുടെ കുഴിയേലിൽ കുടുംബം. എൻെറ അപ്പൻ വളരെ കർക്കശസ്വഭാവമുള്ള ആളായിരുന്നതുകൊണ്ട് വളരെ അടുക്കും ചിട്ടയുമുള്ള ജീവിതമാണ് ഞങ്ങൾ നയിച്ചിരുന്നത്.

നോമ്പ്, നമസ്ക്കാരം, പള്ളിയാരാധന തുടങ്ങിയ എല്ലാ കാര്യങ്ങളും വളരെ സൂക്ഷ്മതയോടും കൃത്യതയോടുംകൂടി ഞങ്ങൾ ആചരിച്ചിരുന്നു. എന്നാൽ ക്രിസ്തു ആരാണെന്നോ പാപം കൂടാതെ ജിവിക്കണമെന്നോ നിത്യനരകമുണ്ടെന്നോ പാപം ജീവിതത്തിൽനിന്ന് മാറിയില്ലെങ്കിൽ നിത്യസ്വർഗ്ഗത്തിലെത്തുകയില്ലെന്നോ നരകത്തിലെത്തുമെന്നോ ഒന്നും എനിക്കറിഞ്ഞുകൂടായിരുന്നു.

പിന്നെ, ഈ അവസ്ഥ മാറിയതെങ്ങനെയാണ്?

1973, 74 കാലങ്ങളിൽ കോലഞ്ചേരി, പുത്തൻകുരിശ് മുതലായ സ്ഥലങ്ങളിൽ ആത്മീയ ഉണർവ്വുണ്ടായപ്പോൾ എൻെറ അമ്മയുടെ അപ്പൻ വന്ദ്യദിവ്യ ശ്രീ. മൊതാൽ പത്രോസ് അച്ചൻ മാനസാന്തരപ്പെട്ട് ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിനോട് ചേർന്നുനിന്നു. തുടർന്ന് എൻെറ അമ്മയുടെ സഹോദരൻമാർ രണ്ടുപേർ, സഹോദരിമാർ രണ്ടുപേർ എന്നിങ്ങനെ കുടുംബത്തിലെ അനേകർ ഈ കൂട്ടായ്മയോടു ചേർന്നുനിന്നു. അതിനെ തുടർന്നാണ് എൻെറ അപ്പനും അമ്മയും ഞങ്ങളും വചനം കേൾക്കാൻ വന്നത്. വചനം കേട്ട ആദ്യ ദിവസംതന്നെ ഞാൻ എൻെറ ജീവിതം കർത്താവിനു സമർപ്പിച്ചു.

സമർപ്പണത്തിനുശേഷമുള്ള അനുഭവമെന്തായിരുന്നു?

വലിയൊരു ശാന്തിയും സ്വസ്ഥതയും ഹൃദയത്തിലുണ്ടായി. എൻെറ അനേകം ദുശ്ശീലങ്ങളും ദുസ്സ്വഭാവങ്ങളും എന്നിൽനിന്ന് മാറിപ്പോയി. ഞാൻ പെട്ടെന്ന് കോപിക്കുന്ന പ്രകൃതമുള്ള ആളായിരുന്നു. എന്നാൽ മാനസാന്തരപ്പെട്ടതോടുകൂടി കോപം എന്നിൽനിന്ന് നിശ്ശേഷം മാറി. സിനിമയും റ്റി.വി.യും ഫോട്ടോഗ്രാഫിയും ജഡികോല്ലാസങ്ങളുമെല്ലാമായി സമയം പാഴാക്കിയിരുന്ന എനിക്ക് അവയെല്ലാം വിടുവാൻ ഒരത്ഭുത കൃപ കർത്താവു തന്നു.

പക്ഷേ, നാട്ടിലും വീട്ടിലും അവിശ്വാസികളായ മനുഷ്യരിൽനിന്ന് ശക്തമായ എതിർപ്പ് എനിക്ക് നേരിടേണ്ടിവന്നു. നിന്ദ, പരിഹാസം, ആക്ഷേപം എന്നിങ്ങനെയുള്ള പ്രയാസങ്ങളും ഉണ്ടായി. പക്ഷേ, അവയ്ക്കൊന്നിനും കർത്താവിനോടുള്ള ഭക്തിയിൽനിന്ന് എന്നെ പിന്തിരിപ്പിക്കാൻ കഴിഞ്ഞില്ല. സ്തോത്രം.

ഇന്നത്തെ അനുഭവമെന്താണ് ?

എൻെറ അപ്പൻ ആറു വർഷം മുമ്പ് ക്യാൻസർ ബാധിച്ചു മരിച്ചു. അതോടുകൂടി കുടുംബത്തിൻെറ ഭാരമെല്ലാം അമ്മയുടെ ചുമലിലായി. ഞാൻ അമ്മയെ ആവത് താങ്ങിക്കൊണ്ട് കർത്താവിൽ ആശ്രയിച്ച് നിൽക്കുകയാണ്.

എൻെറ രണ്ടു സഹോദരിമാരുടെ വിവാഹം, എൻെറ വിവാഹം ഇവയെല്ലാം വളരെ മനോഹരമായി കർത്താവ് നടത്തിത്തന്നു. അപ്പനില്ലാത്ത എനിക്ക് സ്വർഗ്ഗത്തിലെ അപ്പൻ എല്ലാ കാര്യങ്ങളും അതിശ്രേഷ്ഠമായി നടത്തിക്കൊണ്ടിരിക്കുന്നു. കുറെക്കാലം കുഞ്ഞുങ്ങളുണ്ടാകാതെ ഇരുന്ന ഞങ്ങൾക്ക് കർത്താവ് അനേകം ദൈവമക്കളുടെ പ്രാർത്ഥന കേട്ട് ഒരു കുഞ്ഞിനെ തന്നു. എൻെറ അമ്മയും എൻെറ സഹോദരിമാരും എൻെറ ഭാര്യയും ഞങ്ങളെല്ലാവരും ജീവിതം കർത്താവിന് സമർപ്പിച്ചവരായതുകൊണ്ട് വളരെ സമാധാനമായി കഴിയുന്നു.

ഇന്ന് ഞാൻ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൻെറ പ്രവർത്തനങ്ങളിൽ പൂർണ്ണ സന്തോഷത്തോടെ മുഴുകി കഴിയുന്നു. ദൈവത്തിന് സ്തോത്രം.

പ്രിയപ്പെട്ട ജോർജ്ജുകുട്ടിയുടെ ജീവിതത്തിൽ പാപക്ഷമയുടെ സുഖവും സന്തോഷവും നൽകിയ കർത്താവ് ഇന്നും ജീവിക്കുന്നു. സൗജന്യമായ നീതീകരണം അനുഭവിച്ചുകൊണ്ട് ജീവിക്കാൻ ജോർജ്ജുകുട്ടിയെ അനുഗ്രഹിച്ച ദൈവം ഇന്നും ജീവിക്കുന്നു.

പ്രിയ സ്നേഹിതാ, ഈ സൗജന്യ നീതീകരണം പ്രാപിക്കാൻ നീ കൊതിക്കുന്നുവോ? എങ്കിൽ നീതികെട്ടവനും കുറ്റവാളിയുമായ നിന്നെ കുറ്റമില്ലാത്തവൻ എന്ന് (not guilty) കല്പിക്കുവാൻ ആണിപ്പാടുള്ള കരങ്ങൾ നിൻെറ നേരെ നീട്ടിക്കൊണ്ട് നില്ക്കുന്ന ക്രിസ്തുവിനെ നീ ഇപ്പോളൊന്നു നോക്കൂ. ആ തിരുവിലാവിൽനിന്നൊഴുകുന്ന കുറ്റമറ്റ രക്തം, നിൻെറ പാപം മുഴുവൻ കഴുകിക്കളയുമെന്ന് നീ വിശ്വസിക്കൂ. കർത്താവേ, ആ തിരുരക്തത്തിൻെറ ഒരു തുള്ളി എൻെറ നെറ്റിയിലണിയിക്കണമേ എന്ന് നീ പ്രാർത്ഥിക്കൂ. സകല പാപവും പോക്കി നിന്നെ ശുദ്ധീകരിക്കുന്ന ആ പുണ്യാഹരക്തത്തിൽ നീ ആശ്രയിക്കൂ.

ദൈവം നിങ്ങളെ സൗജന്യ നീതീകരണത്തിലേക്ക് നടത്തട്ടെ.

★ ★ ★

# മൂന്ന്

*''സുവിശേഷത്തെക്കുറിച്ച് എനിക്കു ലജ്ജയില്ല; വിശ്വസിക്കുന്ന ഏവന്നും ആദ്യം യഹൂദന്നും പിന്നെ യവനന്നും അതു രക്ഷെക്കായി ദൈവശക്തിയാകുന്നുവല്ലോ. അതിൽ (സുവിശേഷത്തിൽ) ദൈവത്തിൻെറ നീതി വിശ്വാസം ഹേതുവായും വിശ്വാസത്തിന്നായിക്കൊണ്ടും വെളിപ്പെടുന്നു.'' റോമർ 1:16-17.*

**അപ്പോസ്തലനായ പൗലോസ് റോമർക്ക് എഴുതിയ ലേഖനത്തിൻെറ താക്കോൽ വാക്യമാണ് ഒന്നാമദ്ധ്യായം പതിനേഴാം വാക്യം. ''സുവിശേഷത്തിൽ ദൈവത്തിൻെറ നീതി വിശ്വാസം ഹേതുവായും വിശ്വാസത്തിന്നായിക്കൊണ്ടും വെളിപ്പെടുന്നു.''**

**Living Bible-ൽ ഈ വാക്യം ഇങ്ങനെ വായിക്കാം.** This Good News tells us that God makes us ready for Heaven - makes us right in God's sight - when we put our faith and trust in Christ to save us. This is accomplished from start to finish by faith.

**New International version-ൽ കാണുന്നത് ഇങ്ങനെയാണ്:**

**In the Gospel a righteousness from God is revealed a righteousness that is by faith from first to last.**

**സുവിശേഷം എന്ന സദ്വർത്തമാനം നമ്മെ അറിയിക്കുന്നത്, നമ്മെ ദൈവത്തിൻെറ ദൃഷ്ടിയിൽ കുറ്റമില്ലാത്തവരായി നിറുത്തുന്നു എന്നാണ്. അതായത് ദൈവം നമ്മെ സ്വർഗ്ഗരാജ്യത്തിൻെറ അവകാശത്തിന് ഒരുക്കുന്നു. അത് നമ്മെ രക്ഷിക്കുന്ന**

തിനുള്ള ക്രിസ്തുവിൻെറ ശക്തിയിൽ നാം ആശ്രയിച്ച് വിശ്വസി ക്കുന്നതിനാലാണ്. അങ്ങനെ ലഭിക്കുന്ന നീതീകരണം ആദിയോ ടന്തം ദൈവവിശ്വാസത്താലാണ് പ്രാപിക്കുന്നത്.

കുറ്റവാളികളായി നിത്യദണ്ഡനത്തിന് അർഹരായിരുന്ന നമ്മെ നിത്യനായ ദൈവം കുറ്റമില്ലാത്തവരെന്ന് പരിഗണിച്ചു. കുറ്റമില്ലാഞ്ഞിട്ടല്ല, കുറ്റം ദൈവം കണക്കിടാതെ തൻെറ പുത്രൻെറ രക്തത്താൽ നീതീകരണം നൽകുന്നതിനാലാണ് ഇത് സംഭവിക്കുന്നത്. കുറ്റം ചെയ്തവനെ ''ഇവൻ കുറ്റമില്ലാ ത്തവൻ'' എന്ന് മുദ്ര ചാർത്തിത്തരുന്ന സൗജന്യ നീതീകരണം ലഭിക്കുന്നത്, തൻെറ പുത്രനായ കർത്താവായ യേശുക്രിസ്തു വിൻെറ ത്യാഗമരണത്തിലും തിരുരക്തത്തിലും ഉള്ള വിശ്വാസ ത്താലാണ്. ഈ സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല എന്നാണ് അപ്പോസ്തലൻ ഇവിടെ പറയുന്നത്.

റോം ഒരു പുരാതന നഗരമായിരുന്നു. പ്രാചീന സംസ്ക്കാരം തഴച്ചു വളർന്നിരുന്ന ഒരു പട്ടണമായിരുന്നു റോം. **All roads lead to Rome** എന്നൊരു പഴഞ്ചൊല്ലുതന്നെ ഉണ്ടായി ട്ടുണ്ട്. വലിയ ആഭിജാത്യമുള്ള ഒരു പട്ടണമായിരുന്നു റോം. സുവിശേഷം ആരംഭിച്ച യരൂശലേം ആകട്ടെ റോം കീഴടക്കി ഭരി ച്ചുകൊണ്ടിരുന്ന ഒരു രാജ്യത്തിൻെറ തലസ്ഥാനം മാത്രം. അക്കാല ത്തിലെ ക്രിസ്ത്യാനികൾ സമൂഹത്തിലെ ഉന്നതശ്രേണിയിലു ള്ളവർ ആയിരുന്നില്ല. അവർ കേവലം സാധാരണക്കാരും അടിമ കളും ആയിരുന്നു. അനേകം തത്വജ്ഞാനികളെയും അവരുടെ ദാർശനിക വിജ്ഞാനത്തെയും റോമിന് പരിചയമായിരുന്നു. അങ്ങനെയിരിക്കെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റു എന്നു പറയുന്ന ഒരു യഹൂദനെ സംബന്ധിക്കുന്ന സുവിശേഷ ത്തിന് വില കൊടുക്കേണ്ട കാര്യമില്ല എന്നതായിരുന്നു റോമിലെ ജനങ്ങളുടെ ചിന്താഗതി.

ക്രിസ്ത്യാനികൾ പരസ്പരം സഹോദരൻമാരും സഹോദരി മാരുമായി കരുതിയിരുന്നു. എല്ലാവരും ക്രിസ്തുവിൽ ഒന്ന് എന്ന ചിന്താഗതിയായിരുന്നു ക്രിസ്തുവിശ്വാസികൾക്ക്. അവർക്ക് വലിയവൻ എന്നോ ചെറിയവൻ എന്നോ ഭേദമുണ്ടാ

യിരുന്നില്ല. അവർക്ക് ധനവാനും ദരിദ്രനും പണ്ഡിതനും പാമരനും എല്ലാം ഏകോദര സഹോദരങ്ങൾ എന്ന ചിന്താഗതിയാണുണ്ടായിരുന്നത്. റോമാനഗരത്തിൻെറയും റോമൻ സംസ്ക്കാരത്തിൻെറയും പദവിയ്ക്കും പ്രൗഢിക്കും ആഭിജാത്യത്തിനും ഇണങ്ങുന്നതായിരുന്നില്ല സുവിശേഷം. അങ്ങനെയുള്ള സുവിശേഷം പ്രസംഗിക്കുന്ന പൗലോസിനെ ഒരു ചെറിയ കൂടാരപ്പണിക്കാരൻ എന്ന നിലയിൽ പുച്ഛരസത്തിലേ അവർ വീക്ഷിച്ചിരുന്നുള്ളൂ.

പക്ഷേ അപ്പോസ്തലനായ പൗലോസിന് സുവിശേഷത്തെക്കുറിച്ച് ഒരു ലജ്ജയുമില്ല എന്ന് റോമിലെ ക്രിസ്ത്യാനികൾക്കുള്ള ലേഖനത്തിൽ അദ്ദേഹം എഴുതുകയാണ്. യഹൂദന്നും യവനന്നും ഒരുപോലെ രക്ഷയ്ക്കുള്ള ദൈവശക്തിയാണ് സുവിശേഷം എന്നാണ് പൗലോസ് ഇവിടെ പറയുന്നത്.

സീസർ ചക്രവർത്തിയിൽനിന്ന് ഏതു അറിയിപ്പു കിട്ടിയാലും അത് എത്ര പെട്ടെന്ന് റോമാക്കാർ ഭയഭക്തിപൂർവ്വം അനുസരിച്ചിരുന്നു. എന്നാൽ സുവിശേഷത്തിൻെറ സന്ദേശം നിത്യനായ ദൈവത്തിൻെറ ഏകജാതനും ചക്രവർത്തിമാരുടെ ചക്രവർത്തിയും ആയ കർത്താവായ യേശുക്രിസ്തുവിനെപ്പറ്റിയുള്ള സദ്വർത്തമാനമത്രേ. റോമർക്കെഴുതിയ ലേഖനത്തിൻെറ ആദ്യവാകൃത്തിൽത്തന്നെ പൗലോസ് പറയുന്നത്:

‘‘ദൈവം തൻെറ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെക്കുറിച്ചു വിശുദ്ധരേഖകളിൽ തൻെറ പ്രവാചകൻമാർ മുഖാന്തരം മുമ്പുകൂട്ടി വാഗ്ദത്തം ചെയ്ത സുവിശേഷം’’ എന്നാണ്. എങ്കിൽ അങ്ങനെയുള്ള സുവിശേഷത്തെക്കുറിച്ച് ലജ്ജിക്കേണ്ട കാര്യമില്ലെന്ന് അപ്പോസ്തലന് നല്ല ബോദ്ധ്യമാണ്.

പ്രിയ സ്നേഹിതാ, മാന്യ സഹോദരീ, നീ യേശുക്രിസ്തുവിൻെറ സുവിശേഷത്തെക്കുറിച്ച് ലജ്ജിക്കുന്നുവോ? ക്രിസ്തുവിൻെറ തിരുവചനമായ വി. ബൈബിൾ കൈയിൽ കൊണ്ടുനടക്കുന്നതും സുവിശേഷകൻമാരുടെ കൂട്ടായ്മയിൽ സംബന്ധിക്കു

ന്നതും അപമാനമാണോ നിനക്ക്? അതോ, അത് നിനക്ക് അഭിമാനമാണോ?

തിരുവെഴുത്ത് എന്തു പറയുന്നു?

''ആരെങ്കിലും എന്നെയും എന്റെ വചനങ്ങളെയും കുറിച്ച് നാണിച്ചാൽ അവനെക്കുറിച്ച് മനുഷ്യപുത്രനും തന്റെ പിതാവിന്റെ തേജസ്സിൽ വിശുദ്ധ ദൂതൻമാരുമായി വരുമ്പോൾ നാണിക്കും.'' മർക്കോസ് 8:38.

''ആരെങ്കിലും എന്നെയും എന്റെ വചനങ്ങളെയും കുറിച്ച് നാണിച്ചാൽ അവനെക്കുറിച്ചു മനുഷ്യപുത്രൻ തന്റെയും പിതാവിന്റെയും വിശുദ്ധദൂതൻമാരുടെയും മഹത്വത്തിൽ വരുമ്പോൾ നാണിക്കും.'' ലൂക്കോസ് 9:26.

ഞാനിന്ന് അത്ഭുതത്തോടെ ഓർക്കുന്നു, എനിക്ക് ദൈവവചനത്തെ വലിയ ആദരവും ഭയവുമായിരുന്നു. ദൈവവചനം പറയുന്നവരെ വലിയ ബഹുമാനവും സ്നേഹവുമായിരുന്നു. എന്റെ യൗവനാരംഭത്തിൽ വചനം കേൾക്കാൻവേണ്ടി ഞാനെത്രമാത്രം ഓടിയിട്ടുണ്ട്! എത്ര ദൂരം നടന്നുപോയി വചനം കേട്ട് അത്യാനന്ദത്തോടെ രാത്രികളിൽ വൈകി വീട്ടിലെത്തിയിട്ടുണ്ട്! തിരുവചനം എനിക്കെത്ര മധുരമായിരുന്നു! എന്റെ ഇടവകപ്പള്ളിയിൽ പ്രസംഗിക്കാൻ വരുന്ന എത്രയോ സുവിശേഷകരെ ഞാനെന്റെ വീട്ടിൽ വിളിച്ചുകൊണ്ടുപോയി പ്രാർത്ഥിപ്പിക്കുകയും സൽക്കരിക്കുകയും ചെയ്തിട്ടുണ്ട്.

ഇന്നതിന്റെയെല്ലാം സുമധുരഫലങ്ങൾ ഞാനനുഭവിക്കുന്നു. സമാധാനവും സൗഭാഗ്യവും നിറഞ്ഞ ഒരു കുടുംബജീവിതം ഞാനിന്നനുഭവിക്കുന്നു. എന്റെ മക്കളും ഈ ശാന്തിയും സമാധാനവും ഇന്ന് അനുഭവിക്കുന്നു.

സ്നേഹിതാ, ദൈവത്തിന്റെ വചനത്തെ നീ ഭയത്തോടും വിറയലോടും കൂടെ അനുസരിക്കുക. ക്രിസ്തുവിന്റെ സുവിശേഷത്തെക്കുറിച്ച് നീ അഭിമാനിക്കുക, സന്തോഷിക്കുക.

സുവിശേഷത്തെ മാനിക്കുക. ''എന്നെ മാനിക്കുന്നവരെ ഞാൻ മാനിക്കും.'' എന്നല്ലയോ തിരുവെഴുത്ത് പറയുന്നത്? 1 ശമു. 2:30

''അരിഷ്ടനും മനസ്സു തകർന്നവനും എൻെറ വചന ത്തിങ്കൽ വിറക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും.'' യെശയ്യാ 66:2.

എന്തുകൊണ്ടാണ് സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജ യില്ല എന്ന് സെ. പോൾ പറയുന്നത്?

അത് മനുഷ്യൻെറ നിത്യരക്ഷയ്ക്കുള്ള ദൈവശക്തിയാണ്. അത് നിത്യജീവൻെറ അച്ചാരമായ പരിശുദ്ധാത്മാവിൻെറ ദിവ്യ ശക്തിയാണ്. അത് സ്വർഗ്ഗരാജ്യത്തിലേക്ക് പാപിയെ പ്രവേശിപ്പി ക്കുന്ന ദൈവകൃപയാണ്. അത് കുറ്റവാളിയെ കുറ്റമില്ലാത്തവൻ എന്ന് മുദ്രകുത്തുന്ന ദൈവനീതിയാണ്. അത് നീതികെട്ടവനെ നീതിമാൻ എന്ന് ദൈവം പരിഗണിക്കുന്ന മഹാത്ഭുതമാണ്. അത് ശിക്ഷയ്ക്കു വിധിക്കപ്പെടേണ്ടവനെ ശിക്ഷയിൽനിന്ന് ഒഴി വാക്കുന്ന നിത്യസ്നേഹമാണ്. അത് ശിക്ഷായോഗ്യനെ രക്ഷി ക്കുന്ന നിസ്തുല വാത്സല്യമാണ്. അത് പാപിയെ വിശുദ്ധനാ ക്കുന്ന ദൈവിക പദ്ധതിയാണ്. അത് കഴിഞ്ഞ കാലങ്ങൾ മായി ച്ചുതരുന്ന അത്ഭുത പ്രതിഭാസമാണ്.

ഒരു സംഭവം വായിക്കുകയുണ്ടായി. നാസികൾ ജർമ്മനി കൈയടക്കിയിരുന്ന കാലത്ത് നടന്നതാണ്. അവിടെ ഒരു തട ങ്കൽപ്പാളയത്തിൽനിന്ന് പത്തു തടവുപുള്ളികൾ രക്ഷപ്പെട്ടു. നാസി പട്ടാള കമാൻഡർ ആ രക്ഷപ്പെട്ട പത്തു പേർക്ക് പകരമായി അതേ ജയിലിലെ പത്തു പേരെ വധശിക്ഷയ്ക്കു വിധിച്ചു. അതിൽ ഒരു ഡോക്ടറുണ്ടായിരുന്നു. അദ്ദേഹത്തിൻെറ പേര് ഗിയോണിസെക് എന്നായിരുന്നു. തൻെറ പ്രിയപ്പെട്ട ഭാര്യയും പിഞ്ചോമനക്കുഞ്ഞുങ്ങളും അനാഥരാകുമല്ലോ എന്നോർത്ത പ്പോൾ ആ ഡോക്ടർ പൊട്ടിക്കരഞ്ഞു. ഓരോരുത്തരുടെയും പേരു പറഞ്ഞ് എണ്ണിപ്പെറുക്കിക്കരയുന്ന ആ നിസ്സഹായൻെറ നേരെ മറ്റുള്ളവർ സഹതാപത്തോടെ നോക്കി.

അടുത്ത മുറിയിൽ ഫാദർ മാക്സിമില്ലകോൾബെക് എന്ന ഒരു സുവിശേഷകൻ ബന്ധിതനായി കിടക്കുന്നുണ്ടായിരുന്നു. അദ്ദേഹം ഈ നിലവിളി കേട്ടു. അദ്ദേഹത്തിൻെറ ഉള്ളലിഞ്ഞു. അദ്ദേഹം, തന്നെ വധിക്കാനും ഡോക്ടർ ഗിയോണിസെക്കിനെ മോചിപ്പിക്കുവാനും പട്ടാള മേധാവികളോട് അപേക്ഷിച്ചു. അവർക്കത് വിശ്വസിക്കാൻ കഴിഞ്ഞില്ല. ഒരാൾക്കുവേണ്ടി മറ്റൊ രാൾ മരണം ഏറ്റെടുക്കുക - അത് തീർത്തും അവിശ്വസനീയ മായി അവർക്ക് തോന്നി.

റവ. കോൾബെക്കിനെ വധിക്കാനും ഡോ. ഗിയോണി സെക്കിനെ രക്ഷിയ്ക്കാനും തീരുമാനിച്ചു. കോൾബെക്കിനെ പത്തു ദിവസം പട്ടിണിക്കിട്ടു. എന്നിട്ടും അദ്ദേഹം തളർന്നില്ല; തീരുമാനം മാറ്റിയതുമില്ല. നാസികൾ അദ്ദേഹത്തിൻെറ ശരീ രത്തിൽ കാർബോളിക് ആസിഡ് കുത്തിവെച്ചു. ഇഞ്ചിഞ്ചായി അദ്ദേഹം മരിച്ചുകൊണ്ടിരുന്നു. ഒടുവിൽ അദ്ദേഹം പൂർണ്ണ സമാ ധാനത്തോടെ, പ്രത്യാശയോടെ അന്ത്യശ്വാസം വലിച്ചു.

ഡോ. ഗിയോണിസെക്കിൻെറ യാതൊരു നൻമയും യോഗ്യ തയും പരിഗണിച്ചല്ല അദ്ദേഹത്തിനുവേണ്ടി മരിക്കാൻ റവ. കോൾബെക്ക് തയ്യാറായത്. ഗോഗുൽത്തായിൽ നിത്യനായ ദൈവ പുത്രൻ നമുക്കുവേണ്ടി മരിച്ചത് നമ്മുടെ യാതൊരു നൻമയും നോക്കാതെയാണ്.

''നാം ബലഹീനർ ആയിരിക്കുമ്പോൾത്തന്നെ ക്രിസ്തു തക്ക സമയത്തു അഭക്തർക്കുവേണ്ടി മരിച്ചു.... ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. ശത്രുക്കളായിരിക്കുമ്പോൾതന്നേ നമുക്ക് അവൻെറ പുത്രൻെറ മരണത്താൽ ദൈവത്തോടു നിരപ്പു വന്നു.'' റോമർ 5:6-11.

പ്രിയ സ്നേഹിതാ, ക്രിസ്തു നിനക്കുവേണ്ടി മരിക്കയാൽ നിൻെറ പാപത്തിൻെറ ശിക്ഷ ഏറ്റെടുത്തു എന്ന് നീ വിശ്വസി ക്കുന്നുവോ? ക്രിസ്തു തൻെറ ശരീരത്തിൽ നിൻെറ പാപം ചുമ ന്നുകൊണ്ട് ക്രൂശിൻമേൽ കയറി എന്ന് നീ അംഗീകരിക്കു

ന്നുവോ? ക്രിസ്തുവിൻെറ അടിപ്പിണരാൽ നിൻെറ പാപവും ശാപവും രോഗവും ഏറ്റെടുത്ത് നിനക്ക് സൗഖ്യം തന്നു എന്ന് നീ വിശ്വസിക്കുന്നുവോ? ക്രിസ്തു ക്രൂശിൽ മരിച്ചതിനാൽ നീതി കെട്ടവനായ നിന്നെ നീതിമാൻ എന്ന് ദൈവം പരിഗണിക്കുവാൻ നിൻെറ പാപങ്ങളൊക്കെയും തൻെറമേൽ വഹിച്ചു എന്ന് വിശ്വസിക്കുന്നുവോ?

എങ്കിൽ, ക്രിസ്തു ഇതാ, നിൻെറ അടുക്കൽ നിൽക്കുന്നു. ക്രിസ്തുവിനോട് നീ ഉള്ളു തുറന്ന് പറയൂ:

നാഥാ, നീ കുറ്റവാളിയായ എന്നെ കുറ്റവിമുക്തനാക്കാൻ എൻെറ പാപങ്ങളെല്ലാം ഏറ്റെടുത്ത് എൻെറ പാപങ്ങൾക്കുള്ള ശിക്ഷ വഹിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. കർത്താവേ, ഇന്നു മുതൽ ക്രിസ്തുവിനെ വഹിക്കുന്ന ഒരു പുതിയ മനുഷ്യനായി ഞാൻ ജീവിക്കുമെന്ന് ഞാനിതാ പ്രതിജ്ഞ ചെയ്യുന്നു. നാഥാ, അവിടുന്ന് എനിക്കു തന്ന വിമോചനം അനുഭവിച്ചുകൊണ്ട് അവിടത്തെ രണ്ടാമത്തെ വരവിനുവേണ്ടി ഞാൻ നോക്കിപ്പാർത്തിരിക്കുമെന്ന് തീരുമാനിക്കുന്നു. അവിടത്തെ തിരുരക്തത്തിൻെറ മുദ്ര എനിക്ക് നൽകണമേ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

★ ★ ★

2

## നാല്

*''ന്യായപ്രമാണം കേൾക്കുന്നവരല്ല ദൈവസന്നിധിയിൽ നീതിമാൻമാർ, ന്യായപ്രമാണം ആചരിക്കുന്നവരത്രേ നീതീകരിക്കപ്പെടുന്നത്.'' റോമർ 2:13.*

നീതികെട്ടവനെ നീതിമാൻ എന്ന് മുദ്ര കുത്തുന്നതാണ് നീതീകരണം. കുറ്റവാളിയെ കുറ്റമില്ലാത്തവൻ എന്ന് അധികാരസ്ഥൻ വിധിക്കുന്നതാണ് നീതീകരണം.

നീതീകരണം എന്ന പദം റോമർക്കെഴുതിയ ലേഖനത്തിൽ നീതി, നീതിമാൻ, നീതീകരിക്കുക മുതലായ വിവിധ പ്രയോഗങ്ങളിൽ അറുപതിലേറെ പ്രാവശ്യം കാണുന്നുണ്ട്.

സുവിശേഷത്തിൽ ദൈവത്തിൻെറ നീതി വെളിപ്പെടുത്തിയിരിക്കയാണ്. ക്രിസ്തുവിൻെറ മരണത്തിൽ പാപത്തിന് ശിക്ഷ നൽകുകയാൽ ദൈവം തൻെറ നീതിയെ തെളിയിച്ചിരിക്കുകയാണ്. ക്രിസ്തുവിൻെറ ഉയിർത്തെഴുന്നേൽപ്പിൽ, വിശ്വസിക്കുന്ന ഏതു പാപിക്കും രക്ഷ പ്രദാനം ചെയ്ത് ദൈവം തൻെറ നീതിയെ പ്രദർശിപ്പിച്ചിരിക്കയാണ്.

ദൈവത്തിൻെറ നീതിയെയും സ്നേഹത്തെയും ഗ്രഹിക്കാൻ കഴിയാത്തവർ ചോദിക്കാറുണ്ട്: ''പരിശുദ്ധനായ ദൈവം പാപിയെ സ്നേഹിച്ച് പാപം കണക്കിടാതിരിക്കുകയും പിന്നെയും പരിശുദ്ധനായി വസിക്കുകയും ചെയ്യുന്നതെങ്ങനെയാണ് ?''

ഈ ചോദ്യത്തിൻെറ മറുപടിയാണ് സുവിശേഷം. ക്രിസ്തുവിൻെറ മരണത്താലും ഉയിർത്തെഴുന്നേൽപ്പിനാലും, ദൈവം നീതിമാനും ആണ്; നീതീകരിക്കുന്നവനുമാണ് എന്ന് തെളിയിച്ചിരിക്കുന്നു.

''വിശ്വസിക്കുന്നവർക്കു അവൻ തൻെറ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു. ദൈവം തൻെറ പൊറുമയിൽ മുൻകഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിടുക നിമിത്തം തൻെറ നീതിയെ പ്രദർശിപ്പിപ്പാൻ.... തന്നേ അങ്ങനെ ചെയ്തത്.'' റോമർ 3:25-26.

വിശ്വാസത്താലാണ് പാപി നീതീകരിക്കപ്പെടുന്നത്. പഴയനിയമകാലങ്ങളിൽ പ്രവൃത്തികളാലാണ് നീതീകരിക്കപ്പെട്ടിരു ന്നത്. ''നീതിമാൻ വിശ്വാസത്താൽ ജീവിക്കും'' എന്ന് ഹബക്കൂക്ക് 2:4-ൽ പറയുന്ന തിരുവചനം സെ. പോൾ ഉദ്ധരിച്ചുകൊണ്ട് (റോമർ 1:17; ഗലാത്യർ 3:11; എബ്രായർ 10:38) വിശ്വാസത്താലുള്ള നീതീകരണത്തെ ഉറപ്പിച്ചു പ്രസ്താവിക്കുകയാണ്.

റോമർ 1:17-ൽ 'നീതിമാൻ' എന്നതിനെയും ഗലാത്യർ 3:11-ൽ ''ജീവിക്കും'' എന്നതിനെയും എബ്രായർ 10:38-ൽ ''വിശ്വാസത്താൽ'' എന്നതിനെയും അപ്പോസ്തലൻ വിശദീകരിക്കുകയാണ്. റോമർക്കെഴുതിയ ലേഖനത്തിൽ അറുപതിലേറെ പ്രാവശ്യം വിശ്വാസം എന്നോ അവിശ്വാസം എന്നോ ഉള്ള പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.

റോമർക്കെഴുതിയ ലേഖനം ഒന്നാം അദ്ധ്യായം പതിനെട്ടാം വാക്യം മുതൽ മൂന്നാം അദ്ധ്യായം ഇരുപതാം വാക്യം വരെയുള്ള ഭാഗം നീതീകരണത്തിൻെറ ആവശ്യകതയെ കുറിക്കുന്നു - **Righteousness demanded**.

റോമർ 1:8 - 3:20 sin (പാപം)
**Righteousness demanded**
- നീതീകരണത്തിൻെറ ആവശ്യകത.
- രക്ഷ (salvation).

| | |
|---|---|
| 3:21 - 5:21 | **Righteousness declared**<br>- നീതീകരണത്തിന്റെ പ്രഖ്യാപനം.<br>**sanctification** (വിശുദ്ധീകരണം). |
| 6 - 8 | **Righteousness defended**<br>- നീതീകരണത്തിന്റെ പ്രതിരോധം. |
| 9 - 11 | **Sovereignty** - പരമാധികാരം.<br>**Righteousness declined**<br>- നീതീകരണത്തിന്റെ അപചയം. |
| 12:1 - 15:7 | **Service** - ശുശ്രൂഷ.<br>**Righteousness demonstrated**<br>- നീതീകരണത്തിന്റെ പ്രയോഗക്ഷമത. |

നീതീകരണത്തിന്റെ ആവശ്യകതയെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ അപ്പോസ്തലൻ യഹൂദനും യവനനും ഒരുപോലെ പാപിയാണെന്ന് സമർത്ഥിക്കുന്നു.

പുറംജാതിലോകത്തിന്റെ ബഹുലക്ഷണങ്ങളായ പാപങ്ങളെക്കുറിച്ച് ഒന്നാമദ്ധ്യായത്തിൽ വിവരിക്കുന്നു.

‘‘അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നോർത്തു മഹത്വീകരിക്കയോ നന്ദി കാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു, അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി. ജ്ഞാനികൾ എന്നു പറഞ്ഞുകൊണ്ടു അവർ മൂഢരായിപ്പോയി. അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാല്ക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി മാറ്റിക്കളഞ്ഞു....

അവരുടെ സ്ത്രീകൾ സ്വാഭാവികഭോഗത്തെ സ്വഭാവവിരുദ്ധമാക്കിക്കളഞ്ഞു. അവ്വണ്ണം പുരുഷന്മാരും സ്വാഭാവിക സ്ത്രീഭോഗം വിട്ട് അന്യോന്യം കാമം ജ്വലിച്ചു ആണോടു ആൺ അവലക്ഷണമായതു പ്രവർത്തിച്ചു....

അവർ സകല അനീതിയും ദുഷ്ടതയും അത്യാഗ്രഹവും ദുർബ്ബുദ്ധിയും നിറഞ്ഞവർ; അസൂയ, കൊല, പിണക്കം, കപടം, ദുശ്ശീലം എന്നിവ തിങ്ങിയവർ, കുരളക്കാർ, ഏഷണിക്കാർ, ദൈവദ്വേഷികൾ, നിഷ്ഠൂരൻമാർ, ഗർവ്വിഷ്ഠൻമാർ, ആത്മപ്രശംസക്കാർ, പുതുദോഷം സങ്കൽപിക്കുന്നവർ, മാതാപിതാക്കൻമാരെ അനുസരിക്കാത്തവർ, ബുദ്ധിഹീനർ, നിയമലംഘികൾ, വാത്സല്യമില്ലാത്തവർ, കനിവറ്റവർ.'' റോമർ 1:21-32.

തിരുവെഴുത്തു പറയുന്നു:

''നീതിമാൻ ആരുമില്ല. ഒരുത്തൻ പോലുമില്ല. ഗ്രഹിക്കുന്നവൻ ഇല്ല, ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല. എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു; നൻമ ചെയ്യുന്നവനില്ല, ഒരുത്തൻപോലും ഇല്ല. അവരുടെ തൊണ്ട തുറന്ന ശവക്കുഴി; നാവുകൊണ്ടു അവർ ചതിക്കുന്നു; സർപ്പവിഷം അവരുടെ അധരങ്ങൾക്ക് കീഴെ ഉണ്ട്. അവരുടെ വായിൽ ശാപവും കൈപ്പും നിറഞ്ഞിരിക്കുന്നു. അവരുടെ കാൽ രക്തം ചൊരിയുവാൻ ബദ്ധപ്പെടുന്നു. നാശവും അരിഷ്ടതയും അവരുടെ വഴികളിൽ ഉണ്ട്. സമാധാന മാർഗ്ഗം അവർ അറിഞ്ഞിട്ടില്ല. അവരുടെ ദൃഷ്ടിയിൽ ദൈവഭയം ഇല്ല.'' റോമർ 3:10-18.

മനുഷ്യൻെറ ഹൃദയത്തിലെ അശുദ്ധിയെക്കുറിച്ച് യേശുക്രിസ്തു പറഞ്ഞു:

''മനുഷ്യനിൽനിന്നു പുറപ്പെടുന്നതത്രേ മനുഷ്യനെ അശുദ്ധനാക്കുന്നത്; അകത്തുനിന്നു, മനുഷ്യരുടെ ഹൃദയത്തിൽ നിന്നു തന്നേ, ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കൊലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്ക്കർമ്മം, വിടക്കുകണ്ണ്, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നു.'' മർക്കോസ് 7:20-23.

''ജഡത്തിൻെറ പ്രവൃത്തികളോ ദുർന്നടപ്പ്, അശുദ്ധി, ദുഷ്ക്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം,

ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യ പാനം, വെറിക്കൂത്ത്.'' ഗലാത്യർ 5:19-21.

''അധർമ്മികൾ, അഭക്തർ, അനുസരണംകെട്ടവർ, പാപികൾ, അശുദ്ധർ, ബാഹ്യൻമാർ, പിതൃഹന്താക്കൾ, മാതൃഹന്താക്കൾ, കൊലപാതകർ, ദുർന്നടപ്പുകാർ, പുരുഷമൈഥുനക്കാർ, നര മോഷ്ടാക്കൾ, ഭോഷ്ക്കു പറയുന്നവർ, കള്ളസത്യം ചെയ്യു ന്നവർ.'' 1 തീമോഥെയോസ് 1:8-10.

''മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറ യുന്നവരും അഹങ്കാരികളും ദൂഷകൻമാരും അമ്മയപ്പൻമാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യ മില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രി യൻമാരും ഉഗ്രൻമാരും സൽഗുണ ദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രി യരായി ഭക്തിയുടെ വേഷം ധരിച്ച് അതിൻെറ ശക്തി ത്യജിക്കു ന്നവർ.'' 2 തീമോഥെയോസ് 3:1-5.

പാപത്തിൻെറ വിവിധ ഭാവങ്ങളിലും രൂപങ്ങളിലും മനു ഷ്യർ വിനാശകരമായ അവസ്ഥയിൽ കഴിയുന്നു. ഭയാനകമായ കെടുതികളെക്കുറിച്ചറിയാതെ മനുഷ്യർ പാപത്തിൽ മുഴുകിക്ക ഴിയുന്നു. സത്യദൈവമായ യഹോവയെ അറിയാത്ത അന്യജാതി ക്കാരെല്ലാവരും പാപം ചെയ്ത് സുബോധമില്ലാത്തവരായിത്തീർ ന്നിരിക്കുന്നു.

പുറജാതിക്കാർ പാപം ചെയ്തു എന്ന് റോമർ ഒന്നാം അദ്ധ്യായത്തിൽ പറഞ്ഞതിനുശേഷം രണ്ടാമദ്ധ്യായത്തിൽ ദൈവം വിളിച്ച് വേർതിരിച്ചവരായ യിസ്രായേൽക്കാരും പാപ ത്തിൽ ജീവിക്കുന്നു എന്ന് അപ്പോസ്തലൻ പറയുന്നു.

യഹൂദന്, പുറമേ വേണ്ടതെല്ലാം ഉണ്ട്. ന്യായപ്രമാണമുണ്ട്; പരിച്ഛേദനയുണ്ട്; ദേവാലയമുണ്ട്; ദേവാലയത്തിലെ ഉത്സവങ്ങ ളുണ്ട്; ലേവ്യയാഗങ്ങളുണ്ട്. ബാഹ്യമായ ആചാരങ്ങൾ, കർമ്മാ

നുഷ്ഠാനങ്ങൾ, ആരാധനാ സമ്പ്രദായങ്ങൾ മുതലായവയെല്ലാ മുണ്ട്. പക്ഷേ അകമേ വരേണ്ടതായ രൂപാന്തരമോ പരിവർത്ത നമോ ഉണ്ടാകുന്നില്ല. അതുകൊണ്ടാണ് അപ്പോസ്തലൻ പറയു ന്നത്:

''ന്യായപ്രമാണം കേൾക്കുന്നവരല്ല ദൈവസന്നിധിയിൽ നീതിമാൻമാർ; ന്യായപ്രമാണം ആചരിക്കുന്നവരത്രേ നീതീകരി ക്കപ്പെടുന്നത്.'' റോമർ 2:13.

വീണ്ടും പറയുന്നു:

''പുറമെ യഹൂദനായവൻ യഹൂദനല്ല; പുറമെ ജഡത്തിലു ള്ളതു പരിച്ഛേദനയുമല്ല; അകമെ യഹൂദനായവനത്രേ യെഹൂദൻ; അക്ഷരത്തിലല്ല ആത്മാവിലുള്ള ഹൃദയപരിച്ഛേദനയത്രേ പരി ച്ഛേദന; അവന്നു മനുഷ്യരാലല്ല ദൈവത്താൽ തന്നേ പുകഴ്ച ലഭിക്കും.'' റോമർ 2:28-29.

ആന്തരികമായ മാറ്റമാണ് ദൈവാനുരൂപമായ ജീവിത ത്തിന്റെ മാതൃക. അതില്ലാതെ എന്തെല്ലാം കർമ്മപരിപാടികളു ണ്ടായാലും ദൈവസന്നിധിയിൽ അംഗീകാരയോഗ്യമാവുകയില്ല.

അതുകൊണ്ടാണ് അപ്പോസ്തലൻ നിശിതമായും കർക്കശ മായും പറയുന്നത്:

''നീയോ യെഹൂദൻ എന്നു പേർകൊണ്ടും ന്യായപ്രമാണ ത്തിൽ ആശ്രയിച്ചും ദൈവത്തിൽ പ്രശംസിച്ചും ന്യായപ്രമാണ ത്തിൽനിന്നു പഠിക്കയാൽ അവന്റെ ഇഷ്ടം അറിഞ്ഞും ഭേദാഭേദ ങ്ങൾ വിവേചിച്ചും ജ്ഞാനത്തിന്റെയും സത്യത്തിന്റെയും സ്വരൂപം ന്യായപ്രമാണത്തിൽനിന്ന് നിനക്കു ലഭിച്ചതുകൊണ്ടു നീ കുരുടർക്കു വഴി കാട്ടുന്നവൻ, ഇരുട്ടിലുള്ളവർക്കു വെളിച്ചം, മൂഢരെ പഠിപ്പിക്കുന്നവൻ, ശിശുക്കൾക്കു ഉപദേ ഷ്ടാവ് എന്നു ഉറെച്ചുമിരിക്കുന്നെങ്കിൽ - ഹേ, അന്യനെ ഉപദേ ശിക്കുന്നവനേ, നീ നിന്നെത്തന്നേ ഉപദേശിക്കാത്തത് എന്ത്?

മോഷ്ടിക്കരുത് എന്ന് പ്രസംഗിക്കുന്ന നീ മോഷ്ടിക്കുന്നുവോ? വ്യഭിചാരം ചെയ്യരുത് എന്ന് പറയുന്ന നീ വ്യഭിചാരം ചെയ്യുന്നുവോ? വിഗ്രഹങ്ങളെ വെറുക്കുന്ന നീ ക്ഷേത്രം കവർച്ച ചെയ്യുന്നുവോ? ന്യായപ്രമാണത്തിൽ പ്രശംസിക്കുന്ന നീ ന്യായപ്രമാണലംഘനത്താൽ ദൈവത്തെ അപമാനിക്കുന്നുവോ? നിങ്ങൾ നിമിത്തം ദൈവത്തിൻെറ നാമം ജാതികളുടെ ഇടയിൽ ദുഷിക്കപ്പെടുന്നു.'' റോമർ 2:17-24.

യഹൂദനും പാപം ചെയ്തു; യവനനും പാപം ചെയ്തു. സ്വജാതിയും പാപം ചെയ്തു; പുറജാതിയും പാപം ചെയ്തു. ദൈവവിശ്വാസികളും പാപം ചെയ്തു; അവിശ്വാസികളും പാപം ചെയ്തു.

''ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്ത് ദൈവ തേജസ്സില്ലാത്തവരായിത്തീർന്നു.'' റോമർ 3:23.

ഒരു കഥ കേട്ടിട്ടുണ്ട്:

പ്രതി പ്രതിക്കൂട്ടിൽ നില്ക്കുകയാണ്. പ്രതിയ്ക്കെതിരെ എല്ലാ തെളിവുകളും നിരത്തിവച്ചു. സാക്ഷികൾ എല്ലാം തുറന്നു പറഞ്ഞു. പ്രതിയ്ക്കുവേണ്ടി സമർത്ഥനായ വക്കീൽ വളരെ വാചാലമായും ചടുലമായും വാദിച്ചു. വാദിഭാഗം വക്കീലിൻെറ വാദങ്ങളും കഴിഞ്ഞു. ജഡ്ജി എല്ലാം ശ്രദ്ധിച്ചും നിരീക്ഷിച്ചും ഇരിക്കയാണ്. വിധി പറയുന്നത് കേൾക്കാൻ എല്ലാവരും കാതോർത്തുനിന്നു. വിധി എന്തെന്നറിയുന്നതിനുള്ള ഉദ്വേഗത്തോടും ഉൽക്കണ്ഠയോടും കൂടെ പ്രതി വീർപ്പടക്കി നിന്നു.

ഒടുവിൽ വിധി പ്രസ്താവിച്ചു. ''പ്രതി കുറ്റക്കാരനെന്ന് അസന്നിഗ്ദ്ധമായി തെളിഞ്ഞിരിക്കുന്നു.''

പ്രതി ഒന്ന് ഞെട്ടി. സ്തംഭിച്ച്, വിവശനായി നിന്നു. കണ്ണിൽ ഇരുട്ടുകയറി. ഇനി എന്താണാവോ ശിക്ഷ? അതറിയാനുള്ള

കടുത്ത ആകുലത്തോടും കനത്ത ഭീതിയോടുംകൂടി അയാൾ നിന്നു.

ജഡ്ജി പറഞ്ഞു: ''കുറ്റവാളിയാണെങ്കിലും വെറുതെ വിട്ടിരിക്കുന്നു.''

എന്തൊരു സന്തോഷം! എന്തൊരത്ഭുതം! കുറ്റവാളിയെ കുറ്റവിമുക്തനാക്കിയിരിക്കുന്നു!

ഇതാണ് ക്രിസ്തു ക്രൂശിൽ നിർവ്വഹിച്ച ത്യാഗമരണത്തിൻെറ അത്ഭുതമൂല്യം.

''ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സില്ലാത്തവരായിത്തീർന്നു. അവൻെറ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്.'' റോമർ 3:23-24.

മാന്യ സ്നേഹിതാ, ഈ സൗജന്യമായ നീതീകരണം നീ സ്വന്തമാക്കിയോ? കുറ്റക്കാരനായ നിന്നെ ''കുറ്റമില്ലാത്തവൻ'' എന്ന് പരിഗണിക്കുന്ന ക്രൂശിലെ സ്നേഹത്തിൻെറ വില നീ ഗ്രഹിച്ചുവോ? ആ സൗജന്യ നീതീകരണത്തിനായി നീ ക്രിസ്തുവിൻെറ ക്രൂശിലെ തിരുബലിയിൽ വിശ്വസിച്ചുവോ?

ഇതാ, നിനക്കുവേണ്ടി യാതനയേറ്റ് പിടയുന്ന ക്രിസ്തു നിൻെറ അരികിൽ നില്ക്കുന്നു. നീ ഏല്ക്കേണ്ട ശിക്ഷ തൻെറമേൽ വഹിച്ച് നിന്നെ കുറ്റവിമുക്തനാക്കിയ ക്രിസ്തു നിൻെറ അരികിൽ നില്ക്കുന്നു. അവൻ നിന്നോടു പറയുന്നു.

''മകനേ, പ്രിയ മകളെ, നിനക്കുവേണ്ടി ഞാനീ വേദനയെല്ലാം ഏറ്റു; മരണം വരിച്ചു. നീ എനിക്കുവേണ്ടി എന്തു ചെയ്തു?''

പറയൂ നീ അരുമ രക്ഷകനോട്:

നാഥാ, ഇന്നു മുതൽ ഒരു പുതിയ സൃഷ്ടിയായി ഞാൻ ജീവിക്കും. കർത്താവേ, ഇന്നു മുതൽ ക്രിസ്തുവിനെ ഉള്ളത്തിൽ സ്വീകരിച്ച് ഒരു പുതിയ ജീവിതം ഞാൻ നയിക്കും.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

★ ★ ★

## അഞ്ച്

*“....ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്ത്*
*ദൈവതേജസ്സു ഇല്ലാത്തവരായിത്തീർന്നു.*
*അവൻെറ കൃപയാൽ ക്രിസ്തുയേശുവിങ്കലെ*
*വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ*
*നീതീകരിക്കപ്പെടുന്നത്.” റോമർ 3:10, 3:23-24.*

ലോകത്തിൽ ജനിച്ചിട്ടുള്ളവരിൽ ക്രിസ്തു ഒഴികെ സകല മനുഷ്യരും പാപികളാണ്. പാപി നരകാവകാശിയാണ്. പാപത്തിൻെറ അനന്തരഫലമായ നരകത്തിലേയ്ക്ക് പോകുന്ന മനുഷ്യനെ സ്വർഗ്ഗാവകാശിയാക്കാനാണ് കർത്താവായ യേശു ക്രിസ്തു തിരു അവതാരം ചെയ്തത്.

മറ്റു മതങ്ങളെല്ലാം നൻമപ്രവൃത്തികൾ ചെയ്ത് നിത്യ മോക്ഷത്തിലെത്തുവാനുള്ള മാർഗ്ഗങ്ങൾ അഭ്യസിപ്പിക്കുമ്പോൾ ക്രിസ്തുവിൻെറ സുവിശേഷം പാപിയെ സ്വർഗ്ഗത്തിലാക്കുന്ന ക്രിസ്തുവിനെത്തന്നെ നൽകുന്നു.

നൻമപ്രവൃത്തികൾ ചെയ്യാൻ മനുഷ്യനു സ്വയം സാദ്ധ്യമല്ലെന്ന പരമസത്യം നാം ഗ്രഹിക്കുമ്പോഴാണ് ക്രിസ്തുവിൻെറ അപ്രമേയ ശക്തിയിൽ നാം ആശ്രയിക്കുന്നത്. മനുഷ്യന് പാപം ചെയ്യുവാനേ കഴിയുകയുള്ളൂ എന്ന യാഥാർത്ഥ്യത്തിൻെറ ബോദ്ധ്യത്തിൽനിന്നാണ് ക്രിസ്തുവിൻെറ ആവശ്യകത മനുഷ്യനിൽ അനുഭവവേദ്യമാകുന്നത്.

മഹാവിഷ്ണുവിന്റെ അവതാരത്തിന്റെ ഉദ്ദേശത്തെക്കുറിച്ച് ഭഗവദ്ഗീതയിൽ പറയുന്നു:

*യദാ യാദാഹി ധർമ്മസ്യ*
*ഗ്ലാനിർഭവതി ഭാരത*
*അഭ്യുത്ഥാനമധർമ്മസ്യ*
*തദാത്മാനം സൃജാമ്യഹം.*

എപ്പോഴെപ്പോഴെല്ലാമാണ് ധർമ്മച്യുതി സംഭവിക്കുന്നത് അപ്പോഴെല്ലാം അധർമ്മത്തിൽനിന്ന് വീണ്ടെടുക്കുവാൻ ഞാൻ അവതരിക്കുന്നു.

*പരിത്രാണായസാധൂനാം*
*വിനാശായ ചദുഷ്കൃതാം*
*ധർമ്മസംസ്ഥാപനാർത്ഥായ*
*സംഭവാമി യുഗേയുഗേ.*

നല്ലവരെ രക്ഷിപ്പാനും പാപികളെ നശിപ്പിപ്പാനും ധർമ്മം സ്ഥാപിക്കാനും ഞാൻ യുഗങ്ങൾ തോറും അവതരിക്കുന്നു.

ക്രിസ്തുവിന്റെ സുവിശേഷം പറയുന്നു:

''കാണാതെപോയതിനെ തെരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്.'' ലൂക്കോസ് 19:10.

''ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചത് ലോകത്തെ വിധിപ്പാനല്ല; ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ.'' യോഹ. 3:17.

ഒരു മനുഷ്യൻ വെള്ളത്തിൽ താണുകൊണ്ടിരിക്കയാണ്. നീന്തിത്തുടിച്ച് വശംകെട്ട് കരപറ്റാനാകാതെ വലഞ്ഞ് അവശനായി താണുപോകുകയായിരുന്നു. ഒരാൾ അയാളുടെ അടുത്തു ചെന്ന് പറയുകയാണെന്നു സങ്കൽപിക്കൂ:

സ്നേഹിതാ, അങ്ങനെയല്ല തുഴയേണ്ടത്. കൈകൾ നല്ല പോലെ വിടർത്തി വീശി നീന്തൂ. കാലുകൾ നിവർത്തി നീന്തൂ. കൈകാലുകൾ മടങ്ങിപ്പോകരുത്. തല ഉയർത്തിപ്പിടിക്കൂ. തല താഴ്ത്തിപ്പിടിച്ചാൽ ശ്വാസം കിട്ടാതെ പോകും. വെള്ളം ഉള്ളിൽ കടക്കും.

ഈ ഉപദേശംകൊണ്ട് വല്ല പ്രയോജനവും ഉണ്ടാകുമോ? ഇല്ലല്ലോ. പാവം, ആ സാധുമനുഷ്യൻ വശംകെട്ടിരിക്കയല്ലേ? നീന്താൻ പറ്റാതവണ്ണം കൈകാലുകൾ അവശമായി തളർന്നുപോയിരിക്കയല്ലേ?

അയാൾക്കപ്പോഴാവശ്യം ഉപദേശങ്ങളല്ല. അയാളെ പിടിച്ച് കരയ്ക്കടുപ്പിക്കാൻ അയാളോട് സ്നേഹവും കരുണയുമുള്ള ഒരാളുടെ ബലിഷ്ഠകരങ്ങളാണ്.

പാപത്തിൻെറ ഭീകര സ്വാധീനത്തിൽ കരേറാനാവാതെ വലയുന്ന മനുഷ്യനെ രക്ഷിക്കാനാണ് ക്രിസ്തു വന്നത്. ദൈവത്തിൻെറ വൈരിയായ സാത്താൻെറ ദുസ്സ്വാധീനം നിമിത്തം പാപത്തിനും ശാപത്തിനും അടിമപ്പെട്ട് രക്ഷപ്പെടാൻ സാധ്യമല്ലാതെ വലയുന്ന മനുഷ്യനെ പിടിച്ചുയർത്തി കരയ്ക്കടുപ്പിക്കാനാണ് ക്രിസ്തു ഈ സംസാരസാഗരത്തിലേക്ക് കുതിച്ചെത്തിയത്.

അതുകൊണ്ടാണ് ദാവീദ് പാടിയത്:

''അവൻ ഉയരത്തിൽനിന്ന് കൈനീട്ടി എന്നെ പിടിച്ചു. പെരുവെള്ളത്തിൽനിന്ന് എന്നെ വലിച്ചെടുത്തു. ബലമുള്ള ശത്രുവിൻെറ കൈയിൽനിന്നും, എന്നെ പകച്ചവരുടെ പക്കൽനിന്നും അവൻ എന്നെ വിടുവിച്ചു, അവർ എന്നിലും ബലമേറിയവരായിരുന്നു.'' സങ്കീ. 18:16-17

ചതുപ്പുനിലത്തിൽ പെട്ടുപോയ ഒരു മനുഷ്യൻെറ കഥ കേട്ടിട്ടുണ്ട്. അറിയാതെയാണ് ചതുപ്പുനിലത്തിൽ കുടുങ്ങിപ്പോയത്. താഴാൻ തുടങ്ങി. കരേറാൻ ശ്രമിക്കുന്തോറും പിന്നെയും പിന്നെയും താണുപോകുകയാണ്.

അപകടമായി എന്നു മനസ്സിലായി. കൈ രണ്ടും ഉയർത്തി ഉച്ചത്തിൽ കരഞ്ഞു: ''അയ്യോ രക്ഷിക്കണേ.''

ഉറപ്പുള്ള നിലത്തു നില്ക്കുന്നവർക്ക് ആ മനുഷ്യനെ രക്ഷിക്കണമെന്നുണ്ട്. പക്ഷേ അവർ ആ ചതുപ്പുനിലത്തിൽ ചവിട്ടിയാൽ അവരും താണുപോകും.

അപ്പോഴിതാ, ഒരു ഹെലികോപ്റ്റർ താണുതാണു വരുന്നു! താണുപോകുന്ന മനുഷ്യൻെറ കൈകളിലേക്ക് ഒരു നല്ല വടം ഇട്ടുകൊടുത്തു. അതിൽ മുറുകെ പിടിച്ചുകൊള്ളാൻ പറഞ്ഞു. വടം മുകളിലേയ്ക്ക് വലിച്ചു. ഒപ്പം താണുകൊണ്ടിരുന്ന മനുഷ്യനും. ഭാഗ്യം! നശിച്ചുപോകേണ്ട മനുഷ്യൻ ഇതാ, സുരക്ഷിതനായി വിമാനത്തിനുള്ളിൽ.

സ്നേഹിതാ, ചളിയിൽ ചവിട്ടാത്തവനു മാത്രമേ ചേറിൽ പൂണ്ടുപോയവനെ ഉയർത്താൻ പറ്റുകയുള്ളൂ. കർത്താവായ യേശുക്രിസ്തു മാത്രമേ പാപം തീണ്ടാത്തവനായിട്ടുള്ളൂ.

ക്രിസ്തു ഒരിക്കൽ പ്രാഗത്ഭ്യത്തോടെ വെല്ലുവിളിച്ചു: ''നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ച് ബോധം വരുത്തുന്നു?'' യോഹ. 8:46.

നിത്യപരിശുദ്ധനായ സ്വർഗ്ഗീയ പിതാവ് സാക്ഷിച്ചു:

''നീ എൻെറ പ്രിയപുത്രൻ, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു.'' മർക്കോസ് 1:11; ലൂക്കോസ് 3:22.

''ഇവൻ എൻെറ പ്രിയ പുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു.'' മത്തായി 3:17.

''ഇവൻ എൻെറ പ്രിയ പുത്രൻ; ഇവങ്കൽ ഞാൻ പ്രസാദിക്കുന്നു; ഇവന്നു ചെവി കൊടുപ്പിൻ.'' മത്തായി 17:5.

യേശുവിനെ കാണിച്ചുകൊടുത്ത യൂദാ പറഞ്ഞു:

''ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ പാപം ചെയ്തു.'' മത്തായി 27:4.

ഒപ്പം ക്രൂശിക്കപ്പെട്ട കള്ളൻ പറഞ്ഞു:

''ഇവനോ, അരുതാത്തത് ഒന്നും ചെയ്തിട്ടില്ല.'' ലൂക്കോസ് 23:41.

യേശുവിനെ ക്രൂശിച്ച ശതാധിപൻ സാക്ഷിച്ചു: ''ഈ മനുഷ്യൻ വാസ്തവമായി നീതിമാൻ ആയിരുന്നു.'' ലൂക്കോസ് 23:47.

പാപത്തിൻെറ ഭയാനകമായ സ്വാധീനത്തിൽ ദൈവത്തെ അറിയാതെ യൗവനത്തിൻെറ ആദ്യകാലങ്ങൾ ജീവിച്ച ഒരാളാണ് മുവാറ്റുപുഴ ഡെൻറൽ ലാബിൽ ടെക്നീഷൻ ആയി ജോലി ചെയ്യുന്ന ജോബി.

ജോബിയുടെ ജീവിതത്തിൽ ദൈവം അത്ഭുതകരമായി പാപത്തിൽനിന്ന് കോരി എടുത്തതെങ്ങനെ എന്ന് ചോദിച്ചറിയാം.

ജോബിയുടെ പഴകാല ജീവിതത്തെക്കുറിച്ച് നമ്മുടെ റേഡിയോ ശ്രോതാക്കളെ ഒന്ന് വിവരിച്ച് കേൾപ്പിക്കാമോ?

എനിക്കിപ്പോൾ ഇരുപത്തഞ്ചു വയസ്സായി. ഞാൻ ആറൂർ മേരിഗിരി യാക്കോബായ പള്ളി ഇടവകാംഗമാണ്. പാപവും ശാപവും തിങ്ങിയ ഒരു ഭവനത്തിലാണ് ഞാൻ ജനിച്ചത്. രണ്ടു നേരവും പ്രാർത്ഥനയും പള്ളിയാരാധനയും എല്ലാമുണ്ടായിരുന്നു. പക്ഷേ, സ്വർഗ്ഗമുണ്ടെന്നോ നരകമുണ്ടെന്നോ ദൈവമുണ്ടെന്നോ ഒന്നും ഞാൻ ചിന്തിച്ചിരുന്നില്ല. എനിക്കു തോന്നിയതുപോലെ ഞാൻ ജീവിച്ചിരുന്നു.

പ്രകടമായ, പരസ്യമായ പാപപ്രവൃത്തികളിലേക്ക് ഞാൻ പോയിട്ടില്ല. പക്ഷേ എൻെറ രഹസ്യജീവിതം മുഴുവൻ അശുദ്ധ

മായിരുന്നു. ''വെള്ള തേച്ച ശവക്കല്ലറ'' എന്ന് നമ്മുടെ കർത്താവു പറയുന്ന ഒരവസ്ഥയായിരുന്നു എൻേറത്. വളരെ മലിനമായ മോഹങ്ങളും പുറത്തു പറയാൻ കൊള്ളാത്ത ആഗ്രഹ ങ്ങളും എനിക്കുണ്ടായിരുന്നു. പുറമെ നല്ലവൻ എന്ന രീതിയി ലാണ് ഞാൻ ജീവിച്ചിരുന്നത്. ഹീനവും മ്ലേച്ഛവുമായ ചില ശീല ങ്ങളും സ്വഭാവങ്ങളും എനിക്കുണ്ടായിരുന്നു. മാതാപിതാക്കളെ അനുസരിക്കാതെയും അവരോട് ധിക്കാരമായി പെരുമാറിയും വീട്ടിൽ ഞാനൊരു പ്രശ്നക്കാരനായിട്ടാണ് ജീവിച്ചിരുന്നത്.

ചില ചീത്ത കൂട്ടുകെട്ടുകളിലും ഞാൻ കുടുങ്ങി. അങ്ങനെ അരുതാത്ത പല കാര്യങ്ങളും കേൾക്കാനും അറിയാനും ഇട യായി. അത് കൂടുതൽ വഷളത്തത്തിലേക്ക് എന്നെ നയിച്ചു. അപ്പോഴെല്ലാം എൻെറ ഹൃദയം ചീഞ്ഞ്, ദുർഗ്ഗന്ധം വമിച്ചിരു ന്നെങ്കിലും പുറമേ പള്ളിയിൽ പോക്കും നമസ്ക്കാരങ്ങളും എല്ലാമുണ്ടായിരുന്നു.

ഇതിനുപുറമേ എനിക്ക് ഭയങ്കര നിരാശയുണ്ടായിരുന്നു. ഞങ്ങളുടെ കുടുംബം വളരെ ദരിദ്രകുടുംബമായിരുന്നു. എൻെറ മാതാപിതാക്കൾ കൂലിപ്പണിക്കുപോയി കിട്ടുന്നതു കൊണ്ട് ഉപജീവനം കഴിക്കാൻ തികയുമായിരുന്നില്ല. ഞങ്ങളുടെ കുടുംബത്തിൽ മൂന്നു മാനസിക രോഗികളുണ്ടായിരുന്നു. ആ ശാപവും എൻെറ നിരാശയ്ക്ക് കാരണമായി.

ഈ സ്ഥിതിയ്ക്ക് മാറ്റം വന്നതെങ്ങനെയാണ്?

സാറിൻെറ വീട്ടിൽ നടക്കുന്ന യോഗത്തിന് എൻെറ മാതാ പിതാക്കൾ വന്ന് ദൈവവചനം കേട്ടു. അവരുടെ ജീവിതത്തിൽ വലിയ സമാധാനമുണ്ടായത് ഞാൻ കണ്ടു. മാത്രമല്ല എന്നും കല ങ്ങിയിരുന്ന ഞങ്ങളുടെ വീട്ടിൽ നല്ല സ്നേഹവും ഐക്യവും ഉണ്ടായി. അങ്ങനെ ഞാനും ആ യോഗത്തിൽ സംബന്ധിച്ചു. ആദ്യ മാദ്യം എനിക്കൊന്നും മനസ്സിലായില്ല. പക്ഷേ, ക്രമേണ എൻെറ ഹൃദയത്തിലേക്ക് ദൈവവചനം കടന്നുവന്നു. അങ്ങനെ എൻെറ ഇരുപത്തിരണ്ടാമത്തെ വയസ്സിൽ ഞാൻ എൻെറ ജീവിതം കർത്താവിന് കൊടുത്തു.

അതിനെ തുടർന്നുള്ള അനുഭവമെന്തായിരുന്നു?

എൻെറ ഹൃദയത്തിൽ വലിയൊരു സമാധാനം ലഭിച്ചു. എൻെറ പാപശീലങ്ങളും ദുഷിച്ച സ്വഭാവങ്ങളും നിശ്ശേഷം മാറി. വചനം കേൾക്കുന്നത് എനിക്ക് മധുരമായി. മാതാപിതാക്കളെ ഞാൻ പൂർണ്ണ സ്നേഹത്തോടും വിനയത്തോടുംകൂടി അനുസരിക്കാൻ തുടങ്ങി. കുടുംബത്തിൽ സാമ്പത്തികമായും നല്ല ഐശ്വര്യമുണ്ടായി. ഇന്ന് ഞാനറിയുന്നു ഞാൻ ഒരു ഭാഗ്യ വാനാണെന്ന്.

ആകട്ടെ, ഈ ശ്രോതാക്കളോട് ജോബിക്ക് പറയാനുള്ള സന്ദേശമെന്താണ് ?

ഈ യൗവനപ്രായത്തിൽ പാപത്തിൻെറമേൽ ജയം സാദ്ധ്യ മാണെന്ന് ഞാനിന്നനുഭവിക്കുന്നു. യേശുക്രിസ്തു ജയിക്കുന്ന വനായും ജയിപ്പാനായും പുറപ്പെട്ടവനാണ്.

ജോബിയുടെ അനുഭവസാക്ഷ്യം നാം കേട്ടല്ലൊ.

പാപം പരസ്യമാകട്ടെ, രഹസ്യമാകട്ടെ, പാപം പാപം തന്നെ യാണ്. പാപത്തെ നിസ്സാരമായി കാണരുത്.

പാപിയെ നീതീകരിക്കുന്നവനാണ് കർത്താവായ യേശു ക്രിസ്തു. ദൈവത്തിൻെറ കൃപയാലാണ് ഈ സൗജന്യ നീതീക രണം ലഭിക്കുന്നത്. യേശുക്രിസ്തു നൽകിയ വീണ്ടെടുപ്പാണ് നീതീകരണം സാദ്ധ്യമാക്കിത്തീർക്കുന്നത്. പാപത്തിൽ ബന്ധിക്ക പ്പെട്ടുപോയ മനുഷ്യൻെറ ബന്ധനങ്ങളഴിക്കാനാണ് കർത്താവായ യേശുക്രിസ്തു ക്രൂശിൽ മൂന്നാണികളാൽ ബന്ധിതനായത്.

തിരുവെഴുത്ത് പറയുന്നു:

‘‘പിശാചിൻെറ പ്രവൃത്തികളെ അഴിപ്പാൻതന്നെ ദൈവ പുത്രൻ പ്രത്യക്ഷനായി.’’ 1 യോഹ. 3:8.

പ്രിയ സ്നേഹിതാ, ഈ സൗജന്യ നീതീകരണം നീ പ്രാപിച്ചുവോ? നിൻെറ പാപങ്ങളെല്ലാം ക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ രക്തത്താൽ കഴുകി എന്ന് നീ വിശ്വസിക്കുന്നുവോ? ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവനാണ് ഭാഗ്യവാൻ എന്ന് നീ അറിയുന്നുവോ? ആ മഹാഭാഗ്യത്തിന് നിൻെറ ജീവിതം നീ സമർപ്പിക്കുമോ?

ക്രിസ്തു നിന്നിൽനിന്ന് ദുരെയല്ല, വളരെ സമീപസ്ഥനായി നില്ക്കുന്നു. ഒരു നിമിഷം വൈകാതെ നീ ക്രിസ്തുവിനായി നിൻെറ ഹൃദയം തുറന്നു കൊടുക്കൂ. ജീവിതം ക്രിസ്തുവിൻെറ കൈകളിലേക്ക് ഏല്പിക്കൂ. ക്രിസ്തു നിൻെറ ജീവിതത്തെ ഏറ്റെടുക്കട്ടെ. ക്രിസ്തു ഐശ്വര്യത്തിലേക്ക് നടത്തട്ടെ. ക്രിസ്തു നിൻെറ നിരാശ മാറ്റട്ടെ. ക്രിസ്തു നിൻെറ കണ്ണുനീര് തുടയ്ക്കട്ടെ. ക്രിസ്തു നിൻെറ ഭാവി ശോഭനമാക്കട്ടെ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

★ ★ ★

# ആറ്

*''നീതിമാൻ ആരുമില്ല; ഒരുത്തൻ പോലുമില്ല.*
*എല്ലാവരും വഴി തെറ്റി ഒരുപോലെ*
*കൊള്ളരുതാത്തവരായിത്തീർന്നു.'' റോമർ 3:10.*

നീതീകരിക്കുന്നവൻ ദൈവം; ശിക്ഷ വിധിക്കുന്നവൻ ആർ? റോമർ 8:33

മനുഷ്യൻ പാപമയ പ്രകൃതി ഉള്ളവനാണ്. എല്ലാ മനുഷ്യരും പാപികളാണ്. പാപിയെ രക്ഷിക്കാനാണ് കർത്താവായ യേശുക്രിസ്തു വന്നത്. പാപിയുടെ പാപവും പാപത്തിന്റെ ശിക്ഷയും ഏറ്റെടുത്താണ് ക്രിസ്തു ക്രൂശിൽ മരിച്ചത്.

ക്രിസ്തു ജനിക്കുന്നതിന് എഴുന്നൂറ്റമ്പതു വർഷം മുമ്പ് പ്രവാചകനായ യെശയ്യാവ് പ്രവചിച്ചു:

''അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു.... നീതിമാനായ എന്റെ ദാസൻ തന്റെ പരിജ്ഞാനംകൊണ്ട് പലരെയും നീതീകരിക്കും; അവരുടെ അകൃത്യങ്ങളെ അവൻ വഹിക്കും.'' യെശയ്യാവ് 53:5-11.

മനുഷ്യന്റെ പാപം കണ്ട് വ്യസനപരവശനായി നിത്യപരിശുദ്ധനായ ദൈവം വിലപിക്കുന്നത് യെശയ്യാവ് ഒന്നാം അദ്ധ്യായം രണ്ടു മുതലുള്ള വാക്യങ്ങളിൽ കാണുന്നു:

1

‘‘ആകാശമേ, കേൾക്ക. ഭൂമിയേ, ചെവി തരിക. യഹോവ അരുളിച്ചെയ്യുന്നു: ഞാൻ മക്കളെ പോറ്റി വളർത്തി; അവരോ എന്നോടു മത്സരിച്ചിരിക്കുന്നു. കാള തൻെറ ഉടയവനെയും കഴുത തൻെറ യജമാനൻെറ പുൽത്തൊട്ടിയെയും അറിയുന്നു; യിസ്രായേലോ അറിയുന്നില്ല; എൻെറ ജനം ഗ്രഹിക്കുന്നതുമില്ല. അയ്യോ പാപമുള്ള ജാതി! അകൃത്യഭാരം ചുമക്കുന്ന ജനം! ദുഷ്പ്രവൃത്തിക്കാരുടെ സന്തതി! വഷളായി നടക്കുന്ന മക്കൾ! അവർ യഹോവയെ ഉപേക്ഷിച്ച് യിസ്രായേലിൻെറ പരിശുദ്ധനെ നിരസിച്ചു പുറകോട്ടു മാറിക്കളഞ്ഞിരിക്കുന്നു. ഇനി നിങ്ങളെ അടിച്ചിട്ടെന്ത്? നിങ്ങൾ അധികമധികം പിൻമാറുകേയുള്ളൂ. തല മുഴുവനും ദീനവും ഹൃദയം മുഴുവനും രോഗവും പിടിച്ചിരിക്കുന്നു. അടിതൊട്ട് മുടിവരെ ഒരു സുഖവുമില്ല. മുറിവും ചതവും പഴുത്ത വ്രണവും മാത്രമേയുള്ളൂ. അവയെ ഞെക്കിക്കഴുകീട്ടില്ല, വെച്ചുകെട്ടീട്ടില്ല, എണ്ണ പുരട്ടി ശമിപ്പിച്ചിട്ടുമില്ല.’’

പാപത്തിൻെറ അനിവാര്യഫലമായ നിത്യനാശത്തിലേക്ക് പാപത്തിൻെറ അധിപതിയായ പിശാച് മനുഷ്യനെ കൊണ്ടുപോകുന്നതിൽ അതിവേദന പൂണ്ടാണ് ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നത്.

‘‘നീതിമാൻ ആരുമില്ല, ഒരുത്തൻ പോലുമില്ല’’ എന്ന് റോമർ മൂന്നാം അദ്ധ്യായം പത്തു മുതൽ കാണുന്ന ഭാഗം സങ്കീർത്തനങ്ങൾ പതിന്നാലിലും അമ്പത്തിമൂന്നിലും ഉള്ളത് അപ്പോസ്തലൻ ഉദ്ധരിക്കുന്നതാണ്. ആന്തരിക മനുഷ്യൻ മുഴുവനായി പാപത്താൽ നിയന്ത്രിക്കപ്പെടുന്നു എന്നാണ് അവിടെ വിശദീകരിക്കുന്നത്.

‘‘ദൈവത്തെ അന്വേഷിക്കുന്നവനില്ല.’’ മനുഷ്യഹൃദയം ദൈവത്തിനുവേണ്ടി വാഞ്ഛിക്കുന്നില്ല; ദൈവത്തിനുവേണ്ടി ദാഹിക്കുന്നില്ല. ‘‘നൻമ ചെയ്യുന്നവനില്ല.’’ യാതൊരു പ്രവൃത്തിയിലും നൻമ നിഴലിക്കുന്നില്ല. ഓരോ പ്രവൃത്തിയുടെയും പിന്നിൽ പൈശാചികമായ ലാക്ക് കാണാം. (motive behind every deed.)

നാം കാണാറില്ലേ, ഒരാൾക്ക് ഒരു ഉപകാരം ചെയ്യുമ്പോഴും അയാൾക്ക് എന്നോട് നന്ദി വേണം; പലരും ഞാനതു ചെയ്തു എന്നറിയണം; അങ്ങനെ മനുഷ്യരുടെ മുമ്പിൽ എനിക്ക് പ്രശംസ ലഭിക്കണം തുടങ്ങിയ സാത്താന്യലാക്കുകൾ നമുക്കുണ്ടാകുന്നത് ?

റോമർ മൂന്നാം അദ്ധ്യായം പതിമൂന്നുമുതൽ പതിനെട്ടു വരെ വാക്യങ്ങൾ വായിക്കുമ്പോൾ മനുഷ്യൻ ആപാദചൂഡം പാപിയാണെന്ന് കാണാൻ കഴിയും.

''നൻമ ചെയ്യുന്നവനില്ല; ഒരുത്തൻ പോലുമില്ല. അവരുടെ തൊണ്ട തുറന്ന ശവക്കുഴി; നാവുകൊണ്ട് അവർ ചതിക്കുന്നു. സർപ്പവിഷം അവരുടെ അധരങ്ങൾക്ക് കീഴെ ഉണ്ട്. അവരുടെ വായിൽ ശാപവും കയ്പും നിറഞ്ഞിരിക്കുന്നു. അവരുടെ കാൽ രക്തം ചൊരിയുവാൻ ബദ്ധപ്പെടുന്നു. നാശവും അരിഷ്ടതയും അവരുടെ വഴികളിൽ ഉണ്ട്. സമാധാനമാർഗ്ഗം അവർ അറിഞ്ഞിട്ടില്ല. അവരുടെ ദൃഷ്ടിയിൽ ദൈവഭയമില്ല.''

സങ്കീർത്തനം അഞ്ചിൻെറ ഒൻപതിൽ വായിക്കുന്നതു തന്നെ അപ്പോസ്തലൻ ഇവിടെ ഉദ്ധരിച്ചിരിക്കുകയാണ്.

''അവരുടെ വായിൽ ഒട്ടും നേരില്ല; അവരുടെ അന്തരംഗം നാശകൂപം തന്നെ. അവരുടെ തൊണ്ട തുറന്ന ശവക്കുഴിയാകുന്നു. നാവുകൊണ്ട് അവർ മധുരവാക്കു പറയുന്നു.''

''അവർ സർപ്പംപോലെ തങ്ങളുടെ നാവുകളെ കൂർപ്പിക്കുന്നു. അവരുടെ അധരങ്ങൾക്കു കീഴെ അണലിവിഷം ഉണ്ട്.'' സങ്കീ. 140:3.

''അവരുടെ വായിൽ ശാപവും കയ്പും നിറഞ്ഞിരിക്കുന്നു.'' എന്ന് റോമർ 3:14-ൽ കാണുന്നത് സങ്കീർത്തനങ്ങൾ 10:7-ൽ കാണാം.

''അവൻെറ വായിൽ ശാപവും വ്യാജവും സാഹസവും നിറഞ്ഞിരിക്കുന്നു. അവൻെറ നാവിൻകീഴിൽ ദോഷവും അതി ക്രമവും ഇരിക്കുന്നു.''

റോമർ 3-ൻെറ 15-17ൽ കാണുന്നു:

''അവരുടെ കാൽ രക്തം ചൊരിയുവാൻ ബദ്ധപ്പെടുന്നു. നാശവും അരിഷ്ടതയും അവരുടെ വഴികളിൽ ഉണ്ട്. സമാധാന മാർഗ്ഗം അവർ അറിഞ്ഞിട്ടില്ല. അവരുടെ ദൃഷ്ടിയിൽ ദൈവഭയം ഇല്ല.''

യെശയ്യാവ് 59:6-8 വരെ ഈ വാക്യങ്ങൾ കാണാം. അതു തന്നെയാണ് അപ്പോസ്തലനായ പൗലോസ് ഉദ്ധരിച്ചിരിക്കുന്നത്:

''അവരുടെ പ്രവൃത്തികൾ നീതികെട്ട പ്രവൃത്തികൾ; സാഹസകർമ്മങ്ങൾ അവരുടെ കൈക്കൽ ഉണ്ട്. അവരുടെ കാൽ ദോഷത്തിന്നായി ഓടുന്നു; കുറ്റമില്ലാത്ത രക്തം ചിന്തുവാൻ അവർ ബദ്ധപ്പെടുന്നു; അവരുടെ നിരൂപണങ്ങൾ അന്യായനിരൂ പണങ്ങൾ ആകുന്നു; ശൂന്യവും നാശവും അവരുടെ പാതകളിൽ ഉണ്ട്. സമാധാനത്തിൻെറ വഴി അവർ അറിയുന്നില്ല. അവരുടെ നടപ്പിൽ ന്യായവും ഇല്ല.''

''ദുഷ്ടന്നു തൻെറ ഹൃദയത്തിൽ പാപാദേശമുണ്ട്, അവൻെറ ദൃഷ്ടിയിൽ ദൈവഭയമില്ല.'' സങ്കീ. 36:1.

റോമർ 3-ൻെറ 13, 14 വാക്യങ്ങൾ മനുഷ്യൻെറ സംസാര ത്തിലെ പാപത്തെയാണ് വിശദീകരിക്കുന്നത്. തൊണ്ട, നാവ്, അധരങ്ങൾ, വായ് എന്നീ അവയവങ്ങളിലുള്ള പാപത്തെ ചൂണ്ടി ക്കാണിക്കുന്നു. ദൈവത്തെ സ്തുതിക്കാനും സാക്ഷിക്കാനും സമർപ്പിക്കപ്പെട്ട വായും മറ്റും മനുഷ്യൻ എത്ര വൃത്തിഹീനമായ സംസാരത്തിനുവേണ്ടി വിനിയോഗിക്കുന്നു!

‘‘മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിനും ന്യായ വിധിദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടിവരും.’’ എന്ന് നമ്മുടെ കർത്താവ് അരുളിച്ചെയ്യുന്നു. മത്തായി 12:36.

‘‘ഹൃദയം നിറഞ്ഞു കവിയുന്നതിൽനിന്നല്ലോ വായ് സംസാരിക്കുന്നത്.’’ മത്തായി 12:34.

‘‘ഹൃദയമോ ദുരാഗ്രഹത്തെ പിന്തുടരുന്നു.’’ യെഹസ്കേൽ 33:31.

‘‘ഹൃദയം എല്ലാറ്റിനെക്കാളും കപടവും വിഷമവുമുള്ളത്.’’ യിരമ്യാവ് 17:9.

ഹൃദയത്തിൽ നിറഞ്ഞുവരുന്ന അശുദ്ധിയും മറ്റു പാപങ്ങളുമാണ് ശരീരത്തിലെ ഓരോ അവയവങ്ങളിൽകൂടി പ്രതിഫലിക്കുന്നത്.

ഇങ്ങനെ പാപം നിറഞ്ഞ ഹൃദയവും തൻമൂലം പാപം നിറഞ്ഞ ജീവിതവുമായി നശിച്ചുകൊണ്ടിരുന്ന ഒരാളാണ് ഇന്ന് മാനസാന്തരപ്പെട്ട് ഒരു നല്ല ജീവിതം നയിക്കുന്ന ശ്രീ പൗലോസ് തട്ടാറയിൽ. പൗലോസ് ഇന്ന് കടയിരുപ്പ് സിന്തൈറ്റ് ഇൻഡസ്ട്രീസിലെ ഡ്രൈവർ ആയി ജോലി ചെയ്യുന്നു.

പൗലോസിൻെറ ജീവിതത്തിൽ പാപങ്ങളിൽനിന്ന് തിരിയാനിടയായതെങ്ങനെ എന്ന് ഇപ്പോൾ ചോദിച്ചറിയാം.

പൗലോസിൻെറ ആദ്യകാല ജീവിതത്തെക്കുറിച്ച് ഒന്ന് വിവരിക്കാമോ?

ഞാൻ പഴന്തോട്ടം യാക്കോബായ പള്ളി ഇടവകാംഗമാണ്. വളരെ പാവപ്പെട്ട ഒരു കുടുംബത്തിലാണ് ഞാൻ ജനിച്ചത്. എന്നും പട്ടിണിയും രോഗവുംകൊണ്ടു വലഞ്ഞ ഒരു കുടുംബം.

എനിക്ക് നാലു സഹോദരൻമാരുണ്ടായിരുന്നു. അവർ നാലുപേരും ഓരോരുത്തരായി മരിച്ചു. ഞാൻ മാത്രമായി ശേഷിച്ചു ആഹാരത്തിനു മാത്രമല്ല, ഉടുതുണിക്കുപോലും ഞാൻ കൊതിച്ചിട്ടുണ്ട്. ഞാൻ കാര്യമായിട്ടൊന്നും പഠിച്ചിട്ടില്ല.

പത്തു വയസ്സു മുതൽ പുറത്തു പറയാൻ ഇന്ന് അറപ്പു തോന്നുന്ന അനേകം പാപങ്ങൾക്ക് ഞാൻ അടിമയായി. പ്രകട മായ പാപങ്ങളിൽ മുഴുകി, വെറിക്കൂത്തിലും മദ്യപാനത്തിലും അശുദ്ധജീവിതത്തിലും രസിച്ച് ഞാൻ ജീവിച്ചു. ആ കാലങ്ങ ളിൽ ഞാൻ മുടങ്ങാതെ പള്ളിയിൽ പോകുമായിരുന്നു; സണ്ടേ സ്കൂളിൽ പഠിച്ചിരുന്നു. ഓമല്ലൂർ പള്ളിയിലേക്ക് നടന്ന് തീർത്ഥ യാത്ര പോകുമായിരുന്നു. കോതമംഗലം പള്ളി, പിറവം പള്ളി മുതലായ പള്ളികളിൽ നേർച്ച കഴിക്കാൻ പോകുമായിരുന്നു. പക്ഷേ നേർച്ച കഴിച്ച് തിരിച്ചുപോരുമ്പോൾ കള്ളുഷാപ്പിൽ കയറി മദ്യപിക്കുമായിരുന്നു. ദൈവം ഉണ്ടോ ഇല്ലയോ അതൊന്നും എനിക്ക് വിഷയമായിരുന്നില്ല.

എനിക്ക് ഭാര്യയായി ലഭിച്ചത് ഒരു ദൈവദാസൻെറ മകളാ യിരുന്നു. അദ്ദേഹം സാറിൻെറ വീട്ടിൽ നടക്കുന്ന യോഗത്തിൽ സംബന്ധിക്കുന്ന ഒരു നല്ല ഭക്തനായ മനുഷ്യനായിരുന്നു. ഞാൻ മദ്യപിച്ച് കൂത്താടി വന്ന് ഭാര്യയെ കഠിനമായി മർദ്ദിക്കുമായി രുന്നു. ഭക്ഷണം തരുന്ന പാത്രങ്ങൾ ഞാൻ എറിഞ്ഞുടച്ചിട്ടുണ്ട്. എൻെറ അപ്പനെയും അമ്മയെയും എനിക്ക് ഒട്ടും ബഹുമാനമോ അനുസരണമോ ഇല്ലായിരുന്നു. അവരോടെല്ലാം ഞാൻ അസഭ്യ വാക്കുകൾ പറയുമായിരുന്നു.

എൻെറ മർദ്ദനം സഹിക്കവയ്യാതെ ഒരു ദിവസം എൻെറ ഭാര്യ ആത്മഹത്യ ചെയ്യുമെന്ന് പറഞ്ഞു. അപ്പോൾ ഞാൻ പറഞ്ഞു: ‘‘നീ ആത്മഹത്യ ചെയ്താൽ എനിക്ക് സന്തോഷമേ യുള്ളൂ’’, എന്ന്. ഞാൻ അത്ര ദുഷ്ടനായിരുന്നു.

ഞങ്ങൾക്ക് മൂന്നു കുഞ്ഞുങ്ങളുണ്ടായി. എന്നും രോഗവും കഷ്ടതയും ദുരിതവുമായി കുടുംബമാകെ കലങ്ങി. അന്ന് ഞാൻ

സാറിനെ വളരെ ദുഷിക്കുകയും പരിഹസിക്കുകയും ചെയ്തിട്ടുണ്ട്.

ഈ അവസ്ഥയ്ക്ക് മാറ്റം വന്നതെങ്ങനെയാണ്?

എൻെറ തകർന്ന കുടുംബജീവിതം കണ്ട് അതിവേദനപ്പെട്ട എൻെറ അമ്മായപ്പൻ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൻെറ യോഗത്തിലേക്ക് എന്നെ ക്ഷണിച്ചുകൊണ്ടിരുന്നു. അങ്ങനെ ഞാൻ ഒരു കൺവൻഷനിൽ പോയി. അന്ന് സാറിൻെറ വായിൽ കൂടെ വന്ന വചനം എന്നെ ആകെ ഇളക്കിമറിച്ചു. എൻെറ സകല പാപങ്ങളെയും ഞാനന്ന് ഉപേക്ഷിച്ചു.

പിന്നീട് തുടർന്ന് ഞാൻ യോഗങ്ങളിൽ മുടങ്ങാതെ പങ്കെടുത്തുകൊണ്ടിരുന്നു. അപ്പോഴാണ് മോഷണവസ്തുക്കൾ തിരികെ കൊടുത്ത് മാപ്പു ചോദിക്കാനും അനേകം കാര്യങ്ങളിൽ നീക്കുപോക്കു വരുത്താനും ദൈവം കൃപ നൽകിയത്.

ഇപ്പോഴത്തെ അനുഭവമെന്താണ്?

വലിയോരു സമാധാനം ഇന്ന് ഞാനനുഭവിക്കുന്നു. എണ്ണിയാൽ തീരാത്ത പാപങ്ങൾ കർത്താവ് ക്ഷമിച്ചുതന്നു എന്നെനിക്ക് നല്ല ഉറപ്പു ലഭിച്ചു. കാരണം ഇപ്പോൾ പഴയ പാപങ്ങളൊന്നും എന്നെ അലട്ടുന്നില്ല. പട്ടിണിയും ദുരിതവുമായിരുന്ന എൻെറ വീട്ടിൽ ഇന്ന് സമൃദ്ധിയാണ്. എനിക്ക് നല്ല ശമ്പളവുമുണ്ട്. എൻെറ മകന് നല്ല ജോലിയുണ്ട്.

യേശുവിനെ സ്നേഹിച്ച്, യേശുവിൻെറ വിശുദ്ധനായി അന്ത്യത്തോളം നില്ക്കുമെന്ന് ഞാൻ ഉറച്ച തീരുമാനമെടുത്തിരിക്കയാണ്. മുപ്പത്തേഴാമത്തെ വയസ്സിലാണ് ഞാൻ മാനസാന്തരപ്പെട്ടത്. ഇന്നെനിക്ക് അമ്പത്തിരണ്ടു വയസ്സുണ്ട്. എൻെറ ആയുസ്സിൻെറ നല്ല ഒരു ഭാഗം പാപത്തിനുവേണ്ടി പാഴാക്കിക്കളഞ്ഞല്ലോ എന്ന ഒരു ദുഃഖം എനിക്കുണ്ട്. ശിഷ്ടായുസ്സ് മുഴുവനും യേശുവിനുവേണ്ടി എരിഞ്ഞു തീരാൻ യേശുവിൻെറ ആണിപ്പാടുള്ള കരങ്ങളിലേക്ക് എന്നെ ഏല്പിച്ചിരിക്കയാണ്.

പ്രിയപ്പെട്ട പൗലോസിൻെറ ശരീരാവയവങ്ങൾ പാപത്തിന്നും പിശാചിന്നും അടിമപ്പെട്ടിരുന്നെങ്കിലും അവ ഇന്ന് സ്വാതന്ത്ര്യം പ്രാപിച്ച് ക്രിസ്തുവിൻെറ മഹത്വത്തിനുവേണ്ടി പ്രയോജനപ്പെടുകയാണ്. ദൈവതേജസ്സു നഷ്ടപ്പെട്ടുപോയിരുന്നെങ്കിലും ക്രിസ്തുവിൻെറ തിരുരക്തത്താൽ നീതീകരണം ലഭിച്ച് ദൈവകൃപ അനുഭവിക്കുകയാണ്.

ഒരുത്തൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടിയാകുന്നു. പുതുക്കത്തിൻെറ അനുഭവത്തിൽ ജീവിക്കുന്നത് എന്തു ഭാഗ്യമാണ്! അശുദ്ധിക്കും അഴുക്കിന്നും ഏല്പിച്ച് നിത്യശിക്ഷയ്ക്ക് അർഹമായിരുന്ന അവയവങ്ങൾ നീതീകരണത്തിൻെറ ഭാഗ്യാനുഭവത്തിൽ ഉല്ലസിക്കുന്നത് എത്ര ശ്രേഷ്ഠമാണ്.

പ്രിയ സ്നേഹിതാ, നിൻെറ ജീവിതത്തിൽ ഈ ഭാഗ്യകരമായ നീതീകരണം നീ അനുഭവമാക്കിയോ? കഴിഞ്ഞകാല പാപങ്ങളെല്ലാം ക്രിസ്തുവിൻെറ രക്തത്താൽ കഴുകപ്പെട്ട് വിശുദ്ധീകരണത്തിൻെറ അനുഭവത്തിൽ ജീവിക്കാൻ നീ കൊതിക്കുന്നുവോ?

എങ്കിൽ നിൻെറ ജീവിതം ക്രിസ്തുവിൻെറ അരുമ കരങ്ങളിലേക്ക് ഇപ്പോൾ യാതൊരു വ്യവസ്ഥയുമില്ലാതെ സമർപ്പിക്കൂ. ഹൃദയത്തിൻെറ ആഴത്തിൽനിന്ന് ക്രിസ്തുവിനോട് നീ പറയൂ: നാഥാ, ഇന്നുമുതൽ ഞാനൊരു പുതിയ മനുഷ്യൻ; യേശുവേ, ഇന്നുമുതൽ ഞാനൊരു പുതിയ സൃഷ്ടിയായി ജീവിക്കും.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

★ ★ ★

# ഏഴ്

*‘‘അബ്രാഹാം ദൈവത്തെ വിശ്വസിച്ചു.*
*അത് അവന്ന് നീതിയായി കണക്കിട്ടു.’’ റോമർ 4:3.*

ഉല്പത്തിപ്പുസ്തകം പതിനഞ്ചാമദ്ധ്യായം ആറാം വാക്യമാണ് റോമർക്കെഴുതിയ ലേഖനത്തിൽ അപ്പോസ്തലനായ പൗലോസ് ഉദ്ധരിച്ചിരിക്കുന്നത്.

‘‘അബ്രാഹാം യഹോവയിൽ വിശ്വസിച്ചു. അത് അവൻ അവന്ന് നീതിയായി കണക്കിട്ടു.’’ ഉല്പത്തി 15:6.

ഗലാത്യലേഖനത്തിൽ അപ്പോസ്തലൻ ഇത് വീണ്ടും ഉദ്ധരിക്കുന്നുണ്ട്.

‘‘അബ്രാഹാം ദൈവത്തിൽ വിശ്വസിച്ചു. അത് അവന്ന് നീതിയായി കണക്കിട്ടു എന്നുണ്ടല്ലൊ.’’ ഗലാത്യർ 3:6.

ഇതുതന്നെ യാക്കോബും പറയുന്നു:

‘‘അബ്രാഹാം ദൈവത്തെ വിശ്വസിക്കയും അത് അവന്ന് നീതിയായി കണക്കിടുകയും ചെയ്തു എന്നുള്ള തിരുവെഴുത്ത് നിവൃത്തിയായി. അവൻ ദൈവത്തിൻെറ സ്നേഹിതൻ എന്ന് പേർ പ്രാപിച്ചു.’’ യാക്കോബ് 2:23.

റോമർക്കെഴുതിയ ലേഖനം നാലാം അദ്ധ്യായത്തിൽ ‘കണക്കിടുക’ എന്ന അർത്ഥത്തിലുള്ള ഗ്രീക്കുപദം പതിനൊന്നു

പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. Logizonai എന്നതാണ് ആ ഗ്രീക്കു പദം. ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്തപ്പോൾ മൂന്നു പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്: count, reckon, impute. ഇതിൻെറ അർത്ഥം ഒരാളുടെ കണക്കിൽ പെടുത്തുക - to put to one's account - എന്നാണ്.

അബ്രാഹാമിന് നൽകിയ നീതീകരണം ഉദാഹരിച്ചുകൊണ്ട് പാപിക്കു ലഭിക്കുന്ന സൗജന്യ നീതീകരണത്തെക്കുറിച്ച് വിശദമായി പ്രതിപാദിക്കുകയാണ് റോമർ നാലാമദ്ധ്യായത്തിൽ.

റോമർക്കെഴുതിയ ലേഖനം ഒന്നാമദ്ധ്യായം പതിനെട്ടാം വാക്യം മുതൽ മൂന്നാമദ്ധ്യായം ഇരുപതാം വാക്യം വരെ നീതീകരണത്തിൻെറ ആവശ്യകതയെക്കുറിച്ചാണ് വിവരിക്കുന്നതെന്ന് നാം മുമ്പ് ചിന്തിച്ചുവല്ലോ. Sin - Righteousness demanded.

മൂന്നാം അദ്ധ്യായം ഇരുപത്തൊന്നാം വാക്യം മുതൽ അഞ്ചാം അദ്ധ്യായം അവസാനിക്കുന്നതുവരെ പ്രതിപാദിക്കുന്നത് രക്ഷ - നീതീകരണത്തിൻെറ പ്രഖ്യാപനം എന്നതാണ്. Salvation - Righteousness declared.

രക്ഷ ആത്മാവിൻെറ രക്ഷയാണ്. പാപി ശിക്ഷിക്കപ്പെടേണ്ടവനാണ്. പാപി നിത്യശിക്ഷയ്ക്കർഹനാണ്. അവന് നിത്യരക്ഷ നൽകുന്നതാണ് അവൻെറ പാപങ്ങൾ സൗജന്യമായി ക്ഷമിച്ചുകൊടുക്കുന്നത്. ദാവീദിൻെറ മഹാപാപം ദൈവം ക്ഷമിച്ചുകൊടുത്തതിനെപ്പറ്റി ഹൃദയം നിറഞ്ഞ നന്ദിയോടെ ദാവീദ് പറയുന്നത് കേൾക്കൂ:

‘‘ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ. യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടം ഇല്ലാതെയുമിരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.’’ സങ്കീ. 32:1.

പാപം ഇല്ലാഞ്ഞിട്ടല്ല; പാപം മറച്ചു തരികയാണ്. ലംഘനം ഇല്ലാഞ്ഞിട്ടല്ല; ലംഘനം ക്ഷമിച്ചു തരികയാണ്. ഇതാണ് ആത്മരക്ഷ.

ഈ ആത്മരക്ഷ സൗജന്യമാണ്. മനുഷ്യൻ ചെയ്യുന്ന ഒരു നീതിപ്രവൃത്തിയാലുമല്ല ഈ രക്ഷ ലഭിക്കുന്നത്. അവൻ നിയമം പ്രമാണിക്കുന്നതിനാലുമല്ല ഈ രക്ഷ അനുഭവിക്കുന്നത്. മനുഷ്യൻ അതിനായി ഒന്നും ചെയ്യേണ്ട ആവശ്യമില്ല.

എന്നാൽ നിത്യസ്നേഹമായ ദൈവത്തെ സംബന്ധിച്ച് അത് വലിയ വില കൊടുക്കേണ്ട കാര്യമാണ്. മനുഷ്യന്റെ രക്ഷയ്ക്കു വേണ്ടി ദൈവം കൊടുത്ത വിലയെ വിശദമാക്കുവാൻ തിരുവചനത്തിൽ മൂന്നു പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്; വീണ്ടെടുപ്പ് **(Redemption)**, പ്രായശ്ചിത്തം **(Propitiation)**, രക്തം **(Blood)**.

അന്യാധീനപ്പെട്ടുപോയ ഒരു വസ്തു വില കൊടുത്ത് വാങ്ങുന്നതാണ് വീണ്ടെടുപ്പ്. വീണ്ടെടുപ്പിനുവേണ്ടി കൊടുക്കേണ്ടിവരുന്ന മറുവിലയാണ് പ്രായശ്ചിത്തം. പ്രായശ്ചിത്തമായ മറുവിലയായി പിതാവായ ദൈവം നൽകിയത് തന്റെ അരുമകുമാരന്റെ തിരുരക്തമത്രേ.

''വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു.'' റോമർ 3:25.

''ഒരുത്തൻ പാപം ചെയ്തു എങ്കിലോ നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ അടുക്കൽ ഉണ്ട്. അവൻ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമാകുന്നു. നമ്മുടേതിന്നു മാത്രമല്ല, സർവ്വലോകത്തിന്റെ പാപത്തിന്നും തന്നെ.'' 1 യോഹ. 2:1-2.

''നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ച് തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമാകുവാൻ അയച്ചതുതന്നെ സാക്ഷാൽ സ്നേഹമാകുന്നു.'' 1 യോഹ. 4:10.

വീണ്ടെടുപ്പിനെക്കുറിച്ചും അതിനു മറുവിലയായി കൊടുത്ത തിരുരക്തത്തെക്കുറിച്ചും പത്രോസ് അപ്പോസ്തലൻ പറയുന്നു:

''വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽനിന്ന് നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി, മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിൻെറ വിലയേറിയ രക്തംകൊണ്ടത്രേ.'' 1 പത്രോസ് 1:18.

പാപം ചെയ്ത മനുഷ്യനെ ദൈവം നീതിമാൻ എന്ന് എണ്ണുകയാണ്. അഭക്തനെ ദൈവം നീതീകരിക്കുകയാണ്. റോമർ 4:5. എന്നാൽ ദൈവികനിയമം അനുശാസിക്കുന്നത്:

''ഞാൻ ദുഷ്ടനെ നീതീകരിക്കയില്ലല്ലൊ'' എന്നാണ്. പുറപ്പാട് 23:7.

പഴയനിയമ ന്യായാധിപന് നൽകിയ ദൈവിക കല്പന ''നീതിമാനെ നീതീകരിക്കുകയും കുറ്റക്കാരനെ കുറ്റം വിധിക്കുകയും വേണം'' എന്നായിരുന്നു. ആവ. 25:1.

ശലോമോൻ ദേവാലയം സമർപ്പിച്ചപ്പോൾ ദൈവത്തോട് പ്രാർത്ഥിച്ചത്, ''ദുഷ്ടൻെറ നടപ്പ് അവൻെറ തലമേൽ വരുത്തി അവനെ ശിക്ഷിപ്പാനും നീതിമാൻെറ നീതിക്കു തക്കവണ്ണം അവന്നു നൽകി അവനെ നീതീകരിപ്പാനും'' അത്രേ. 1 രാജാക്കൻമാർ 8:31-32.

എന്നാൽ നിത്യസ്നേഹമായ ദൈവം അഭക്തനെ കുറ്റമില്ലാത്തവൻ എന്ന് പരിഗണിക്കുകയാണ്. കുറ്റവാളിയെ കുറ്റമില്ലാത്തവൻ (not guilty) എന്ന് കണക്കിടുകയാണ്.

''അബ്രാഹാം ദൈവത്തെ വിശ്വസിച്ചു, അത് അവന് നീതിയായി കണക്കിട്ടു.'' റോമർ 4:3.

കണക്കിടുക എന്നത് 'ഒരാളുടെ പേരിൽ കണക്കിൽ ചേർക്കുക' എന്ന അർത്ഥമുള്ള പ്രയോഗമാണ്. ഒരാൾ ഒരു ജോലി

ചെയ്ത് ശമ്പളം കിട്ടി. അയാൾ ആ തുക അയാളുടെ അക്കൗണ്ടിൽ ബാങ്കിൽ നിക്ഷേപിച്ചു.

എന്നാൽ ജോലി ചെയ്യാത്തയാളുടെ അക്കൗണ്ടിൽ അയാളെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന ഒരു നല്ല മനുഷ്യൻ രൂപ നിക്ഷേപിക്കുന്നു എന്നിരിക്കട്ടെ. അതാണ് ക്രിസ്തു ചെയ്തത്.

അബ്രാഹാം രക്ഷയ്ക്കുവേണ്ടി പ്രയത്നിച്ചില്ല. അവൻ ദൈവത്തിന്റെ വചനം വിശ്വസിക്കുക മാത്രം ചെയ്തു. രക്ഷയ്ക്കുവേണ്ടി ത്യാഗോജ്ജ്വലമായ പ്രവൃത്തി ക്രിസ്തു ക്രൂശിൽ നിവർത്തിച്ചു. അങ്ങനെ ചെയ്ത ക്രിസ്തുവിന്റെ നീതി അബ്രാഹാമിന്റെ അക്കൗണ്ടിലേക്ക് വരവുവെച്ചു.

ഉല്പത്തിപുസ്തകം പതിന്നാലാം അദ്ധ്യായത്തിൽ അബ്രാഹാം രാജാക്കൻമാരെ തോല്പിക്കുന്നതായി കാണുന്നു. തോറ്റ രാജാക്കൻമാർ വീണ്ടും വന്ന് യുദ്ധം ചെയ്യുമോ എന്ന് അബ്രാഹാമിന് ചിന്തയുണ്ട്. ദൈവം അബ്രാഹാമിനോട് പറഞ്ഞു:

''അബ്രാമേ, ഭയപ്പെടേണ്ട; ഞാൻ നിന്റെ പരിചയും നിന്റെ അതിമഹത്തായ പ്രതിഫലവും ആകുന്നു.'' ഉല്പത്തി 15:1.

രാജാക്കൻമാർ തിരികെ വന്ന് യുദ്ധം ചെയ്യുമോ എന്ന് ഭയമുള്ളതുകൊണ്ടാണ് ദൈവം അബ്രാഹാമിനോട് ''ഭയപ്പെടേണ്ട'' എന്ന് പറയുന്നത്. ''ഞാൻ നിന്റെ പരിച(shield)യായിരിക്കും'' എന്ന് പറയുന്നത് ശത്രുവിന്റെ ആക്രമണം നിന്റെ മേൽ ഏല്ക്കാതെ ഞാൻ പരിചപോലെ നിന്നെ മറച്ചുകൊള്ളാമെന്ന വാഗ്ദത്തം നൽകുവാനാണ്.

എന്നാൽ അബ്രാഹാമിനുവേണ്ട ഏറ്റവും മുഖ്യമായ ആവശ്യം ഒരു മകനെ ലഭിക്കുക എന്നതാണ്.

‘‘കർത്താവായ യഹോവേ, നീ എനിക്ക് എന്തു തരും? ഞാൻ മക്കളില്ലാത്തവനായി നടക്കുന്നുവല്ലൊ.’’ ഉല്പത്തി 15:2.

ദൈവം വാഗ്ദത്തം നൽകി.

‘‘നിന്റെ ഉദരത്തിൽനിന്ന് പുറപ്പെടുന്നവൻതന്നെ നിന്റെ അവകാശിയാകും.’’ പിന്നെ അവൻ അവനെ പുറത്തു കൊണ്ടുചെന്നു. നീ ആകാശത്തേക്കു നോക്കുക. നക്ഷത്രങ്ങളെ എണ്ണുവാൻ കഴിയുമെങ്കിൽ എണ്ണുക എന്നു കല്പിച്ചു. നിന്റെ സന്തതി ഇങ്ങനെ ആകും എന്നും അവനോട് കല്പിച്ചു. അവൻ യഹോവയിൽ വിശ്വസിച്ചു; അത് അവൻ അവന്ന് നീതിയായി കണക്കിട്ടു.’’ ഉല്പത്തി 15:4-6.

ദൈവത്തിന്റെ വാഗ്ദത്തം അബ്രാഹാം വിശ്വസിച്ചു. മോശയിൽകൂടി ന്യായപ്രമാണ കല്പനകൾ ലഭിക്കുന്നത് എത്രയോ വർഷങ്ങൾക്കു ശേഷമാണ്! അബ്രാഹാം കല്പനകൾ പ്രമാണിക്കുന്നതുകൊണ്ടല്ല നീതീകരിക്കപ്പെട്ടത്. ദൈവ ത്തിന്റെ കൃപയിലുള്ള വിശ്വാസത്താലാണ്.

‘‘അബ്രാഹാം ആശയ്ക്കു വിരോധമായി ആശയോടെ വിശ്വസിച്ചു. അവൻ ഏകദേശം നൂറു വയസ്സുള്ളവനാകയാൽ തന്റെ ശരീരം നിർജ്ജീവമായിപ്പോയതും സാറയുടെ ഗർഭപാത്ര ത്തിന്റെ നിർജ്ജീവത്വവും ഗ്രഹിച്ചിട്ടും വിശ്വാസത്തിൽ ക്ഷീണിച്ചില്ല. ദൈവത്തിന്റെ വാഗ്ദത്തത്തിങ്കൽ അവിശ്വാ സത്താൽ സംശയിക്കാതെ വിശ്വാസത്തിൽ ശക്തിപ്പെട്ട് ദൈവ ത്തിന്ന് മഹത്വം കൊടുത്തു. അവൻ വാഗ്ദത്തം ചെയ്തത് പ്രവർ ത്തിപ്പാനും ശക്തൻ എന്ന് പൂർണ്ണമായി ഉറച്ചു. അതുകൊണ്ട് അത് അവന്ന് നീതിയായി കണക്കിട്ടു. അവന്നു കണക്കിട്ടു എന്നെഴുതിയിരിക്കുന്നത് അവനെ വിചാരിച്ച് മാത്രമല്ല, നമ്മെ വിചാരിച്ചും കൂടെയാകുന്നു.’’ റോമർ 4:19-23.

പാപികളായ നമുക്ക് ഒരു കാരണവശാലും രക്ഷ പ്രാപിപ്പാൻ സാദ്ധ്യമല്ലായിരുന്നു. അപ്പോഴാണ് ദൈവസ്നേഹം തന്റെ പുത്രന്റെ നിർദ്ദോഷരക്തം നമുക്കുവേണ്ടി ചിന്തി

നമ്മെ വീണ്ടെടുക്കുവാൻ കനിഞ്ഞത്. നമ്മുടെ പാപങ്ങൾ ക്രിസ്തുവിൻെറ അക്കൗണ്ടിലേക്ക് ഇട്ടു. അതിനു പകരമായി ക്രിസ്തുവിൻെറ നീതീകരണം നമ്മുടെ അക്കൗണ്ടിലേക്കും ഇട്ടു.

ഇത് വിശ്വസിച്ച് അംഗീകരിക്കുന്നവനാണ് നീതീകരണം അനുഭവമാകുന്നത്. അബ്രാഹാമിൻെറ ജഡം നിർജ്ജീവമായി എന്ന് അംഗീകരിച്ചപ്പോഴാണ് ദൈവത്തിൻെറ കൃപയാലുള്ള ശക്തി പ്രവർത്തിച്ചത്. നാമും ആത്മാവിൽ മരിച്ചവർ എന്ന് അംഗീകരിക്കുമ്പോൾ മാത്രമേ ദൈവത്തിൻെറ രക്ഷ നമുക്ക് ലഭി ക്കുകയുള്ളു. പാപി അനുതാപത്തോടെ ഏറ്റുപറയണം. ഞാൻ ഒരു നഷ്ടപ്പെട്ട പാപിയാണ്; എനിക്ക് അഭിമാനിക്കാനൊന്നുമില്ല. എനിക്ക് അവകാശം പറയാനും ഒന്നുമില്ല. എനിക്ക് രക്ഷപ്പെടാൻ വേണ്ടി ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. ഞാനിതാ ആത്മാവിൽ മരി ച്ചിരിക്കുന്നു. എന്നെ രക്ഷിക്കണമേ. എൻെറ പാപം പോക്കി എന്നെ ജീവിപ്പിക്കണമേ.

ഈ പ്രാർത്ഥന ഹൃദയത്തിൽ ഉയരുന്നതിനാവശ്യം വിശ്വാസം മാത്രമത്രേ; നിർമ്മലവിശ്വാസം മാത്രം. ചോദ്യം ചെയ്യാത്ത വിശ്വാസം മാത്രം. ദൈവത്തിൻെറ കൃപയിലുള്ള വിശ്വാസം മാത്രം. യേശുക്രിസ്തുവിൻെറ തിരുരക്തത്തിൻെറ അത്ഭുതശക്തിയിലുള്ള വിശ്വാസം മാത്രം.

മാന്യ സ്നേഹിതാ, നീ നിൻെറ നിസ്സഹായത ഏറ്റു പറ യുമോ? നിൻെറ യാതൊരു പ്രവൃത്തികൊണ്ടും നീതീകരണം ലഭിക്കുകയില്ല എന്ന് അംഗീകരിക്കുമോ? ക്രിസ്തു നിനക്കു വേണ്ടി പ്രായശ്ചിത്തബലിയായി അർപ്പിക്കപ്പെട്ടു എന്ന് നീ വിശ്വസിക്കുമോ? ഊനമില്ലാത്ത കുഞ്ഞാടിൻെറ കുറ്റമില്ലാത്ത രക്തം നിൻെറ പാപത്തിന് മറുവിലയായി അർപ്പിക്കപ്പെട്ടു എന്ന് നീ അംഗീകരിക്കുമോ? വിശ്വാസത്താലുള്ള നീതീകരണം നിനക്ക് തരാൻ ക്രിസ്തു നിൻെറ അരികത്ത് കരം നീട്ടി നില്ക്കു ന്നത് നിൻെറ അകക്കണ്ണ് തുറന്ന് ഒന്ന് കാണുമോ? അവൻെറ ആണിപ്പാടുള്ള കരങ്ങളിലേക്ക് നിൻെറ ഭാവിജീവിതം ഒന്ന് ഏല്പിച്ചു കൊടുക്കുമോ?

സ്നേഹിതാ, അവൻെറ കൈകളിലേക്ക് കൊടുത്താൽ നഷ്ട മല്ല. അവൻ അത് വർദ്ധിപ്പിക്കും. അവൻ വാഴ്ത്തും. അയ്യായിര ങ്ങളുടെ വിശപ്പകലും. എരിപൊരി കൊള്ളുന്നവർക്ക് ആശ്വാസം ലഭിക്കും. നിനക്ക് പന്ത്രണ്ടു കൊട്ട നിറച്ച് കിട്ടും. നീ അഞ്ച പ്പവും രണ്ടു മീനുമേ കൊടുത്തുള്ളൂ. നിനക്ക് തിരികെ കിട്ടു ന്നതോ പന്ത്രണ്ടു കൊട്ട നിറയെ.

ആ ബാലകൻ ബേത്സയിദാ ദേശത്തുള്ള വിവിധ ഭവനങ്ങ ളിലേക്ക് ആ അപ്പനുറുക്കുകൾ പകർച്ച കൊടുത്തയയ്ക്കുന്ന ചിത്രം ഒന്ന് ഭാവനയിൽ കാണൂ. നിൻെറ ദേശത്ത് സമൃദ്ധി. നിൻെറ ഭവനത്തിൽ സമൃദ്ധി. നിൻെറ ചുറ്റുപാടും സമൃദ്ധി.

ഒന്നേ വേണ്ടൂ. നിനക്കുള്ളത് അവന് കൊടുക്കൂ. അവൻ കൈനീട്ടി നില്ക്കുന്നുണ്ട്. മടിക്കേണ്ട. അവൻെറ കൈകൾ നിന്നെ മെനഞ്ഞ കൈകളാണ്. അവൻെറ കൈകൾ നിന്നെ ചെളിക്കുഴിയിൽനിന്ന് കോരിയെടുത്ത കൈകളാണ്. വ്യവസ്ഥ കൂടാതെ അവനെ ഏല്പിക്കൂ. അവൻ ഒന്ന് വാഴ്ത്തട്ടെ. അവൻ ഒന്ന് നുറുക്കട്ടെ.

ദൈവനാമം മഹത്വപ്പെടട്ടെ.

★ ★ ★

# എട്ട്

*''വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട്*
*നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം*
*നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്.''*
*റോമർ 5:1.*

റോമർക്കെഴുതിയ ലേഖനത്തിൽ ശിക്ഷാവിധി (condemnation), നീതീകരണം (justification), ശിക്ഷാവിധി ഇല്ല (no condemnation), സമർപ്പണം (dedication) എന്നീ നാലു പദങ്ങൾ വിവരിച്ചിട്ടുണ്ട്. 3:19-20ൽ ശിക്ഷാവിധി(condemnation)യെക്കുറിച്ച് പറഞ്ഞിരിക്കുന്നു.

''അങ്ങനെ ഏതു വായും അടഞ്ഞ് സർവ്വലോകവും ദൈവ സന്നിധിയിൽ ശിക്ഷായോഗ്യമായിത്തീരേണ്ടതത്രേ.'' റോമർ 3:19.

നീതീകരണത്തെക്കുറിച്ച് മാത്രം പറഞ്ഞിരിക്കുന്ന അദ്ധ്യായമാണ് റോമർ അഞ്ച്. (Justification).

''വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്.'' റോമർ 5:1.

ശിക്ഷാവിധി ഇല്ല. (No condemnation) എന്നു പറഞ്ഞിരിക്കുന്നു എട്ടാമദ്ധ്യായത്തിൽ.

''അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ല.'' റോമർ 8:1.

സമർപ്പണത്തെക്കുറിച്ച് (Dedication) പന്ത്രണ്ടാമദ്ധ്യായ ത്തിൽ പറഞ്ഞിരിക്കുന്നു.

''നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീര ങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ.'' റോമർ 12:1.

പാപിയായ മനുഷ്യൻ ദൈവത്തോട് നിരപ്പ് പ്രാപിച്ചെ ങ്കിലേ, ദൈവത്തോട് സമാധാനം പ്രാപിച്ചെങ്കിലേ, ശിക്ഷാവിധി യിൽനിന്ന് മോചനം പ്രാപിച്ച് നിത്യരക്ഷ അവകാശമാക്കുക യുള്ളൂ. സ്വന്തമായി ദൈവത്തോട് നിരപ്പ് പ്രാപിക്കാൻ സാദ്ധ്യ മല്ല. സ്വന്തപ്രവൃത്തികൾകൊണ്ട് ദൈവവുമായി നിരപ്പാകാൻ സാദ്ധ്യമല്ല. സ്വന്തം അനുഷ്ഠാനങ്ങൾകൊണ്ടോ, നൻമപ്രവൃത്തി കൾകൊണ്ടോ ദൈവവുമായി നിരപ്പാകാൻ സാദ്ധ്യമല്ല.

നിത്യനായ ദൈവപുത്രൻ നിവർത്തിച്ച സ്നേഹത്തിൻെറ യാഗരക്തം മൂലം മാത്രമേ നിരപ്പു പ്രാപിക്കുകയുള്ളൂ. കുറ്റം ചെയ്ത് പിടിക്കപ്പെട്ടവനെ 'കുറ്റമില്ലാത്തവൻ' എന്ന് വിധി ക്കുന്ന അത്ഭുതം അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവനു മാത്രമേ ദൈവത്തോട് സമാധാനം ലഭിക്കുക യുള്ളൂ. അതാണ് തിരുവെഴുത്ത് പറയുന്നത്.

''വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്.'' റോമർ 5:1.

വിശ്വാസത്താലുള്ള നീതീകരണത്തിന് ഏഴ് ആത്മീയ അനു ഗ്രഹങ്ങളുണ്ട്.

ഒന്ന്, ദൈവത്തോട് സമാധാനം (Peace with God). റോമർ 5:1.

നീതീകരിക്കപ്പെടാത്ത മനുഷ്യൻ ദൈവത്തോട് ശത്രുതയിലാണ്. ''ശത്രുക്കളായിരിക്കുമ്പോൾത്തന്നെ....'' എന്ന് 5:10-ൽ കാണുന്നു. ''ജഡത്തിൻെറ ചിന്ത ദൈവത്തോട് ശത്രുത്വം ആകുന്നു'' എന്ന് റോമർ 8:7-ൽ കാണുന്നു. ''ലോകസ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു'' എന്ന് യാക്കോബ് 4:4.

യെശയ്യാവ് ഇക്കാര്യം മുൻകൂട്ടി പറഞ്ഞിട്ടുണ്ട്. ''ദുഷ്ടൻമാർക്ക് സമാധാനമില്ല'' എന്ന് 48:22-ലും ''നീതിയുടെ പ്രവൃത്തി സമാധാനവും നീതിയുടെ ഫലം ശാശ്വത വിശ്രാമവും നിർഭയതയും ആയിരിക്കും'' എന്ന് 32:17-ലും കാണുന്നു.

''ദയയും വിശ്വസ്തതയും തമ്മിൽ എതിരേറ്റിരിക്കുന്നു. നീതിയും സമാധാനവും തമ്മിൽ ചുംബിച്ചിരിക്കുന്നു'' എന്ന് സങ്കീ. 85:10-ൽ കാണുന്നത് നീതീകരണം മൂലം ലഭിക്കുന്ന സമാധാനമാണ്.

നാം വിശ്വാസത്താൽ നീതീകരിക്കപ്പെടുമ്പോൾ നമ്മെ കുറ്റമില്ലാത്തവൻ എന്ന് ദൈവം പ്രഖ്യാപിക്കുകയാണ്. അപ്പോഴാണ് ദൈവത്തോട് നിരപ്പ് ലഭിക്കുന്നത്.

Peace with God (ദൈവത്തോട് സമാധാനം) ലഭിച്ചാൽ ഉണ്ടാകുന്ന അനിവാര്യ ഫലങ്ങളാണ് Peace of God (ദൈവത്തിൻെറ സമാധാനം) എഫെ. 2:14. Peace with all people (മനുഷ്യരെല്ലാവരോടും സമാധാനം) എബ്രായർ 12:14.

രണ്ടാമത്തെ അനുഗ്രഹം കൃപയിലേക്കുള്ള പ്രവേശനമാണ്. (Access to God).

''നാം നില്ക്കുന്ന ഈ കൃപയിലേക്ക് നമുക്ക് അവൻമൂലം വിശ്വാസത്താൽ പ്രവേശനവും ലഭിച്ചിരിക്കുന്നു.'' റോമർ 5:2.

ദൈവാലയത്തിൽ യഹൂദൻ ദൈവസാന്നിദ്ധ്യത്തിൽനിന്ന് ഒരു മൂടുപടത്താൽ മറയ്ക്കപ്പെട്ടിരുന്നു. പുറജാതിക്കാരൻ

ദൈവാലയഭിത്തിക്ക് വെളിയിൽ നില്ക്കണമായിരുന്നു. അത് ലംഘിക്കുന്നവൻ കൊല്ലപ്പെടുമായിരുന്നു.

ക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ ഒന്നാമതായി തിരശ്ശീല കീറി - ദൈവമന്ദിരത്തിലെ തിരശ്ശീല നടുവെ ചീന്തിപ്പോയി - ലൂക്കോസ് 23:45.

രണ്ടാമതായി മതിൽ ഇടിച്ചു - വേർപാടിന്റെ നടുച്ചുവർ ഇടിച്ചു. എഫെസ്യർ 2:14.

ക്രിസ്തുവിൽ വിശ്വസിക്കുന്ന യഹൂദനും ജാതിയും ദൈവത്തോട് അടുത്തു ചെല്ലുവാൻ പ്രവേശനം പ്രാപിക്കുന്നു.

''അവൻ മൂലം നമുക്ക് ഇരുപക്ഷക്കാർക്കും ഏകാത്മാവിനാൽ പിതാവിങ്കലേക്ക് പ്രവേശനം ഉണ്ട്.'' എഫെസ്യർ 2:18.

''അതുകൊണ്ട് സഹോദരൻമാരേ, യേശു തന്റെ ദേഹം എന്ന തിരശ്ശീലയിൽകൂടി നമുക്കു പ്രതിഷ്ഠിച്ച ജീവനുള്ള പുതു വഴിയായി, തന്റെ രക്തത്താൽ വിശുദ്ധ മന്ദിരത്തിലേക്കുള്ള പ്രവേശനത്തിന്നു ധൈര്യവും ദൈവാലയത്തിൻമേൽ ഒരു മഹാ പുരോഹിതനും നമുക്കുള്ളതുകൊണ്ട് നാം ദുർമ്മനസാക്ഷി നീങ്ങുമാറു ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധവെള്ളത്തിൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ട് പരമാർത്ഥ ഹൃദയത്തോടെ അടുത്തുചെല്ലുക.'' എബ്രായർ 10:19-22.

ക്രിസ്തുവിന്റെ ക്രൂശിലെ മരണത്താൽ നീതീകരണവും തൻമൂലം ദൈവസന്നിധിയിൽ നിരപ്പും പ്രാഗത്ഭ്യവും ലഭിച്ച ഒരു ദൈവപൈതലാണ് അമൃതധാരാ ഗായകസംഘത്തിലെ ഗായികയായ ഷീല രാജു.

ഷീലയുടെ ജീവിതത്തിൽ ആത്മീയമായ താല്പര്യത്തിലേക്ക് വരാനിടയായ സാഹചര്യങ്ങളെന്തെല്ലാമാണ്?

ഞാൻ കുറ്റിയാംചാലിൽ ഒരു പാവപ്പെട്ട യാക്കോബായ കുടുംബത്തിൽ ജനിച്ചു. വളരെ ദുഃഖത്തിലും ദുരിതത്തിലും വലഞ്ഞ ഒരു ജീവിതമാണ് എൻേറത്.

എൻെറ തീരെ ചെറുപ്രായത്തിൽ അപ്പൻ മരിച്ചു. അമ്മയുടെ കണ്ണുനീരും യാതനയും കണ്ട് ഞാൻ വളരെ നിരാശപ്പെട്ടിട്ടുണ്ട്. പാട്ടു പാടുന്നത് എനിക്കിഷ്ടമായിരുന്നു. അന്ന് ശോകഗാനങ്ങൾ പാടിയിരുന്ന് ഞാൻ ആശ്വസിച്ചിട്ടുണ്ട്.

പള്ളിയിൽപോക്കും ആരാധനയും കുടുംബപ്രാർത്ഥനയും സണ്ടേസ്കൂളും എല്ലാം ഞങ്ങൾക്കുണ്ടായിരുന്നു. പക്ഷേ എൻെറ ഹൃദയം നിറയെ പാപമായിരുന്നു. അനുസരണക്കേടും അശുദ്ധ മോഹങ്ങളും മലിന വിചാരങ്ങളും അസൂയയും ദ്രവ്യാഗ്രഹവും അഹങ്കാരവും എനിക്കുണ്ടായിരുന്നു. എല്ലാവരുടെയും മുമ്പിൽ നല്ലവൾ എന്ന പേര് വേണം, ലോകത്തിൽ വലിയവൾ ആകണം, ഉന്നത പദവിയിലെത്തണം എന്നെല്ലാം അന്ന് ആഗ്രഹിച്ചിരുന്നു. വളരെ വൃത്തികെട്ട ചിന്തകളും മോഹങ്ങളും എൻെറ ഉള്ളിലു ണ്ടായിരുന്നു. പക്ഷേ, അതൊന്നും അത്ര കാര്യമായി ഞാനെടു ത്തിരുന്നില്ല. ഞാൻ ഒറ്റപ്പെട്ടവൾ, ഞാൻ ആരുമില്ലാത്തവൾ എന്ന ഒരു വലിയ നിരാശ എന്നെ ബാധിച്ചിരുന്നു.

ഇതെല്ലാം വിട്ട് ഒരു മാനസാന്തര ജീവിതത്തിലേക്ക് വരാനിട യായ സാഹചര്യങ്ങളെന്തെല്ലാമായിരുന്നു?

ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൻെറ ഒരു കൺവൻഷൻ എൻെറ നാട്ടിൽ നടക്കുകയുണ്ടായി. അതിൽ മൂന്നാം ദിവസം, ഒരു കാരണവും കൂടാതെ എൻെറ ശബ്ദം നിശ്ശേഷം അടഞ്ഞു പോയി. ഒട്ടും ശബ്ദം ലഭിക്കുകയില്ലേ എന്ന് ഞാൻ ചിന്തിച്ചു. ഞാൻ ഏറ്റവും വലിയ നിരാശയിലായി.

അന്ന് ഈ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിലെ ചില ദൈവമക്കൾ വന്ന് എന്നോട് പറഞ്ഞു. ജീവിതവും ശബ്ദവും എല്ലാം ദൈവത്തിന്നായി സമർപ്പിക്കുക എന്ന്. ഞാൻ എല്ലാം സമർപ്പിച്ചു. തന്നെയുമല്ല, ഞാൻ ഒരു കാര്യംകൂടി പ്രതിഷ്ഠിച്ചു.

1

‘‘കർത്താവേ നീ തന്ന ശബ്ദംകൊണ്ട് ഇനി നിനക്കായി മാത്രമേ ഞാൻ പാടുകയുള്ളൂ’’ എന്ന്. ഇനി ഈ ലോകത്തിനുവേണ്ടി ഞാൻ പാടുകയില്ല എന്ന് ഞാൻ തീരുമാനിച്ചു. അന്നു മുതൽ എൻെറ ശബ്ദം എനിക്ക് തിരിച്ചുകിട്ടി. എൻെറ നാവു മാത്രമല്ല, എൻെറ ഹൃദയവും പാടുന്നത് ഞാൻ അനുഭവിച്ചു.

തുടർന്നുണ്ടായ അനുഭവങ്ങളെന്തെല്ലാമാണ്?

സാറിൻെറ വീട്ടിൽ വന്ന് രണ്ടാം ശനിയാഴ്ച യോഗങ്ങളിൽ മുടങ്ങാതെ പങ്കെടുത്തപ്പോൾ എനിക്ക് ആഴമേറിയ പാപബോധ മുണ്ടായി. എൻെറ ഹൃദയം എത്ര അഴുക്കു നിറഞ്ഞതാണെന്നും എത്ര ദുഷ്ടഹൃദയമാണെനിക്കുള്ളതെന്നും ഞാൻ മനസ്സിലാക്കി. പുറമെ പല പാപങ്ങളും ഞാൻ ഉപേക്ഷിച്ചു എങ്കിലും എൻെറ അകം ചീഞ്ഞ് ദുർഗ്ഗന്ധം നിറഞ്ഞിരിക്കുകയാണെന്ന് ഞാന റിഞ്ഞു. ഞാൻ ആ പാപങ്ങളെല്ലാം മാറാൻ പരിശുദ്ധാത്മ കൃപയ്ക്കായി ഉപവാസത്തോടെ പ്രാർത്ഥിച്ചു.

അതിനെ തുടർന്നാണ് എൻെറ വിവാഹം നടന്നത്. കർത്താ വിനെ സ്നേഹിക്കുന്ന, യഥാർത്ഥ മാനസാന്തരാനുഭവത്തിൽ നിൽക്കുന്ന ഒരു ദൈവപൈതലിനെ ഈ കൂട്ടായ്മയിൽനിന്നു തന്നെ എനിക്ക് ഭർത്താവായി കിട്ടി.

എന്നാൽ ഒരു വലിയ അത്യാഹിതം ഞങ്ങൾക്കുണ്ടായി. ഞങ്ങൾക്ക് കർത്താവ് തന്ന മോൻ നാലുമാസം പ്രായമുള്ളപ്പോൾ പെട്ടെന്ന് അക്കരദേശത്തേക്കു കടന്നുപോയി. ഞാൻ എൻെറ ജീവിതത്തിൽ ചില പാഠങ്ങൾ പഠിക്കുവാൻ അത് കാരണമായി ത്തീർന്നു. ദൈവത്തോടുള്ള ഭക്തിയും ഏകാഗ്രതയും കുറഞ്ഞ് പ്രാർത്ഥനാജീവിതത്തിൽ അലസത വന്ന്, ഞാൻ പിശാചിന് ഇടം കൊടുത്തപ്പോൾ, സാത്താൻ ഞങ്ങളെ ഉപദ്രവിച്ചതാണെന്ന് എനിക്കു മനസ്സിലായി. അറുപ്പാനും മുടിപ്പാനും മോഷ്ടിപ്പാനും വന്ന പിശാച് ഇടം കിട്ടിയാൽ തകർത്തുകളയുമെന്നും പിശാചിന്ന് ഇടം കൊടുക്കാതെ തീക്ഷ്ണതയോടെ നില്ക്കണ മെന്നും വലിയൊരു പാഠം കർത്താവ് ഞങ്ങൾക്ക് തന്നു.

ആകട്ടെ, ഇന്നത്തെ അനുഭവമെന്താണ്?

ഇന്ന് ഞങ്ങൾക്ക് വീണ്ടും രണ്ടു കുഞ്ഞുങ്ങളെ തന്നിട്ടുണ്ട്. കൂടുതൽ കൂടുതൽ ശുദ്ധീകരണം കർത്താവ് തന്നുകൊണ്ടിരിക്കുന്നു. മറ്റുള്ളവരെ വിധിക്കുക, അവരുടെ കുറ്റം കാണുക, എന്റെ കുറ്റം കാണാതിരിക്കുക, പരിശുദ്ധാത്മാവിനെ തിരിച്ചറിയാതിരിക്കുക, പരിശുദ്ധാത്മാവിന് വിനയപ്പെടാതിരിക്കുക മുതലായ എത്രയോ പാപങ്ങൾ എന്നിൽ മറഞ്ഞുകിടക്കുന്നു എന്നറിഞ്ഞ് അവയെല്ലാം മാറിക്കിട്ടാൻവേണ്ടി ഞാൻ നിരന്തരം പ്രാർത്ഥനയോടെ കഴിയുന്നു. പാപം വെളിപ്പെടുത്തി നിശിതമായി ഇടപെടുന്ന പരുശുദ്ധാത്മാവിന് കീഴ്പെടാനും പാപം വെളിപ്പെടുന്നതിൽ സന്തോഷിക്കാനും തുടങ്ങിയതോടെ ഇന്ന് ഞാൻ അളവില്ലാത്ത സന്തോഷം അനുഭവിക്കുന്നു.

ലോകപ്രകാരവും ദൈവം ഞങ്ങളെ അനുഗ്രഹിച്ചു. ഒരു നല്ല വീട് വെയ്ക്കാൻ കർത്താവ് കൃപ നൽകി. ഐശ്വര്യമായി കർത്താവ് നടത്തിക്കൊണ്ടിരിക്കുന്നു. ഒന്നിനും കുറവില്ലാതെ നടത്തുന്ന കർത്താവ് എത്ര നല്ലവൻ! സ്തോത്രം.

പ്രിയപ്പെട്ട ഷീലയുടെ ജീവിതത്തിൽ അനുഗ്രഹങ്ങൾ നൽകിയ ദൈവം, മകനേ, മകളേ, നിന്നെയും അനുഗ്രഹിക്കും. ദൈവസന്നിധിയിൽ ധൈര്യമായ പ്രവേശനം ലഭിക്കാൻ പ്രാഗത്ഭ്യം കിട്ടണമെങ്കിൽ ബാഹ്യമായും ആന്തരികമായുമുള്ള പാപങ്ങൾ മോചിക്കപ്പെടണം. ആന്തരികവിശുദ്ധി ലഭിക്കുന്നതാണ് ഏറ്റവും വലിയ അനുഗ്രഹം.

ഫ്രഞ്ചുവിപ്ലവത്തെത്തുടർന്ന് ലൂയി പതിന്നാലാമൻ ചക്രവർത്തി ശിരച്ഛേദം ചെയ്യപ്പെട്ടു. അദ്ദേഹത്തിന് എട്ടു വയസ്സുള്ള ഒരു മകനുണ്ടായിരുന്നു. അവനെ കൊല്ലണമെന്ന് വിപ്ലവകാരികൾ ആലോചിച്ചപ്പോൾ വിപ്ലവനേതാവ് പറഞ്ഞു, അവനെ കൊല്ലുകയല്ലവേണ്ടത് അവനെ ഏറ്റവും ചീത്തയാക്കണം. സകല ദുശ്ശീലങ്ങളും അഭ്യസിപ്പിക്കണം. അങ്ങനെ ആ കുട്ടിയെ ഒരു ദുഷ്ടസ്ത്രീയായ മന്ത്രവാദിനിയുടെ അടുത്താക്കി. അവൾ അവനെ അസഭ്യവാക്കുകളും വൃത്തികേടുകളും പഠിപ്പിക്കാൻ

2

ശ്രമിച്ചു. പക്ഷേ ആ കുട്ടി അതൊന്നും പഠിച്ചില്ല. അവനതിനൊന്നിനും വഴങ്ങിയില്ല. കാരണം അവൻെറ ഹൃദയത്തിൽ ഉറപ്പേറിയ ഒരു നിർണ്ണയമുണ്ടായിരുന്നു. ''ഞാൻ ചക്രവർത്തിയുടെ മകനാണ്. എനിക്ക് തരം താണ്, നിലവിട്ട് ഒന്നും ചെയ്യാനും പറയാനും പാടില്ല'' എന്ന്.

സ്നേഹിതാ, ഈ നിർണ്ണയം നിനക്കുണ്ടെങ്കിൽ നിനക്കും നീതീകരണത്തിൻെറ ആത്മീയാനുഗ്രഹങ്ങൾ പ്രാപിക്കാം.

നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല. പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്. അതുകൊണ്ട് കരുണ ലഭിപ്പാനും തത്സമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം കൃപാസനത്തിനു അടുത്തു ചെല്ലുക.'' എബ്രായർ 4:15-16.

പ്രിയ സ്നേഹിതാ, മാന്യ സഹോദരീ, നീ ഈ പ്രാഗത്ഭ്യം നേടിയിട്ടുണ്ടോ? ഇപ്പോൾ നിന്നെ സ്നേഹിക്കുന്ന യേശുവിനോട് നീ പറയൂ: കർത്താവേ, വിശ്വാസത്താലുള്ള നീതീകരണം അനുഭവിച്ച് നീതീകരണം മൂലം ലഭിക്കുന്ന ആത്മീയാനുഗ്രഹങ്ങൾ പ്രാപിക്കാൻ എനിക്കു ഭാഗ്യം നൽകണമേ. പൂർണ്ണ പ്രാഗത്ഭ്യമുള്ള ക്രിസ്തീയ ജീവിതം നയിക്കുവാൻ എനിക്ക് ഭാഗ്യം നൽകണമേ.

ക്രിസ്തുവിൻെറ നിത്യസ്നേഹം ഈ മഹാഭാഗ്യത്തിലേക്ക് നിങ്ങളെ നയിക്കട്ടെ.

★ ★ ★

# ഒൻപത്

''വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട്
നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം
നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്.''
റോമർ 5:1.

ആഫ്രിക്കയിൽ സുവിശേഷവേലയ്ക്ക് ഒരു അമ്മയും മകനും സുവിശേഷകൻെറ കൂടെ പോയി. അവിടെ ചെന്നപ്പോൾ മോന് കഠിനജ്വരം തുടങ്ങി. നെറ്റിയിൽ ഐസ് വെച്ചാൽ രോഗം കുറയും. പക്ഷേ ഐസ് എവിടെ കിട്ടും? അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കിത്തരുന്ന ദൈവം ഐസ് തരുവാൻ പ്രാർത്ഥിക്കാമെന്ന് അമ്മ പറഞ്ഞു. സുവിശേഷകന് വിശ്വാസം വരുന്നില്ല. അമ്മ 148-ാം സങ്കീർത്തനം എട്ടാം വാക്യം വായിച്ചു. ''കൊടുങ്കാറ്റ് ദൈവത്തെ അനുസരിക്കുന്നു.''

ഈ വേദവാക്യം വെച്ചുകൊണ്ട് പ്രാർത്ഥിച്ചു. അന്നു രാത്രി വലിയോരു കൊടുങ്കാറ്റടിച്ചു. ആലിപ്പഴം പെയ്തു. അങ്ങനെ ഐസ് ലഭിച്ചു.

''വിശ്വസിക്കുന്നവന്ന് സകലവും കഴിയും'', ''വിശ്വസിച്ചാൽ നീ ദൈവത്തിൻെറ മഹത്വം കാണും'', ''വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയുന്നതല്ല'', ''ദൈവത്തിൻെറ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ'' - തുടങ്ങിയ വേദവാക്യങ്ങൾ വിശ്വാസത്തിൻെറ ഗൗരവത്തെയും പ്രാധാന്യത്തെയും ഊന്നിപ്പറയുന്നു.

വിശ്വാസത്താലുള്ള നീതീകരണമാണ് ആത്മരക്ഷ. വിശ്വാസത്താലുള്ള നീതീകരണത്തിന് ഏഴ് ആത്മീയാനുഗ്രഹങ്ങളുണ്ട്. രണ്ടെണ്ണം നാം മുമ്പ് ചിന്തിച്ചു.

ഒന്ന്, ദൈവത്തോട് സമാധാനം (Peace with God).

രണ്ട്, കൃപയിലേയ്ക്കുള്ള പ്രവേശനം (Access to God).

മൂന്ന്, മഹത്ത്വകരമായ പ്രത്യാശ (Glorious Hope).

''നാം ദൈവതേജസ്സിന്റെ പ്രത്യാശയിൽ പ്രശംസിക്കുന്നു.'' റോമർ 5:2.

ദൈവത്തോടുള്ള സമാധാനം (Peace with God) കഴിഞ്ഞ കാലത്തെ സംരക്ഷണം ചെയ്യുന്നു. ദൈവം നമ്മുടെ പാപങ്ങൾ ഇനി ഒരിക്കലും നമുക്കെതിരായി പിടിക്കുകയില്ല, പാപങ്ങൾ ഓർമ്മവെയ്ക്കുകയില്ല.

ദൈവസന്നിധിയിലുള്ള പ്രവേശനം (Access to God) വർത്തമാനകാലത്തെ സംരക്ഷണം ചെയ്യുന്നു. നമ്മുടെ ആവശ്യങ്ങളും ആവലാതികളും പോരായ്മകളും വഹിച്ചുകൊണ്ട് ഏതു നേരത്തും ദൈവസന്നിധിയിൽ കടന്നുചെല്ലാം.

ദൈവത്തിന്റെ മഹത്വത്തെക്കുറിച്ചുള്ള പ്രത്യാശ (Hope of the Glory of God) ഭാവികാലം പരിരക്ഷിക്കുന്നു. ഒരുനാൾ നാം അവിടത്തെ മഹത്വത്തിൽ പങ്കാളികളായിത്തീരും. നാം പാപികളായിരുന്നു. അന്ന് ദൈവതേജസ്സില്ലാത്തവരായിരുന്നു. എന്നാൽ അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായി നീതീകരിക്കപ്പെട്ടിരിക്കയാണ്. (റോമർ 3:23-24). അതുകൊണ്ട് ദൈവതേജസ്സിൽ നമുക്കാനന്ദിക്കാം; നമുക്കഭിമാനിക്കാം; നമുക്ക് പുകഴാം.

''നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും.'' 1 പത്രോസ് 4:13.

''എന്നാൽ അല്പകാലത്തേക്ക് കഷ്ടം സഹിക്കുന്ന നിങ്ങളെ ക്രിസ്തുവിൽ തൻെറ നിത്യതേജസ്സിന്നായി വിളിച്ചിരിക്കുന്ന സർവ്വകൃപാലുവായ ദൈവം തന്നെ യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ച് ശക്തീകരിക്കും.'' 1 പത്രോസ് 5:10.

വിശ്വാസത്താലുള്ള നീതീകരണത്തിൻെറ നാലാമത്തെ അനുഗ്രഹം കഷ്ടതകൾ നൻമയ്ക്ക് എന്ന ഉൾബോദ്ധ്യം. **(Glory in tribulations).**

''കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു.'' റോമർ 5:3.

1871-ൽ ചിക്കാഗോയിലെ തീപിടുത്തത്തിൽ സ്റ്റാഫോർഡ് കുടുംബത്തിൻെറ സ്വത്തുക്കൾ കുറെയേറെ കത്തിനശിച്ചു. ധാരാളം കൃഷിഭൂമികൾ, തോട്ടങ്ങൾ, വൻപിച്ച കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ ഇങ്ങനെ ഒട്ടേറെ വസ്തുക്കൾ ദഹിച്ചുപോയി. ഈ ദുരിതം കണ്ടുകണ്ട് മനംമടുത്ത ഹെൻറി സ്റ്റാഫോർഡും ഭാര്യയും നാലു പെൺമക്കളും ഒരവധിക്കാലം യൂറോപ്പിൽ ചെലവഴിക്കാൻ തീരുമാനിച്ചു.

അവസാന നിമിഷത്തിൽ അപ്പന് ചില അസൗകര്യങ്ങൾ നേരിട്ടു. ഭാര്യയെയും നാലു പെൺമക്കളെയും 'വിലെ ഹാവറെ' എന്ന കപ്പലിൽ കയറ്റി യാത്രയയച്ചു. എന്നാൽ അവർ യാത്ര ചെയ്ത കപ്പൽ അറ്റ്ലാൻറിക്കിൻെറ മദ്ധ്യത്തിൽവെച്ച് മറ്റൊരു കപ്പലുമായി കൂട്ടിയിടിച്ച് തകർന്നു. യാത്രക്കാരെല്ലാം മരിച്ചു.

ഹെൻറി സ്റ്റാഫോർഡ് വിവരമറിഞ്ഞ് ഉടനെ ഫ്രാൻസിലേക്ക് പുറപ്പെട്ടു. തൻെറ പ്രിയപ്പെട്ടവരുടെ മൃതദേഹം കാണാൻ കഴിഞ്ഞില്ലെങ്കിലും തൻെറ പ്രിയപ്പെട്ടവർ അന്ത്യവിശ്രമം കൊള്ളുന്ന ഭാഗം - ആഴക്കടൽ - കാണാൻ വേദനയുടെ പ്രതീകമായി സ്റ്റാഫോർഡ് യാത്ര ചെയ്തു. ആ ഭാഗത്തെത്തിയപ്പോൾ ക്യാപ്റ്റൻ വിളിച്ചു പറഞ്ഞു: 'ഇവിടെയാണ് വിലെ ഹാവറെ മുങ്ങിയത്.'

സ്റ്റാഫോർഡ് കപ്പലിൻെറ അരികിൽ കമ്പിയിൽ പിടിച്ചുകൊണ്ട് താഴോട്ടു നോക്കിക്കൊണ്ടുനിന്നു. തീവ്രമായ ദുഃഖം അദ്ദേഹത്തിൻെറ ഹൃദയത്തിൽ നിറഞ്ഞു. എന്നാൽ അതോടൊപ്പം ദൈവത്തിൻെറ നിത്യസ്നേഹത്തിലുള്ള വിശ്വാസവും ഉള്ളിൽ തിങ്ങി. കണ്ണീരിൽ കുതിർന്ന ഏതാനും വാക്കുകൾ സുമധുരമായ ഒരു ഗാനമായി അദ്ദേഹത്തിൻെറ ഇടറുന്ന തൊണ്ടയിൽനിന്ന് വാർന്നൊഴുകി. ആ ഗാനത്തിൻെറ തർജ്ജമയാണ്:

*എല്ലാം നൻമയ്ക്കായി*
*സ്വർഗ്ഗതാതൻ ചെയ്തീടുന്നു*
*നിർണ്ണയമാം വിളി കേട്ടവർക്കും*
*ദൈവത്തിൻ സ്നേഹം അറിഞ്ഞവർക്കും*
*എല്ലാം നൻമയ്ക്കായി*
*സ്വർഗ്ഗതാതൻ ചെയ്തീടുന്നു.*

വിശ്വാസത്താലുള്ള നീതീകരണം ലഭിച്ചു എന്നുള്ളതുകൊണ്ട് കഷ്ടതയും ദുരിതവും ഒഴിവാകും എന്ന് ചിന്തിക്കരുത്.

‘‘ലോകത്തിൽ നിങ്ങൾക്ക് കഷ്ടമുണ്ട്; എങ്കിലും ധൈര്യപ്പെടുവിൻ. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.’’ യോഹ. 16:33.

‘‘ദൈവത്തിൻെറ സ്നേഹത്തിൽനിന്ന് നമ്മെ വേർപിരിക്കുന്നതാര്? കഷ്ടതയോ സങ്കടമോ, ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ?.... നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണജയം പ്രാപിക്കുന്നു.’’ റോമർ 8:35-39.

കഷ്ടതയുടെ ഇംഗ്ലീഷ്പദം tribulation ആണ്. അത് tribulum എന്ന ഒരു ലാറ്റിൻപദത്തിൽനിന്നുണ്ടായതാണ്. അപ്പോസ്തലനായ പൗലോസിൻെറ കാലത്ത് tribulum ഒരു വലിയ ഘനമുള്ള മരമുട്ടിയായിരുന്നു. അത് ധാന്യം മെതിയ്ക്കാൻ ഉപയോഗിച്ചിരുന്നു. അത് ധാന്യത്തിൻെറ മുകളിൽകൂടെ വലിക്കുമ്പോൾ ഗോതമ്പിനെ പതിരിൽനിന്ന് വേർതിരിക്കുമായിരുന്നു.

നാം കഷ്ടതകളിൽകൂടെ കടന്നുപോകുമ്പോൾ ദൈവത്തിൻെറ അളവറ്റ കൃപയാൽ നമുക്ക് ആന്തരിക ശുദ്ധീകരണം ലഭിക്കുകയാണ്. നമ്മിൽനിന്ന് മാറ്റപ്പെടേണ്ടവ മാറിപ്പോകുവാനും സമ്പൂർണ്ണ ശുദ്ധീകരണം പ്രാപിക്കാനും കഷ്ടതകൾ നമുക്ക് ഉതകും. അതുകൊണ്ടാണ് അപ്പോസ്തലൻ റോമർ 8:28-ൽ പറയുന്നത്:

''ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കുതന്നെ, സകലവും നൻമയ്ക്കായികൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു.''

വിശ്വാസത്താലുള്ള നീതീകരണവും അതിനെ തുടർന്ന് അതിൻെറ സൗഭാഗ്യാനുഭവങ്ങളും രുചിച്ചറിഞ്ഞ ഒരാളാണ് നെച്ചുപ്പാടം ഓർത്തഡോണ്ടിക് ഡെൻറൽ ക്ലിനിക്കിൽ മെക്കാനിക്കായി ജോലി ചെയ്യുന്ന പൗലോസ്.

പൗലോസിൻെറ ജീവിതത്തിൽ ഈ ഭാഗ്യാനുഗ്രഹങ്ങൾ ലഭിച്ചതെങ്ങനെയെന്ന് ചോദിച്ചറിയാം.

പൗലോസിൻെറ മാനസാന്തരത്തിനു മുമ്പുള്ള കാലങ്ങളെക്കുറിച്ച് എന്തെല്ലാം ഓർമ്മയുണ്ട്?

''എഫ്രയീം മറിച്ചിടാത്ത ദോശയാകുന്നു'' എന്ന് തിരുവചനത്തിൽ യിസ്രായേലിനെക്കുറിച്ച് ദൈവം അരുളിച്ചെയ്യുന്നുവല്ലോ. ഒരു വശം വെന്തും മറുവശം പച്ചയായും ഇരിക്കുന്ന സ്ഥിതി. ഇതായിരുന്നു എൻെറ അവസ്ഥ.

ചൂരക്കോട് യാക്കോബായ പള്ളി ഇടവകയിലെ അംഗമാണ് ഞാൻ. എല്ലാ ഞായറാഴ്ചയും പള്ളിയിൽ പോകുമായിരുന്നു. സണ്ടേസ്കൂളിലും പോകുമായിരുന്നു. രണ്ടു നേരവും നമസ്ക്കാരം ഉണ്ടായിരുന്നു. നോമ്പ്, നമസ്ക്കാരം, പ്രാർത്ഥന, വേദപുസ്തകം വായന - എല്ലാം ഉണ്ടായിരുന്നു. പുറമെ ഞാൻ നല്ലവനായി ജീവിച്ചു. എന്നാൽ മദ്യപാനം, പുകവലി, സിനിമ, അശ്ലീലപ്പുസ്തകങ്ങൾ, പൈങ്കിളിമാസികകൾ മുതലായവയിൽ

രസിച്ചുകൊണ്ടിരുന്നു. ചീത്ത കൂട്ടുകെട്ടുകളും ദുഷ്പരിചയ ങ്ങളും എനിക്ക് വിട്ടുപിരിയാൻ പാടില്ലായിരുന്നു. എപ്പോഴും ലൈംഗികമായ അശുദ്ധചിന്തകൾ മാത്രം. സുബോധമില്ലാതെ ഒരു മൃഗത്തെപ്പോലെ ഞാൻ ജീവിച്ചു. മുൻകോപം, വാശി, വൈരാഗ്യം എന്നിവയുടെ അടിമയായിരുന്നു. ദുഃസ്വപ്നങ്ങൾ കണ്ട് പേടിച്ചു നിലവിളിക്കുമായിരുന്നു. സമാധാനത്തോടെ ഉറങ്ങാൻ കൊതിച്ചിട്ടുണ്ട്.

ഈ സ്ഥിതിക്ക് മാറ്റം വന്നതെങ്ങനെയാണ്?

നിരാശയും ഭാരവുമായി വലഞ്ഞിരുന്ന ആ കാലത്ത് ഒരു ദിവസം സാറിൻെറ വീട്ടിൽ നടക്കുന്ന യോഗത്തിൽ ഞാൻ സംബ ന്ധിച്ചു. അന്നു സാറ് പ്രസംഗിച്ച വാക്യം ''അവനവൻ ശരീര ത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്ന് നാം എല്ലാവരും ക്രിസ്തുവിൻെറ ന്യായാസനത്തിൻെറ മുമ്പാകെ വെളിപ്പെടേണ്ട താകുന്നു.'' (2 കൊരി. 5:10)

സ്വർഗ്ഗം ഉണ്ടെന്നോ നരകമുണ്ടെന്നോ ഗ്രഹിക്കാതിരുന്ന എനിക്ക് മരണം ഉണ്ടെന്നും മരണശേഷം ഒരു ന്യായവിധിയു ണ്ടെന്നും ഈ ആയുസ്സിൽ ദൈവത്തെ സ്വീകരിച്ച് ക്രിസ്തു വിനെ സ്നേഹിച്ച് ഒരു വിശുദ്ധനായി ജീവിച്ചാൽ സ്വർഗ്ഗ രാജ്യത്തിൽ പോകാമെന്നും അല്ലെങ്കിൽ നിത്യനരകത്തിലേക്ക് തള്ളപ്പെടും എന്നും അന്നു കേട്ടപ്പോൾ ഞാൻ ഞെട്ടിപ്പോയി.

അതോടെ പരിശുദ്ധാത്മാവ് എനിക്ക് ആഴമായ പാപ ബോധം തന്നു. ഞാനന്ന് അവിടെയിരുന്ന് പൊട്ടിക്കരഞ്ഞു. ഞാനെൻെറ ജീവിതം എനിക്കുവേണ്ടി ക്രൂശിൽ മരിച്ച യേശു വിനായി സമർപ്പിച്ചു. മേലിൽ മനസ്സറിഞ്ഞ് ഒരു തെറ്റ് ജീവിത ത്തിൽ വരികയില്ലെന്ന് ഞാൻ തീരുമാനിച്ചു. ക്രിസ്തുവിനെ എൻെറ സ്വന്ത കർത്താവും രക്ഷിതാവുമായി ഞാൻ സ്വീക രിച്ചു.

പിന്നീടുള്ള അനുഭവമെന്തായിരുന്നു?

പറഞ്ഞറിയിക്കാൻ വയ്യാത്ത ഒരു സമാധാനവും സന്തോഷവും എൻെറ ഹൃദയത്തിൽ നിറഞ്ഞു. എൻെറ പഴയ ജീവിതമാകെ മാറി. രാവും പകലും പോലുള്ള വ്യത്യാസം ജീവിതത്തിലുണ്ടായി. എൻെറ കോപം, ദുശ്ശാഠ്യം, വാശി, വൈരാഗ്യം, പക എല്ലാം കർത്താവു മാറ്റി. അശുദ്ധി മാത്രം സംസാരിച്ചുകൊണ്ടിരുന്ന എൻെറ നാവ് ദൈവത്തെ സ്തുതിക്കാൻ തുടങ്ങി. മോഷ്ടിച്ച സാധനങ്ങൾക്ക് ഇരട്ടി തുക കൊടുത്ത് മാപ്പു ചോദിച്ച് നീക്കുപോക്കു വരുത്തി. വചനം കേൾക്കുന്നത് വലിയ ആനന്ദമായി മാറി. മറ്റുള്ളവരോടുള്ള ഈർഷ്യയും മുഷിച്ചിലും പരിഭവവുമെല്ലാം മാറി. എല്ലാവരെയും സ്നേഹിക്കാൻ ഒരു കൃപ കർത്താവു നൽകി.

ഇന്നുള്ള അനുഭവമെന്താണ്?

ഇന്ന് വളരെ സന്തോഷമായി ഞങ്ങൾ കഴിയുന്നു. ആത്മീയമായി മാത്രമല്ല, ഭൗതികമായും ദൈവം ഞങ്ങളെ അനുഗ്രഹിക്കുന്നു. ഒന്നിനും മുട്ടില്ലാതെ ഞങ്ങൾ ജീവിക്കുന്നു. സാമാന്യം നല്ല ഒരു വീടു പണിയാൻ കർത്താവു കൃപ തന്നു. രോഗങ്ങളും കർത്താവു മാറ്റിത്തന്നു. ദൈവമക്കളെ സ്നേഹിപ്പാനും ആദരിപ്പാനും കർത്താവു കൃപ തരുന്നു. കർത്താവിൻെറ വേലയിൽ എന്നാലാവുംവിധം ഞാൻ സഹകരിച്ച് പ്രവർത്തിക്കുന്നു.

ഇന്ന് ഞാനറിയുന്നു; ഞാനൊരു ഭാഗ്യവാനാണെന്ന്. കർത്താവിൻെറ രണ്ടാവിൻെറ വരവിനു നോക്കിപ്പാർക്കുന്ന ഒരു വിശുദ്ധ ദൈവപൈതലായി ജീവിക്കാൻ ഞാൻ എന്നെത്തന്നെ പ്രതിഷ്ഠിച്ചിരിക്കയാണ്.

പൗലോസിൻെറ എരിവും കർത്താവിനുവേണ്ടിയുള്ള തീക്ഷ്ണതയും ഞാൻ കാണുന്നുണ്ട്. ഭാഗ്യകരമായ ഒരു കുടുംബജീവിതം നയിക്കുന്ന പൗലോസിനെപ്പോലെ സമാധാനം നിറഞ്ഞ ഒരു കുടുംബജീവിതം നയിപ്പാൻ പ്രിയ സ്നേഹിതാ, താങ്കൾ ആഗ്രഹിക്കുന്നുവോ?

ടാഗോറിൻെറ ഒരു കവിതയുണ്ട്. സൂര്യൻ ലോകത്തിലെ മറ്റു സൃഷ്ടികളോട് പറയുകയാണ്: ഞാൻ പകൽ മുഴുവൻ പന്ത്രണ്ടു മണിക്കൂറും ജ്വലിച്ച് എരിഞ്ഞതുകൊണ്ട് ക്ഷീണിത നായി. ഇനി നിങ്ങൾ ഈ ഭൂമിയെ പ്രകാശിപ്പിക്കൂ.

സൃഷ്ടികളെല്ലാം നിശ്ശബ്ദരായി. അപ്പോൾ മിന്നാമിനുങ്ങു പറഞ്ഞു: എനിക്ക് അല്പം വെളിച്ചമുണ്ട്. അതുകൊണ്ട് ഞാൻ പറന്നു നടന്ന് ഈ ഭൂമിയെ പ്രകാശിപ്പിച്ചുകൊള്ളാം.

മാന്യ സ്നേഹിതാ, പ്രിയ സഹോദരീ, ക്രിസ്തുവിൻെറ തിരുരക്തത്തിലുള്ള വിശ്വാസത്താലുള്ള നീതീകരണവും തൻമൂലം ലഭിക്കുന്ന അനുഗ്രഹങ്ങളും സ്വന്തമായി അനുഭ വിക്കാൻ നീ ആഗ്രഹിക്കുന്നുവോ? എങ്കിൽ ഇപ്പോൾ വളരെ വ്യക്തമായും കൃത്യമായും ഒരു തീരുമാനമെടുക്കൂ.

ഇന്നു മുതൽ ക്രിസ്തുവിൻെറ തിരുരക്തത്താൽ വിലയ്ക്കു വാങ്ങിയ ഒരടിമയായി ഞാൻ ജീവിക്കും. എന്നെ വീണ്ടെടുത്ത നാഥനെ എന്നാലാവത് പ്രസാദിപ്പിച്ച് ഒരു പുതിയ മനുഷ്യനായി ഞാൻ ജീവിക്കും.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

★ ★ ★

## പത്ത്

*‘‘വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട്*
*നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം*
*നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്.’’*
*റോമർ 5:1.*

വിശ്വാസത്താലുള്ള നീതീകരണം മൂലം ലഭിക്കുന്ന ആത്മീയാനുഗ്രഹങ്ങൾ നാം ചിന്തിച്ചുവരികയാണല്ലോ. ഇനി അഞ്ചാമത്തെ അനുഗ്രഹത്തെക്കുറിച്ച് ചിന്തിക്കാം.

‘‘ദൈവത്തിന്റെ സ്നേഹം നമുക്കു നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലൊ.’’ റോമർ 5:5.

**അഞ്ച്, ഹൃദയത്തിൽ ദൈവസ്നേഹം. (God's love within.)**

ആത്മാവിന്റെ ഒൻപതു ഫലത്തിൽ ആദ്യത്തെ മൂന്നെണ്ണം സ്നേഹം, സന്തോഷം, സമാധാനം എന്നിവയാണ്. (ഗലാത്യർ 5:22) ആത്മാവിന്റെ പന്ത്രണ്ടു വരങ്ങളിൽ ഏറ്റവും വലിയത് സ്നേഹമത്രേ. (1 കൊരി. 13:13)

ഇവയിൽ സ്നേഹത്തെക്കുറിച്ച് റോമർ 5:5-ൽ നാം വായിക്കുന്നു:

''ദൈവത്തിൻെറ സ്നേഹം നമുക്ക് നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലൊ.''

ആത്മാവിൻെറ രണ്ടാമത്തെ ഫലമായ സന്തോഷത്തെക്കുറിച്ച് റോമർ 5:2-ൽ കാണുന്നു.

''നാം ദൈവതേജസ്സിൻെറ പ്രത്യാശയിൽ പ്രശംസിക്കുന്നു.'' (We rejoice in hope of Glory of God.)

ആത്മാവിൻെറ മൂന്നാമത്തെ ഫലമായ സമാധാനത്തെക്കുറിച്ച് 5:1-ലും കാണുന്നു.

''വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം ദൈവത്തോട് സമാധാനം ഉണ്ട്.''

വിശ്വാസം (5:1), പ്രത്യാശ (5:2), സ്നേഹം (5:5) എന്നിവ യോജിച്ച് വിശ്വാസിക്ക് കഷ്ടതകളിലും ദുരിതങ്ങളിലും മടുത്തുപോകാതെയും നിരാശരാകാതെയും സഹിച്ചു നില്ക്കാൻ കൃപ തരുന്നു. ക്ഷമകൊണ്ട് ലഭിക്കുന്ന സഹിപ്പാനുള്ള ശക്തി ഒരു വിശ്വാസിക്ക് സ്വഭാവശ്രേഷ്ഠതയിൽ വളരുവാനും ആത്മീയ പക്വത നേടുവാനും സഹായിക്കുന്നു.

യാക്കോബ് പറയുന്നു:

എൻെറ പ്രിയ സഹോദരൻമാരേ, നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിൻെറ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നറിഞ്ഞ് അത് അശേഷം സന്തോഷം എന്ന് എണ്ണുവിൻ. എന്നാൽ നിങ്ങൾ ഒന്നിനും കുറവില്ലാതെ തികഞ്ഞവരും സംപൂർണ്ണരും ആകേണ്ടതിന് സ്ഥിരതെക്കു തികഞ്ഞ പ്രവൃത്തി ഉണ്ടാകട്ടെ.'' യാക്കോബ് 1:2-4.

പീഡകളും പരീക്ഷകളും ദുരിതങ്ങളും നമ്മുടെ ആത്മാവിൻെറ ശുദ്ധീകരണത്തിനും തേജസ്ക്കരണത്തിനും ഉതകും.

കഷ്ടതയുടെ തീച്ചൂളയിൽക്കൂടി കടന്നുപോകുമ്പോൾ നമ്മുടെ ആന്തരിക മനുഷ്യൻ കൂടുതൽ വിനയവും ക്ഷമയും പ്രാപിക്കുന്നതാണ്.

ഇയ്യോബ് കടുത്ത യാതനയിലും വേദനയിലുമായപ്പോൾ പറയുന്നത്:

''എന്നെ ശോധന കഴിച്ചാൽ ഞാൻ പൊന്നുപോലെ പുറത്തു വരും'' എന്നാണ്. ഇയ്യോബ് 23:10.

''കണ്ണുനീർത്തുള്ളി'' എന്ന വിലാപകാവ്യത്തിൽ മലയാളത്തിലെ അനുഗൃഹീത കവിയായ നാലപ്പാട്ടു നാരായണമേനോൻ ഈ ആശയം സൂചിപ്പിക്കുന്നുണ്ട്.

*ഉരുക്കിടുന്നൂ, മിഴിനീരിലിട്ടു*
*മുക്കുന്നു മുറ്റും ഭുവനൈകശില്പി*
*മനുഷ്യഹൃത്താം കനകത്തെയേതോ*
*പണിത്തരത്തിന്നുപയുക്തമാക്കാൻ.*

മനുഷ്യഹൃദയമാകുന്ന സ്വർണ്ണത്തെ ദുരിതങ്ങളുടെ തീച്ചൂളയിലിട്ട് ഉരുക്കുകയും കണ്ണുനീരിൽ മുക്കുകയും ചെയ്യുന്നത് ജഗദീശ്വരൻ അതിനെ മനോഹരമായ ഒരു പണിപ്പാടാക്കി മാറ്റാനാണ്.

ഒരു കൊച്ചുകുട്ടിയുണ്ടായിരുന്നു. അവന്റെ അപ്പൻ മരിച്ചുപോയി. ഏതാനും നാളുകൾക്കുള്ളിൽ അവന്റെ അമ്മ പുനർവിവാഹം കഴിച്ച് അവനെ വിട്ടുപോയി. അവന്റെ അപ്പന്റെ അമ്മയാണ് അവനെ വളർത്തിയത്.

വളരെ ദൈവഭക്തിയുള്ള ഒരു സ്ത്രീയായിരുന്നു അവൾ. എന്നും ഈ കുട്ടിക്ക് പറഞ്ഞുകൊടുക്കും, ''മോനേ, നിന്റെ അപ്പൻ മരിച്ചു പോയെങ്കിലും നിനക്ക് സ്വർഗ്ഗത്തിൽ ഒരപ്പനുണ്ട്. ആ അപ്പനാണ് ദൈവം.'' നീ പറയൂ: God is my father - ദൈവം എന്റെ അപ്പനാണ്.

എന്നും ഈ കുട്ടിയെക്കൊണ്ട് "God is my father" എന്ന് പറയിച്ചുകൊണ്ടിരുന്നു. ആ ബാലൻ ഏകാന്തതയിലും ദുഃഖ ത്തിലും ''ദൈവം എന്റെ അപ്പനാണ്'' എന്ന് പറഞ്ഞ് വളർന്നു. അവൻ സമർത്ഥനായി വളർന്നുവന്നു. അവനാണ് സുപ്രസിദ്ധ ശാസ്ത്രജ്ഞനായിത്തീർന്ന ഐസക്ക് ന്യൂട്ടൺ.

കാരാഗൃഹത്തിൽ കിടക്കുമ്പോഴും ജോൺ ബനിയന്റെ ഉള്ളിൽ ദൈവസ്നേഹം നിറഞ്ഞുനിന്നിരുന്നു. യേശുക്രിസ്തു വിന്റെ സുവിശേഷം പറഞ്ഞു എന്ന കാരണത്താലാണ് അദ്ദേഹം കാരാഗൃഹത്തിലടയ്ക്കപ്പെട്ടത്.

ഒരു കാലത്ത് അദ്ദേഹം പാപിയും ദുർമ്മാർഗ്ഗിയുമായി രുന്നു. അദ്ദേഹത്തിന്റെ ഭാര്യ മരിച്ചു. പിന്നീട് അദ്ദേഹത്തിന്റെ മകൻ അന്ധനായി. കഷ്ടതയുടെ തീച്ചൂളയിൽക്കൂടി കടന്നുപോ കുമ്പോൾ ദൈവസ്നേഹം അദ്ദേഹത്തെ കടന്നുപിടിച്ചു. ആ സ്നേഹത്തിന്റെ ബലിവേദിയിൽ അദ്ദേഹം തന്നത്താൻ സമർപ്പിച്ചു. ആത്മീയാനുഭവങ്ങളുടെ ആഴമേറിയ യാഥാർത്ഥ്യ ങ്ങൾ അദ്ദേഹത്തെ അനുഗ്രഹിച്ചു.

അങ്ങനെയിരിക്കെയാണ് അദ്ദേഹം കാരാഗൃഹത്തിലടയ്ക്ക പ്പെട്ടത്. കൽത്തുറുങ്കിന്റെ ഇടുങ്ങിയ ഭിത്തികൾക്കുള്ളിലിരുന്ന് ജോൺ ബനിയൻ എഴുതിയ അമൂല്യകൃതിയാണ് വിശ്വസാഹിത്യ ത്തിലെ ക്ലാസ്സിക്കായ "Pilgrim's Progress" (പരദേശി മോക്ഷ യാത്ര). ബൈബിൾ കഴിഞ്ഞാൽ ലോകത്തിലെ "best seller" ആണ് ആ ഗ്രന്ഥം. ആത്മീയ ജീവിതത്തിന്റെ അഗാധതലങ്ങളെ സ്പർശിക്കുന്ന ശ്രേഷ്ഠഗ്രന്ഥമാണത്.

വിശ്വാസം, പ്രത്യാശ, സ്നേഹം എന്ന അമൂല്യ സമ്പത്തു ക്കൾ കൈവശമാക്കാൻ ഭാഗ്യം ലഭിച്ച ഒരാളാണ് എന്റെ മകളുടെ ഭർത്താവായ ബേബി എബ്രാഹം, മേലേത്ത്. LLB, MBA, LLM എന്നീ പരീക്ഷകൾ പാസ്സായതിനുശേഷം ഇപ്പോൾ കോലഞ്ചേരി മെഡിക്കൽ മിഷൻ ഹോസ്പിറ്റലിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആയി ജോലി ചെയ്യുകയാണ്. കൂടാതെ Public

Administration-ൽ Ph.D-യ്ക്കുവേണ്ടി റിസേർച്ച് ചെയ്യുകയും ചെയ്യുന്നുണ്ട്.

ബേബിയുടെ ജീവിതത്തിൽ ദൈവസ്നേഹം അനുഭവിക്കാനിടയായ സാഹചര്യമെന്തായിരുന്നു?

ഞാൻ കോലഞ്ചേരി കോളേജിൽനിന്ന് B.Sc.ഫിസിക്സ് പാസ്സായതാണ്. പ്രകടമായ പാപപ്രവൃത്തികൾക്കൊന്നും പോകാതെയാണ് ഞാൻ ജീവിച്ചുവന്നത്. എന്നാൽ എന്റെ ഹൃദയത്തിൽ എല്ലാ തിൻമയുടെയും ദുഷ്ടവിചാരങ്ങളും മലിന മോഹങ്ങളും ഉണ്ടായിരുന്നു.

യാക്കോബായ സഭയിൽ കക്ഷി വഴക്കുണ്ടായ ആദ്യകാലങ്ങളിൽ ഞാൻ വിശ്വാസസംരക്ഷണത്തിനുവേണ്ടി ജാഥയായി പോകുകയും മുദ്രാവാക്യങ്ങൾ വിളിക്കുകയും മറ്റും ചെയ്തിരുന്നു. എല്ലാ ശനിയാഴ്ചയും പെരുമ്പിള്ളിപ്പള്ളിയിൽ തീർത്ഥയാത്രയായി പോകുകയും അവിടെ പേന വാഴ്ത്തിത്തരുന്നതിന് ക്യൂവിൽ നിൽക്കുകയും മറ്റും ചെയ്തിരുന്നു. അതെല്ലാംകൊണ്ട് ദൈവം പ്രസാദിക്കുമെന്നും ഭൗതികജീവിതത്തിന് അഭിവൃദ്ധി ലഭിക്കുമെന്നും ഞാൻ കരുതിയിരുന്നു.

പിന്നീടാണ് ഇതെല്ലാം പൊള്ളയാണെന്നും അന്ധവിശ്വാസമാണെന്നും കക്ഷിസ്പിരിറ്റും പരസ്പര സ്പർദ്ധയും മറുകക്ഷിയെ ആക്ഷേപിക്കുന്നതും ദൈവസ്വഭാവത്തിന് എതിരാണെന്നും മനസ്സിലായത്. തുടർന്ന് പഠിക്കാൻ ഞാൻ ആഗ്രഹിച്ചെങ്കിലും ആഗ്രഹിച്ചതുപോലെ പഠിക്കാൻ സാധിക്കാതെ വന്നപ്പോൾ കടുത്ത നിരാശ എന്നെ ബാധിച്ചു. അന്ന് മതത്തോടും ആചാരാനുഷ്ഠാനങ്ങളോടും എല്ലാം ഒരു വെറുപ്പും മടുപ്പും എനിക്കുണ്ടായി.

ഈ അവസ്ഥയ്ക്ക് മാറ്റം വന്നതെങ്ങനെയാണ്?

കോഴിക്കോട്ട് ഒരു കമ്പനിയുടെ കൺസൽട്ടൻറായി ഞാൻ ജോലി നോക്കിയ കാലത്ത് എന്റെ ജീവിതം കൂടുതൽ നിരാശയി

ലേക്കും ആകുലത്തിലേക്കും പോയി. അന്ന് ഞാനവിടെ താമസി ച്ചത് YMCAയിലായിരുന്നു. അവിടെ താമസിച്ച ചില ആളുക ളുടെ ജീവിതത്തിലെ സമാധാനവും സ്നേഹവും താഴ്മയും എന്നെ ആകർഷിച്ചു. അവർ കോളേജ് വിദ്യാർത്ഥികളുടെയി ടയിൽ സുവിശേഷവേല ചെയ്യുന്ന EU എന്ന ആത്മീയ സംഘടന യിലെ പ്രവർത്തകരായിരുന്നു. അവരുമായുള്ള സംഭാഷണം എന്നെ ക്രിസ്തുവിങ്കലേക്ക് നടത്തി.

ഒരു മാനസാന്തരം ലഭിച്ചതെങ്ങനെയാണ്?

ആ കർത്തൃദാസൻമാർ എനിക്ക് യേശുവിനെക്കുറിച്ച് പറ ഞ്ഞുതന്നു. ഇന്നത്തെ സമുദായങ്ങളിൽ ചടങ്ങുകളും ആചാര ങ്ങളും മൂലം ക്രിസ്തുവിനെ ജനത്തിന് ലഭിക്കുന്നില്ലെന്നും ക്രിസ്തുവിൻെറ സുവിശേഷം മനുഷ്യഹൃദയത്തിൽ പ്രവേശി ച്ചാലേ ആന്തരാത്മാവിന് ശാന്തി ഉണ്ടാകയുള്ളൂ എന്നും എനിക്ക് മനസ്സിലായി. ഞാൻ ഒരു വ്യവസ്ഥയും കൂടാതെ എൻെറ ഹൃദയം ക്രിസ്തുവിൻെറ ക്രൂശിൻെറ രക്ഷയുടെ മുമ്പിൽ സമർപ്പിച്ചു.

അപ്പോഴുണ്ടായ അനുഭവമെന്താണ്?

അത്ഭുതകരമായ സമാധാനവും സ്നേഹവും എൻെറ ഹൃദ യത്തിലേക്ക് കടന്നുവന്നു. എൻെറ നിരാശ മുഴുവനും മാറി. ജീവിതത്തിനർത്ഥമുണ്ടെന്നും ജീവിതം ക്രിസ്തുവിൻെറ മഹ ത്വത്തിനുവേണ്ടി ചെലവഴിക്കപ്പെടേണ്ടതാണെന്നും എനിക്ക് അനുഭവമായി.

ഇന്നത്തെ അനുഭവത്തെക്കുറിച്ചെന്താണ് പറയാനുള്ളത്?

ഞാൻ മേരിമോളെ കല്യാണം കഴിച്ചതിനെ തുടർന്നാണ് ഈ കൂട്ടായ്മയായിട്ട് ബന്ധപ്പെട്ടത്. അതുവരെ ഈ ഫെല്ലോഷിപ്പിനെ ക്കുറിച്ച് ഞാൻ കേട്ടിരുന്നത് വളരെ മോശമായ ചില അഭിപ്രായ ങ്ങളാണ്. തീരെ സത്യവിരുദ്ധമായ കാര്യങ്ങളാണ് ഞാൻ കേട്ടിരു

ന്നത് എന്ന് ഇവിടെ വന്ന് ഈ മീറ്റിംഗുകളിൽ സംബന്ധിച്ചപ്പോ ഴാണ് എനിക്ക് മനസ്സിലായത്. സഭയ്ക്കും സമുദായത്തിനും അതീതമായി ക്രൂശിൽ ചൊരിഞ്ഞ രക്തത്താൽ മനുഷ്യനു നൽകിയ രക്ഷയെക്കുറിച്ച് മാത്രം പ്രഖ്യാപിക്കുന്ന ഒരു ഫെല്ലോഷിപ്പാണല്ലോ ഇത് എന്നോർത്ത് ഞാൻ അത്ഭുതപ്പെട്ടു. ഇന്നും സത്യം അറിയാതെ ചാച്ചനേയും ഈ ഫെല്ലോഷിപ്പി നെയും അനേകർ ആക്ഷേപിക്കുകയും തെറ്റിദ്ധരിക്കുകയും ചെയ്യുകയാണല്ലൊ എന്നോർത്ത് ഞാൻ അത്ഭുതപ്പെടുന്നു. ആഴ ത്തിലുള്ള ശുദ്ധീകരണമാണ് ഇവിടെ ലക്ഷ്യമാക്കുന്നത് എന്ന് എൻെറ അനുഭവത്തിൽ ഞാനറിഞ്ഞു.

എൻെറ ഹൃദയത്തിൻെറ ആഴത്തിലേക്ക് നോക്കുവാനും എൻെറ മനോഭാവത്തിലും ചിന്താഗതിയിലും കാഴ്ചപ്പാടിലും ഉള്ള പാപസ്വഭാവങ്ങളെ കണ്ടെത്താനും ഇന്ന് എനിക്ക് സാധി ക്കുന്നുണ്ട്. ''ദൈവത്തിൻെറ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ'' എന്ന് തിരുവെഴുത്തിൽ പറയുന്നത് ഇന്ന് മനുഷ്യജീവി തത്തിൽ നിറവേറുന്നതിന് ഈ ഫെല്ലോഷിപ്പ് പ്രവർത്തിച്ചുകൊ ണ്ടിരിക്കുന്നു എന്ന് സാക്ഷിക്കുന്നതിന് എനിക്ക് സന്തോഷ മുണ്ട്.

ദൈവസ്നേഹത്തിലുള്ള വിശ്വാസവും പ്രത്യാശയും ലഭി ക്കുന്നത് ഭാഗ്യമാണ്. നിരാശാകരമായ സാഹചര്യങ്ങളുണ്ടാ യാലും സംശയിക്കാതെ ക്രിസ്തുവിൽ വിശ്വസിച്ച് പ്രത്യാശയോ ടെനിന്ന ബേബിയുടെ സാക്ഷ്യം നമുക്ക് ഉണർവ്വും ഉത്തേജനവും നൽകുന്നതാണ്. വിശ്വാസത്താലുള്ള നീതീകരണം അനുഭവി ക്കുന്ന ആർക്കും ലഭിക്കുന്നതാണ് ഈ അനുഗ്രഹം.

കൊളംബസ് ഇൻഡ്യയിലേക്ക് പോകാൻ കപ്പലിൽ പുറ പ്പെട്ടു. അനേകം ആളുകൾ തടഞ്ഞു; നിരുത്സാഹപ്പെടുത്തി.

പക്ഷേ സ്പെയിനിലെ രാജാവും രാജ്ഞിയും ആ യാത്രയ്ക്കനുമതി നൽകി. കൂടെപ്പോകാനുള്ള ആളുകളെയും നൽകി.

നടുക്കടലിലൂടെ അനേക നാളുകൾ ആ പാക്കപ്പൽ നീങ്ങി. ഒരെത്തും പിടിയും കിട്ടുന്നില്ല. കരകാണുമെന്നതിന്റെ ഒരു സൂചനയും ലഭിക്കുന്നില്ല.

എല്ലാവരും പരിഭ്രാന്തരായി. കൂടെയുള്ളവർ എല്ലാവരും കൊളംബസിനെ പഴി പറഞ്ഞുതുടങ്ങി. എല്ലാവരുടെയും ഉള്ളം മടുത്തു. പക്ഷേ കൊളംബസ് ആശ കൈവെടിഞ്ഞില്ല.

ആളുകളുടെ പിറുപിറുപ്പും പരിഭവവുമേറ്റ് വലഞ്ഞു യാത്ര ചെയ്യുമ്പോൾ ഒരു ദിവസം കൊളംബസ് ഏതോ ചില പഴങ്ങൾ വെള്ളത്തിൽകൂടി ഒഴുകിനടക്കുന്നത് കണ്ടു. കര വളരെ ദുരെയല്ല എന്ന് കൊളംബസ് ചിന്തിച്ചു.

ഉത്സാഹത്തോടെ പിന്നേയും മുന്നോട്ടു പോയി. ഒടുവിൽ തെക്കെ അമേരിക്കയുടെ തീരത്തെത്തി. പ്രത്യാശ കൈവിടാതെ, മടുത്തുപോകാതെ പോയതുകൊണ്ടാണ് തീരത്തെത്താൻ കഴിഞ്ഞത്.

മാന്യ സഹോദരാ, പ്രിയ സഹോദരീ, നീ മടുത്തുപോകുന്നുണ്ടോ? നീ നിരാശയോടെ തളർന്നുപോകുന്നുണ്ടോ? പരിഭവവും പിറുപിറുപ്പും നിന്റെ ഉള്ളിൽ മറഞ്ഞിരിക്കുന്നുണ്ടോ?

എങ്കിൽ പ്രത്യാശയുടെ നങ്കൂരമായ യേശു തരുന്ന സൗജന്യമായ നീതീകരണം അനുഭവിക്കുക. നീതീകരണത്തിന്റെ ഉറപ്പിൽ നിന്നുകൊണ്ട് അനുഗ്രഹങ്ങൾ സ്വന്തമാക്കുക. ദൈവസ്നേഹത്തെപ്പറ്റിയുള്ള പ്രത്യാശയാൽ നിറയുക.

നമുക്ക് പ്രാർത്ഥിക്കാം:

കാരുണ്യവാനായ ദൈവമേ, അവിടന്ന് തന്ന അനുഗ്രഹങ്ങൾക്കായി സ്തോത്രം. അവിടത്തെ തിരുരക്തത്തിലുള്ള വിശ്വാസം, അവിടത്തെ നിസ്തുല കരുണയെക്കുറിച്ച് എന്റെ

ഉള്ളിൽ നിറഞ്ഞുവരുന്ന സ്നേഹം, ആ തളരാത്ത സ്നേഹ ത്തെക്കുറിച്ചുള്ള പ്രത്യാശ - ഇവയാൽ നാഥാ, എന്നെ ദൈവ സ്നേഹത്തിൽ ഉറപ്പിച്ചു നിറുത്തണമേ. ഇന്നു മുതൽ ക്രിസ്തു വിൻെറ സാക്ഷിയായി, ഒരു പുതിയ സൃഷ്ടിയായി നില്പാൻ എന്നെ അവിടന്ന് സഹായിക്കേണമേ.

അവിടത്തെ പുത്രനും ഞങ്ങളുടെ രക്ഷകനുമായ കർത്താ വായ യേശുക്രിസ്തുവിൻെറ പരിശുദ്ധ നാമത്തിൽ അപേക്ഷി ക്കുന്നു. കേൾക്കണമേ, ആമേൻ.

★ ★ ★

# പതിനൊന്ന്

*‘‘നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നേ*
*ക്രിസ്തു തക്കസമയത്ത് അഭക്തർക്കുവേണ്ടി മരിച്ചു.*
*നീതിമാന്നുവേണ്ടി ആരെങ്കിലും മരിക്കുന്നത് ദുർല്ലഭം;*
*ഗുണവാന്നുവേണ്ടി പക്ഷേ മരിപ്പാൻ തുനിയുമായിരിക്കും.*
*ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ*
*നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്ക് നമ്മോടുള്ള*
*സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. അവന്റെ രക്തത്താൽ*
*നീതീകരിക്കപ്പെട്ടശേഷമോ നാം അവനാൽ എത്ര അധികമായി*
*കോപത്തിൽനിന്നു രക്ഷിക്കപ്പെടും.’’ റോമർ 5:6-9.*

വിശ്വാസത്താലുള്ള നീതീകരണത്തിന്റെ ആറാമത്തെ അനുഗ്രഹം ഭാവിയിലെ കോപത്തിൽനിന്നുള്ള രക്ഷ ആണ്. **(salvation from future wrath.)**

നാം പാപം ചെയ്ത് പിശാചിന് ഇടം കൊടുത്തവരാണ്. അങ്ങനെ നാം ദൈവത്തിന്റെ ശത്രുക്കളായിത്തീർന്നു. ശത്രുക്കളായിരിക്കുമ്പോൾത്തന്നേ ദൈവം നമ്മെ സ്നേഹിച്ചു. തന്റെ ഓമന മകന്റെ രക്തം നമ്മുടെ പാപങ്ങളെ കഴുകാൻ നമുക്കു വേണ്ടി ചിന്തി.

നാം ശത്രുക്കളാണെങ്കിലും മക്കളാണല്ലോ. നാം മക്കളാകയാൽ അവിടന്ന് നമ്മെ സ്നേഹിച്ചുകൊണ്ടിരിക്കും.

‘‘നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു. തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായ

ശ്ചിത്തം ആകുവാൻ അയച്ചതുതന്നേ സാക്ഷാൽ സ്നേഹം ആകുന്നു.'' 1 യോഹ. 4:10.

ദൈവത്തെ സ്നേഹിക്കാത്തവരുടെമേൽ ദൈവക്രോധം വരും.

''പലപ്പോഴും പെയ്ത മഴ കുടിച്ചിട്ട് ഭൂമി കൃഷി ചെയ്യുന്നവർക്ക് ഹിതമായ സസ്യാദികളെ വിളയിക്കുന്നു എങ്കിൽ ദൈവത്തിൻെറ അനുഗ്രഹം പ്രാപിക്കുന്നു. മുള്ളും ഞെരിഞ്ഞിലും മുളപ്പിച്ചാലോ അത് കൊള്ളരുതാത്തതും ശാപത്തിന് അടുത്തതുമാകുന്നു.''

എന്ന് എബ്രായലേഖനത്തിൽ സെ. പോൾ പറയുന്നുണ്ട്. എബ്രായർ 6:7-8.

അപ്പോസ്തലൻ പിന്നെയും പറയുന്നു:

''ദൈവപുത്രനെ ചവിട്ടിക്കളകയും തന്നെ വിശുദ്ധീകരിച്ച നിയമരക്തത്തെ മലിനം എന്ന് നിരൂപിക്കയും കൃപയുടെ ആത്മാവിനെ നിന്ദിക്കയും ചെയ്തവൻ എത്ര കഠിനമേറിയ ശിക്ഷക്കു പാത്രമാകും എന്നു വിചാരിപ്പിൻ. പ്രതികാരം എനിക്കുള്ളത് ഞാൻ പകരം വീട്ടും, എന്നും കർത്താവ് തൻെറ ജനത്തെ ന്യായം വിധിക്കും എന്നും അരുളിച്ചെയ്തവനെ നാം അറിയുന്നുവല്ലോ. ജീവനുള്ള ദൈവത്തിൻെറ കയ്യിൽ വീഴുന്നത് ഭയങ്കരം.'' എബ്രായർ 10:29-31.

''എന്നാൽ നിൻെറ കാഠിന്യത്താലും അനുതാപമില്ലാത്ത ഹൃദയത്താലും നീ ദൈവത്തിൻെറ നീതിയുള്ള വിധി വെളിപ്പെടുന്ന കോപദിവസത്തേക്ക് നിനക്കുതന്നേ കോപം ചരതിച്ചു വെക്കുന്നു.... ശാഠ്യം പൂണ്ട് സത്യം അനുസരിക്കാതെ അനീതി അനുസരിക്കുന്നവർക്ക് കോപവും ക്രോധവും കൊടുക്കും.'' റോമർ 2:5-8.

ദൈവക്രോധത്തിൻെറ ഭീകരമായ ശിക്ഷാവിധി വരുന്നു ണ്ടെന്നുള്ളത് നിശ്ചയമാണ്. 1 തെസ്സലോനീക്യലേഖനം 1-ൻെറ 9-ൽ യേശുക്രിസ്തുവിനെപ്പറ്റി പറഞ്ഞിരിക്കുന്നത് വരുവാനുള്ള കോപത്തിൽനിന്ന് നമ്മെ വിടുവിക്കുന്നവൻ എന്നാണ്.

ക്രിസ്തുവിൻെറ മരണംമൂലം നമ്മുടെമേലുള്ള ദൈവക്രോധം മാറിപ്പോയി എങ്കിൽ ക്രിസ്തു ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നതുമൂലം നമുക്കു ലഭിക്കുന്ന മഹാഭാഗ്യങ്ങൾ എത്രയോ വലുതായിരിക്കും! കർത്താവ് അവിടത്തെ തിരുരക്തം കാണിച്ച് പിതാവിൻെറ സന്നിധിയിൽ മദ്ധ്യസ്ഥത വഹിച്ചു കൊണ്ടിരിക്കുന്നതിനാൽ എന്തെല്ലാം ആത്മീയാനുഗ്രഹങ്ങളാണ് നമുക്ക് നിറപടിയായി ലഭിച്ചുകൊണ്ടിരിക്കുന്നത്!

ദൈവാശ്രയവും ദൈവവിശ്വാസവും ഉള്ളവർക്കുള്ള സവിശേഷതകളെക്കുറിച്ച് പഠിക്കുന്ന ഒരു സുപ്രസിദ്ധ ശാസ്ത്രജ്ഞനുണ്ടായിരുന്നു. അദ്ദേഹത്തിൻെറ പേര് എ.ജെ. സ്റ്റോവൻ എന്നായിരുന്നു.

തലച്ചോറിൽ ക്യാൻസർ പിടിപെട്ട് അവശയായി കിടന്നിരുന്ന ഒരു സ്ത്രീയുടെ തലച്ചോറിൻെറ പ്രവർത്തനത്തെ ഒരു ഉപകരണം ഉപയോഗിച്ച് പരിശോധിക്കുകയുണ്ടായി. അവൾ എപ്പോഴും സന്തോഷവതിയായിരുന്നു. രോഗത്തിൻെറ അസഹ്യമായ വേദനയുടെ ആധിക്യത്തിലും അവൾ പാട്ടു പാടുകയും സ്തുതിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരുന്നു. അവളുടെ തലച്ചോറിൻെറ പ്രവർത്തനശക്തി അമ്പതു കിലോ വാട്ട് ശക്തിയുള്ള "Broadcasting station"നെക്കാൾ ഇരട്ടി പ്രവർത്തനശേഷിയുള്ളതായി കണ്ടു. അവൾ ക്രിസ്തുവിശ്വാസിയായിരുന്നു. അവൾ കൃപയാൽ വിശ്വാസത്താലുള്ള നീതീകരണം അനുഭവിക്കുന്നവൾ ആയിരുന്നു.

എന്നാൽ ഇതേ രോഗം പിടിപെട്ട് കിടന്ന മറ്റൊരു സ്ത്രീയെ പരിശോധിച്ചു. അവൾ വിശ്വാസത്താലുള്ള നീതീകരണവും തൻമൂലമുള്ള പാപക്ഷമയും അനുഭവിക്കാത്തവൾ ആയി

രുന്നു. അവളുടെ തലച്ചോറിന്റെ ശക്തി 500 ഡിഗ്രി നിഷേധാത്മകമായി പ്രവർത്തിക്കുന്നതായി കണ്ടു.

വിശ്വാസത്താലുള്ള നീതീകരണം അനുഭവിക്കുന്ന ആളുടെ മനസ്സമാധാനവും ആത്മധൈര്യവും വലുതാണ്. ഈ ആന്തരികശാന്തിയും സ്വസ്ഥതയും അനുഭവിക്കുന്ന ഒരാളാണ് എന്റെ മകൾ മേരിമോൾ. അവളുടെ അനുഭവസാക്ഷ്യം ഇപ്പോൾ നമുക്ക് കേൾക്കാം.

മേരിമോൾ മാനസാന്തരപ്പെടാനുള്ള സാഹചര്യം എന്തായിരുന്നു?

ഞാൻ ബാല്യത്തിൽത്തന്നെ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കാരണം എന്റെ ചാച്ചനും മമ്മിയും മാനസാന്തരപ്പെട്ടവരായിരുന്നു. രാവിലെയും വൈകുന്നേരവും വളരെ ചിട്ടയായുള്ള പ്രാർത്ഥനയും വേദപുസ്തകവായനയും നോമ്പും നമസ്ക്കാരവും എല്ലാമുണ്ടായിരുന്നു. ബാല്യത്തിൽത്തന്നെ ക്രിസ്തുവിനോട് ഒരു വാക്ക് പറഞ്ഞിരുന്നതുകൊണ്ട് അരുതാത്ത ഒന്നിനും തിരിയാനിടയായില്ല.

പക്ഷേ എന്റെ ഹൃദയത്തിൽ വലിയ അഹങ്കാരമുണ്ടായിരുന്നു. ''ദൈവം നിഗളികളോട് എതിർത്തു നില്ക്കുകയും താഴ്മയുള്ളവർക്ക് കൃപ നൽകുകയും ചെയ്യുന്നു'' എന്ന തിരുവചനം ചാച്ചൻ പറയാറുണ്ടെങ്കിലും ആ വാക്യമൊന്നും ആദ്യകാലത്ത് എന്റെ ഹൃദയത്തിൽ പ്രവേശിച്ചിരുന്നില്ല.

നല്ലതുപോലെ ഞാൻ വായിക്കുകയും പഠിക്കുകയും ചെയ്തിരുന്നു. പരീക്ഷകൾക്ക് നല്ല മാർക്കു കിട്ടിയപ്പോഴെല്ലാം എന്റെ കഴിവിലും ബുദ്ധിയിലും ഞാൻ വളരെ പ്രശംസിച്ചിരുന്നു.

കോട്ടയം B.C.M. കോളേജിൽ ഞാൻ B.Sc.യ്ക്ക് പഠിക്കുന്ന കാലത്ത് ചാച്ചനും മറ്റ് അനേകം പേരും വിടുതൽ ഗ്രൂപ്പിൽ ചേർന്നുനിന്ന് പ്രവർത്തിക്കുകയായിരുന്നല്ലോ. ആ കാലത്ത്

ഞാനേറ്റവും അധികം മാനസിക പീഡ അനുഭവിച്ചിരുന്നു. വിടുതൽ ഗ്രൂപ്പിന്റെ ആശയങ്ങളും ചിന്താഗതികളും ഒട്ടും ദൈവികമല്ലല്ലോ എന്ന ചിന്തകൊണ്ട് ഞാനും എന്റെ സഹോദ രൻമാരും വളരെ വിഷമിച്ചിരുന്നു. ആ കാലങ്ങളിൽ വിടുതൽ ഗ്രൂപ്പിൽനിന്ന് ഒന്ന് രക്ഷപ്പെടാനിടയാകണേ എന്ന് ഞാൻ ഉള്ളു രുകി കരഞ്ഞു പ്രാർത്ഥിച്ചിട്ടുണ്ട്.

ചാച്ചനും മമ്മിയും വിടുതൽ ഗ്രൂപ്പിന്റെ അടിമത്തത്തിൽ നിന്ന് ഒന്ന് രക്ഷപ്പെട്ടിരുന്നെങ്കിൽ കോലഞ്ചേരിയിലും ചുറ്റു പാടുമുള്ള അനേകമനേകം നല്ല ആളുകൾ സത്യദൈവത്തെ കണ്ടെ ത്തിയേനെ എന്നോർത്ത് ഞാൻ പലപ്പോഴും ദൈവസന്നിധിയി ലിരുന്ന് കരഞ്ഞിട്ടുണ്ട്. അതോടെയാണ് ഒന്നുകൂടി ആഴമായി സമർപ്പിക്കണമെന്നും ശുദ്ധീകരണം അനുഭവിക്കണം എന്നും എനിക്ക് ബോദ്ധ്യമായത്.

എന്റെ ജീവിതം യേശുക്രിസ്തുവിന് പൂർണ്ണപ്രസാദകര മാകുവാൻ ഞാൻ വീണ്ടും സമർപ്പിച്ചു. മനസ്സിൽ വരുന്ന ഈർഷ്യയും മുഷിച്ചിലും പരിഭവവും നിരാശയുമെല്ലാം പാപ മാണെന്നും സമ്പൂർണ്ണമായി ഒരു കഴുകൽ കിട്ടിയാലേ പിശാച് അവകാശം പറയാതിരിക്കുകയുള്ളൂ എന്നും അങ്ങനെയുള്ള അവസ്ഥയിൽ പ്രാർത്ഥിച്ചാൽ മാത്രമേ കർത്താവിന് പ്രവർത്തി ക്കാൻ കഴിയൂ എന്നും ഞാൻ മനസ്സിലാക്കി. ഞാൻ എന്റെ സകല പാപപ്രകൃതികളും പാപസ്വഭാവങ്ങളും ഏറ്റു പറഞ്ഞുകൊണ്ട് പ്രാർത്ഥിച്ചു.

അതിനുശേഷമുള്ള അനുഭവമെന്തായിരുന്നു?

എന്റെ പ്രാർത്ഥന കർത്താവു കേട്ടു. എന്റെ കണ്ണുനീര് കർത്താവ് കണ്ടു. ചാച്ചനും സി.എം. മാത്യുസാറും ഡോ. കെ.റ്റി. പൗലോസും 1987 സെപ്റ്റംബർ 16-ാം തീയതി വിടുതൽ ഗ്രൂപ്പിൽനിന്ന് വിട്ടുമാറി. മനുഷ്യനെ ദൈവമെന്ന് കരുതു ന്നതും വിളിക്കുന്നതും വേദവിപരീതമാണെന്നും അതിനോടു ചേർന്നു പോകാൻ സാദ്ധ്യമല്ലെന്നും വിടുതൽ ഗ്രൂപ്പിന്റെ നേതൃസ്ഥാനത്തു നില്ക്കുന്നവരോട് ചാച്ചൻ വിളിച്ചു പറഞ്ഞ

തോടെ ഞങ്ങളെല്ലാം വലിയോരു സമാധാനം കണ്ടെത്തി. കോലഞ്ചേരി, ഹൈറേഞ്ച്, പാലക്കാട്, വയനാട് മുതലായ എത്രയോ സ്ഥലങ്ങളിലെ എത്രയോ ദൈവമക്കൾ പിശാചിന്റെ ആ കെണിയിൽനിന്ന് രക്ഷപ്പെട്ടു!

വിടുതൽ ഗ്രൂപ്പ് വിട്ടതിനുശേഷം ഇന്നു ഞങ്ങളുടെ കുടുംബം എന്ത് ഐശ്വര്യമായി കഴിയുന്നു! ഇന്ന് വളരെ സമാധാനത്തോടെ കർത്താവിന്റെ വേല ചെയ്യുന്നതുകൊണ്ട് നിരാശയിലാണ്ടുപോയ എത്രയോ കുടുംബങ്ങൾ ഇന്ന് ശാന്തി അനുഭവിക്കുന്നു!

ഇപ്പോഴത്തെ സ്ഥിതിയെന്താണ്?

ഇന്ന് ഹൃദയശുദ്ധീകരണം ലാക്കാക്കി ഞാൻ ജീവിക്കുകയാണ്. വിടുതൽ ഗ്രൂപ്പിൽനിന്ന് വിട്ടതിനുശേഷമാണ് എന്റെ വിവാഹം നടന്നത്. ഞാൻ ദൈവത്തോട് അപേക്ഷിച്ചതെല്ലാം കർത്താവ് എനിക്കു തന്നു.

എന്റെ ഭർത്താവിന് കിഡ്നി സംബന്ധമായ ഒരു രോഗമുണ്ടായിരുന്നു. അന്ന് ഞങ്ങൾ കോഴിക്കോട്ടായിരുന്നു. ഞാൻ മനം നൊന്ത് പ്രാർത്ഥിച്ച ഒരു സമയമായിരുന്നു അത്. ദൈവം അത്ഭുതകരമായ സൗഖ്യം നൽകി.

കോഴിക്കോട്ടുനിന്ന് നാട്ടിലേക്ക് ഒന്ന് വന്നെങ്കിൽ എന്ന് ഞാൻ വളരെ ആഗ്രഹിച്ചു. അതൊരു പ്രാർത്ഥനാവിഷയമാക്കി. വളരെ അത്ഭുതകരമായി ഞങ്ങൾ കോലഞ്ചേരിക്കു വരാനും ഞങ്ങൾക്ക് രണ്ടുപേർക്കും ഇവിടെ ജോലി ലഭിക്കാനും സാധിച്ചത് എല്ലാം ദൈവത്തിന്റെ അളവറ്റ കൃപയാലും കരുണയാലുമാണ്.

ആർക്കും വഴങ്ങാത്ത എന്റെ പ്രകൃതം കർത്താവ് മാറ്റി എന്നെ താഴ്മ അഭ്യസിപ്പിച്ചുകൊണ്ടിരിക്കയാണ്. ആഴമേറിയ ശുദ്ധീകരണം എനിക്കിനിയും ആവശ്യമാണെന്ന് ഞാൻ നല്ലതു

പോലെ അറിയുന്നു. അതിനായി ഞാനെന്നെ വീണ്ടും കർത്തൃ പാദത്തിൽ പ്രതിഷ്ഠിക്കുകയാണ്.

വിശ്വാസത്താലുള്ള നീതീകരണത്തിൻെറ ആറാമത്തെ അനുഗ്രഹം വരുവാനുള്ള ദൈവക്രോധത്തിൽനിന്ന് രക്ഷ ലഭിക്കുന്നു എന്നതത്രേ. (salvation from future wrath.)

ചാകാത്ത പുഴുവും കെടാത്ത തീയുമുള്ള നിത്യനരക ദണ്ഡനത്തിൽനിന്ന് രക്ഷ വേണമെന്ന് നാം തീർച്ചയായും ആഗ്രഹിക്കുന്നുണ്ട്. ഭയാനകമായ നിത്യയാതന നമുക്ക് ഒഴിവാക്കിത്തരാനാണ് കർത്താവ് ക്രൂശിൽ യാതനയേറ്റത്.

തിരുവെഴുത്ത് പറയുന്നു:

''ചൂളപോലെ കത്തുന്ന ഒരു ദിവസം വരും, അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും, വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചു കളയും എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു.'' മലാഖി 4:1-2.

ദൈവത്തിൻെറ മഹാകോപദിവസത്തെ കുറിച്ച് അപ്പോസ്തലനായ യോഹന്നാന് വെളിപ്പാട് ലഭിച്ചു:

''ഭൂമിയിലെ രാജാക്കൻമാരും മഹത്തുക്കളും സഹസ്രാധിപൻമാരും ധനവാൻമാരും ബലവാൻമാരും സകല ദാസനും സ്വതന്ത്രനും ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ട് മലകളോടും പാറകളോടും; ഞങ്ങളുടെമേൽ വീഴുവിൻ; സിംഹാസനത്തിൽ ഇരിക്കുന്നവൻെറ മുഖം കാണാതവണ്ണവും കുഞ്ഞാടിൻെറ കോപം തട്ടാതവണ്ണവും ഞങ്ങളെ മറെപ്പിൻ. അവരുടെ മഹാകോപദിവസം വന്നു; ആർക്കു നില്പാൻ കഴിയും എന്നു പറഞ്ഞു.'' വെളിപ്പാട് 6:15-17.

ഈ മഹാക്രോധത്തിൽനിന്ന് രക്ഷപ്പെടാൻ ഏതു പാപിക്കും കഴിയും. ഊനമില്ലാത്ത ദൈവകുഞ്ഞാട് അറുക്ക

പ്പെട്ട മഹാസംഭവം സ്വന്തം ജീവിതത്തിൽ വിശ്വാസത്താൽ അംഗീകരിച്ച് സ്വീകരിക്കുക. ക്രിസ്തു ക്രൂശിൽ മരിച്ചതു പോലെ എൻെറ പഴയ മനുഷ്യൻ മരിച്ചു എന്നും ക്രിസ്തു ഉയിർത്തെഴുന്നേറ്റതുപോലെ ഞാനൊരു പുതിയ മനുഷ്യനായി ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്നും സ്വന്തം ജീവിതത്തിൽ വിശ്വാസത്താലനുഭവിക്കണം എന്നു മാത്രമേയുള്ളൂ. ആ അനുഭ വത്തിനാണ് അപ്പോസ്തലൻ പറയുന്നത്:

''ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ അതു പുതുതായി തീർന്നിരിക്കുന്നു. അതിന്നൊക്കെയും ദൈവംതന്നെ കാരണ ഭൂതൻ.'' 2 കൊരി. 5:17.

''എല്ലാവർക്കുംവേണ്ടി ഒരുവൻ മരിച്ചിരിക്കെ എല്ലാവരും മരിച്ചു എന്നും ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല തങ്ങൾ ക്കുവേണ്ടി മരിച്ചു ഉയിർത്തവന്നായിട്ടുതന്നേ ജീവിക്കേ ണ്ടതിന്നു അവൻ എല്ലാവർക്കുംവേണ്ടി മരിച്ചു എന്നും ഞങ്ങൾ നിർണ്ണയിച്ചിരിക്കുന്നു.'' 2 കൊരി. 5:14-15.

മാന്യ സ്നേഹിതാ, ദൈവകോപത്തിൽനിന്നുള്ള മോചനം നീ നേടിയോ? നിനക്കുവേണ്ടി നിൻെറ പാപം വഹിച്ചു ദൈവ കോപത്തീയിൽ വെന്ത ക്രിസ്തുവിനെ നിൻെറ ഉള്ളത്തിൽ നീ സ്വീകരിച്ചുവോ? അവനിതാ നിൻെറ ഹൃദയവാതിൽക്കൽ വന്ന് മുട്ടുന്നു. അവനുവേണ്ടി നീ വാതിൽ തുറന്നുകൊടുക്കൂ. അവനെ നിൻെറ നാഥനായി സ്വീകരിക്കൂ. അവനായി നിൻെറ ജീവിതം വേർതിരിക്കൂ. ഒരു പുതിയ ജീവിതം തുടങ്ങൂ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

★ ★ ★

## പന്ത്രണ്ട്

*''നമുക്ക് ഇപ്പോൾ നിരപ്പു ലഭിച്ചതിന്നു കാരണമായ നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നാം ദൈവത്തിൽ പ്രശംസിക്കയും ചെയ്യുന്നു.'' റോമർ 5:11.*

വിശ്വാസത്താലുള്ള നീതീകരണത്തിൻെറ ഏഴാമത്തെ അനുഗ്രഹം നാം ദൈവത്തോടു നിരപ്പു പ്രാപിക്കുന്നു എന്ന താണ്. ദൈവവുമായുള്ള നിരപ്പില്ലായ്മ മനുഷ്യൻെറ പാപം മൂല മാണ്.

യെശയ്യാവ് പറയുന്നു: ''രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല. കേൾപ്പാൻ കഴിയാതവണ്ണം അവൻെറ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങളത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പി ച്ചിരിക്കുന്നത്. നിങ്ങളുടെ പാപങ്ങളത്രേ അവൻ കേൾക്കാത വണ്ണം അവൻെറ മുഖം നിങ്ങൾക്കു മറയ്ക്കുമാറാക്കിയത്.'' യെശയ്യാ 59:1-3.

''ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങൾക്കു ശുഭം വരുവാൻ കഴിയാതവണ്ണം നിങ്ങൾ യഹോവയുടെ കല്പനകളെ ലംഘിക്കുന്നത് എന്ത്? നിങ്ങൾ യഹോവയെ ഉപേക്ഷിച്ചതു കൊണ്ട് അവൻ നിങ്ങളെയും ഉപേക്ഷിച്ചിരിക്കുന്നു.'' 2 ദിന വൃത്താന്തം 24:20.

ദൈവത്തിനും മനുഷ്യനും ഇടയിൽ മനുഷ്യൻെറ പാപം വരുന്നതുകൊണ്ടാണ് ദൈവത്തോട് നിരപ്പില്ലാതാകുന്നുത്.

ദൈവത്തോട് നിരപ്പാകുന്നതിന് ഇംഗ്ലീഷിൽ ഉപയോഗിക്കുന്ന വാക്ക് 'atonement' എന്നതാണ്. ഇതിൻെറ അർത്ഥം 'ദൈവത്തോടുള്ള സംസർഗ്ഗത്തിലേക്ക് തിരിച്ചുവരുത്തുന്ന ഒത്തുതീർപ്പ്' (Reconciliation, brought back into fellowship with God) എന്നാണ്.

''ശത്രുക്കളായിരിക്കുമ്പോൾതന്നേ നമുക്ക് അവൻെറ പുത്രൻെറ മരണത്താൽ ദൈവത്തോട് നിരപ്പുവന്നു എങ്കിൽ നിരന്നശേഷം നാം അവൻെറ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും'' എന്ന് റോമർ 5:10-ൽ കാണുന്ന തിരുവചനഭാഗത്ത് 'നിരപ്പ്' എന്ന് ഉപയോഗിച്ചിരിക്കുന്നത് മുൻപറഞ്ഞ അർത്ഥത്തിലാണ്.

മനുഷ്യൻെറ പാപം മൂലം മനുഷ്യൻ നിത്യശിക്ഷയ്ക്ക് അർഹനാണ്; നിത്യയാതനയിലേക്ക് പോകേണ്ടവനാണ്. അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചുകിടന്ന കാലത്ത് (എഫെസ്യർ 2:1-14) അവൻ ഒന്ന്, ഈ ലോകത്തിൻെറ കാലഗതിയെ അനുസരിച്ച് നടന്നുകൊണ്ടിരുന്നു. രണ്ടാമതായി, അവൻ പൈശാചികൻെറ ആത്മാവിന് - ദുരാത്മാവിന് - അനുസരിച്ച് നടന്നു.

മൂന്നാമതായി, മനുഷ്യൻ ജഡത്തെ അനുസരിച്ച് നടന്നു; ജഡമോഹങ്ങളിൽ നടന്നു.

നാലാമതായി, അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ച് കിടന്നപ്പോൾ ദൈവകോപത്തിന് പാത്രമായ കോപത്തിൻെറ മക്കൾ ആയിരുന്നു.

അഞ്ചാമതായി, അന്ന് ആത്മാവിൽ മരിച്ചു കിടക്കുകയായിരുന്നു.

ആറാമതായി, പരിച്ഛേദന ഏറ്റ യഹൂദൻമാരാൽ പരിച്ഛേദന ഏല്ക്കാത്ത 'അഗ്രചർമ്മികൾ' എന്ന് വിളിക്കപ്പെട്ട പുറജാതികളായിരുന്നു.

ഏഴാമതായി, അന്ന് ക്രിസ്തുവിനെ കൂടാതെയുള്ളവരായിരുന്നു.

എട്ടാമതായി, അന്ന് യിസ്രായേൽ പൗരതയോട് ബന്ധമില്ലാത്തവർ ആയിരുന്നു.

ഒൻപതാമതായി, വാഗ്ദത്തത്തിൻെറ നിയമങ്ങൾക്ക് അന്യരായിരുന്നു.

പത്താമതായി, അന്ന് പ്രത്യാശയില്ലാത്തവരായിരുന്നു.

വിശ്വാസത്താലുള്ള നീതീകരണം അനുഭവിക്കാത്ത ആ കാലത്ത് മുൻപറഞ്ഞ പത്തു വിധങ്ങളിൽ മനുഷ്യർ ദൈവത്തോട് നിരപ്പില്ലാതെ ദൈവത്തിൻെറ ശത്രുക്കളായി ജീവിച്ചിരുന്നു.

''കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കയും - കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു - ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തൻെറ കൃപയുടെ അത്യന്തധനത്തെ വരുംകാലങ്ങളിൽ കാണിക്കേണ്ടതിന്നു ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയിർത്തെഴുന്നേൽപിച്ചു സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു. കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിൻെറ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല.'' എഫേസ്യർ 2:4-9.

നീതീകരണം ലഭിക്കുന്നതിനുമുമ്പ് അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചു കിടക്കുകയായിരുന്നു. അന്ന് നടന്നു എന്നാണ് തിരുവെഴുത്ത് പറയുന്നത്. അന്ന് ലോകത്തിൻെറ

ഗതിയ്ക്കൊത്തതുപോലെ നടന്നു. അനുസരണക്കേടിന്റെ മക്കളിൽ വ്യാപരിക്കുന്ന ദുരാത്മാക്കളുടെ അധിപതിയായ സാത്താനെ അനുസരിച്ച് നടന്നു; ജഡമോഹങ്ങളിൽ നടന്നു.

മരിച്ചു കിടക്കുമ്പോൾ നടക്കുന്നതെങ്ങനെയാണ്?

ഒരു ഉദാഹരണത്തിൽകൂടി അത് വിശദമാക്കാം. നെൽ കൃഷി ചെയ്യുന്ന പാടത്തിന്റെ മദ്ധ്യത്തിൽകൂടി ഒരു തോട്. ആ തോടിൽക്കൂടി വെള്ളം ഒഴുകിക്കൊണ്ടിരിക്കുന്നു. ധാരാളം ചെറുമീനുകൾ ആ വെള്ളത്തിൽ ഒഴുക്കിനെതിരെ നീന്തിക്കയറുന്നു. വെള്ളത്തിന്റെ ഒഴുക്ക് എത്ര ശക്തമായാലും ആ പരൽ മത്സ്യങ്ങൾ താഴോട്ട് ഒഴുകിപ്പോകാതെ മുകളിലേക്ക് വെള്ളത്തിന്റെ ഒഴുക്കിനെതിരെ നീന്തുന്നു.

എന്നാൽ ഇതാ ചില മീനുകൾ താഴോട്ട് ഒഴുകുന്നു. അവ ചത്ത മീനുകളാണ്. അവയ്ക്ക് ഒഴുക്കിനെതിരെ നീന്താൻ സാദ്ധ്യമല്ല. ചത്തുപോയി. മറ്റു ചില മീനുകൾ താഴോട്ട് കീഴ്മേൽ മറിഞ്ഞ് ഒഴുകുന്നു. ഇടയ്ക്ക് മുകളിലേക്ക് നീന്തിക്കയറുന്നു. പിന്നെയും മലർന്ന് താഴോട്ട് പോകുന്നു. ചത്തിട്ടില്ല. പക്ഷേ ചാവാറായി.

എന്താണ് കാരണം? അടുത്തൊരു കണ്ടത്തിൽ നെല്ലിന്റെ പുഴുക്കേടു മാറ്റുവാൻ കീടനാശിനി തളിച്ചു. കീടനാശിനി കലർന്ന വെള്ളം ഈ തോട്ടിലേയ്ക്കൊഴുകിവരുന്നുണ്ട്. വിഷബാധയേറ്റ മീനുകളാണ് ചത്തതും ചാവാറായതും.

സ്നേഹിതരേ, ഒഴുക്കിനൊത്തൊഴുകുന്നത് കണ്ടാൽ മനസ്സിലാക്കാം ജീവൻ പോയി എന്ന്. ആരെല്ലാം ലോകത്തിന്റെ ഗതിക്കും സാത്താന്റെ ആലോചനയ്ക്കും ജഡത്തിന്റെ മോഹങ്ങൾക്കും ഒത്തതുപോലെ ഒഴുകുന്നുണ്ടോ, അവരെല്ലാം ആത്മാവിൽ മരിച്ചവരാണ്.

കീടനാശിനിപോലെ അപകടകാരിയായ പാപമാകുന്ന വിഷം അനേകരെ ബാധിച്ചിരിക്കയാണ്. ''മരണത്തിന്റെ

വിഷമുള്ള് പാപം എന്ന് 1 കൊരിന്ത്യർ 15-ന്റെ 56-ൽ സെ. പോൾ പറയുന്നുണ്ട്.

''മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു. പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു.'' എന്ന് യാക്കോബും പറയുന്നുണ്ട്. യാക്കോബ് 1:15.

ഇങ്ങനെ അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നമ്മെ ക്രിസ്തു ഉയിർത്തെഴുന്നേല്പിച്ചു. നമ്മുടെ മരണം ഏറ്റെടുത്ത്, അവന്റെ ജീവൻ നമുക്കു തന്നു.

ഇത് വിശ്വസിക്കുന്നവനാണ് നീതീകരണം ലഭിക്കുന്നത്. അവനെയാണ് കർത്താവ് ''കുറ്റമില്ലാത്തവൻ'' എന്ന് മുദ്രകുത്തിത്തരുന്നത്. ഞാൻ കുറ്റവാളിയാണെങ്കിലും കുറ്റവാളി എന്ന എന്റെ മുദ്ര അവൻ ഏറ്റെടുത്ത്, കുറ്റവാളിക്കുള്ള ശിക്ഷയും മരണവും വഹിച്ചു. അങ്ങനെ എനിക്കവൻ പരിശുദ്ധാത്മാവിന്റെ മുദ്ര തന്നു.

''അവൻ നമ്മെ മുദ്രയിട്ടും ആത്മാവ് എന്ന അച്ചാരം നമ്മുടെ ഹൃദയങ്ങളിൽ തന്നുമിരിക്കുന്നു.'' 2 കൊരി. 1:22.

ഏറെക്കാലം ലോകത്തിനും പിശാചിനും ജഡത്തിനും അടിമയായി ജീവിച്ചിരുന്ന ഒരാളാണ് കീഴില്ലത്ത് മണ്ണൂർ യാക്കോബായ പള്ളി വികാരിയായിരുന്ന പാലക്കാട്ടുവാരി ജേക്കബ് അച്ചന്റെ മകൻ റോയി. ഇന്ന് ബിസിനസ്സ് നടത്തുന്ന റോയിയുടെ ജീവിതത്തിലെ അനുഭവങ്ങൾ ഇപ്പോൾ നമുക്ക് കേൾക്കാം.

റോയിയുടെ മാനസാന്തരത്തിനു മുമ്പുള്ള കാലം ഒന്നു വിവരിക്കാമോ?

ഒരു പട്ടക്കാരന്റെ മകനായി ജനിച്ചു എങ്കിലും ഏറ്റവും അധികം വഷളായി ജീവിച്ച ഒരാളാണ് ഞാൻ. പള്ളിമദ്ബഹാ

യിലെ ശുശ്രൂഷയ്ക്ക് ഞാൻ കൂടിയിരുന്നു. ഞാൻ പള്ളി ഗായക സംഘത്തിന്റെ നേതൃത്വം വഹിച്ചിരുന്നു. എന്റെ അമ്മയുടെ അപ്പൻ യാക്കോബായ സഭയിലെ സുപ്രസിദ്ധനായ പണ്ടിക്കുടി ഗീവർഗീസ് കോൾ എപ്പിസ്ക്കോപ്പ ആയിരുന്നു. ഈ പശ്ചാത്തല മെല്ലാമുണ്ടായിരുന്നെങ്കിലും ഞാൻ ദൈവദ്വേഷിയായി ജീവിച്ചു.

എന്റെ ബിസിനസ്സ് വളർന്നതോടെ പണം ധാരാളം ഉണ്ടായി. വളരെ മോശമായ ചില കൂട്ടുകെട്ടുകൾ എനിയ്ക്കു ണ്ടായി. മദ്യപാനത്തിനുവേണ്ടി ഞാൻ ഒട്ടേറെ പണം നശിപ്പിച്ചു. കൂട്ടുകാരുകൂടി മദ്യപിക്കുക, മേളിക്കുക, ചീട്ടുകളിക്കുക, വെറിക്കൂത്തുകളിൽ ഉല്ലസിച്ചാറാടിനടക്കുക മുതലായവ എന്നെ കാർന്നു നശിപ്പിച്ചുകളയുന്ന പാപങ്ങളായിരുന്നു.

പലരോടും വൈരാഗ്യവും പകയും കൈയ്പും എനിക്കു ണ്ടായിരുന്നു. അനേകം സാധനങ്ങൾ എന്റേതല്ലാത്തത് എന്റെ കൈവശമുണ്ടായിരുന്നു.

എന്റെ അപ്പച്ചൻ അച്ചനോട് എന്റെ ഹൃദയത്തിൽ ഐക്യമുണ്ടായിരുന്നില്ല. വീട്ടിൽ ഒരു സമാധാനവുമുണ്ടായി രുന്നില്ല. പുറമെ പറയത്തക്ക വഴക്കുകളൊന്നുമില്ലെങ്കിലും അകത്ത് അഭിപ്രായവ്യത്യാസവും ഇണക്കക്കുറവും തൻമൂലം കുടുംബാന്തരീക്ഷം കലങ്ങിമറിഞ്ഞും - അങ്ങനെ സ്വസ്ഥതയു ണ്ടായിരുന്നില്ല.

ഈ അവസ്ഥയ്ക്ക് മാറ്റം വന്നതെങ്ങനെയാണ്?

എന്റെ സംഗീതോപകരണങ്ങളുമായി പെരുമ്പാവൂർ അടുത്ത് അല്ലപ്രയിൽ ഒരു കൺവൻഷനിൽ ഞാൻ പോയി. അവിടെ ഗായകസംഘത്തിൽ ചേർന്ന് പാടാനാണ് പോയത്. അത് 1998 ജനുവരി 4-ാം തീയതിയായിരുന്നു. അന്ന് കരുണയുള്ള കർത്താവിന്റെ വചനം എന്റെ ഹൃദയത്തെ സ്പർശിച്ചു.

ഞാൻ എന്റെ പാപത്തെ ഓർത്ത് ഉച്ചത്തിൽ കരഞ്ഞു പോയി. അന്ന് വീട്ടിൽ അഞ്ചു മദ്യക്കുപ്പികൾ ഇരിപ്പുണ്ടായിരുന്നു. അവ പൊട്ടിച്ച് ഞാൻ കക്കൂസിൽ ഒഴിച്ചുകളഞ്ഞു.

തുടർന്ന് ഞാൻ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ യോഗങ്ങളിൽ സംബന്ധിക്കാൻ തുടങ്ങി. വചനം കേൾക്കുന്തോറും എനിക്ക് പാപബോധം കൂടുതലായി ലഭിച്ചുകൊണ്ടിരുന്നു. എന്റെ സ്വഭാവത്തിൽ അലിഞ്ഞും ലയിച്ചും കിടന്ന അനേകം പാപങ്ങൾ കർത്താവ് എനിക്ക് ബോധം തന്നു.

തുടർന്നുള്ള അനുഭവമെന്തായിരുന്നു?

എന്റെ അപ്പച്ചൻ അച്ചനോട് ഞാൻ കരഞ്ഞ് മാപ്പു ചോദിച്ച് നിരപ്പായി. ചില പണമിടപാടുകളിൽ നീക്കുപോക്കു വരുത്തേണ്ടതുണ്ടായിരുന്നു. അതെല്ലാം ഞാൻ ചെയ്തു. ചില സാധനങ്ങൾ ഞാൻ കൊടുക്കാനുണ്ടായിരുന്നു. അതെല്ലാം തിരികെ കൊടുത്ത് നിരപ്പായി. പരിശുദ്ധാത്മാവ് അപ്പോഴപ്പോൾ കാണിച്ചുതരുന്ന പാപങ്ങൾ ഒരയവും താമസവുമില്ലാതെ ഞാൻ മാറ്റി.

അതോടുകൂടി എന്റെ വീട്ടിൽ വലിയ സമാധാനമുണ്ടായി. കുടുംബാന്തരീക്ഷമാകെ മാറി. എന്റെ ഭാര്യയിലും വലിയ മാറ്റമുണ്ടായി. കർത്താവിന്റെ കൃപയുടെ മധുരം ഞങ്ങൾ രുചിച്ചറിഞ്ഞു.

ഞങ്ങളുടെ മോന് മൂന്നു മാസം പ്രായമുള്ളപ്പോൾ കഠിനമായ പനി വന്നു. രോഗകാരണമെന്തെന്ന് ഡോക്ടർമാർക്ക് മനസ്സിലായില്ല. പനി മാറാതെതന്നെനിന്നു. കൂട്ടായ്മയിലെ ദൈവമക്കളെല്ലാം പ്രാർത്ഥിച്ചു. കർത്താവ് അത്ഭുതകരമായി മോന്റെ അസുഖം മാറ്റിത്തന്നു.

ഈ വർഷം മെയ് 24-ാം തീയതി അപ്പച്ചൻ അച്ചൻ ഈ ലോകത്തിൽനിന്ന് കടന്നുപോയി. അപ്പച്ചനോട് ഏറെ നേരം

ഇരുന്ന് സംസാരിച്ച് കരഞ്ഞ് മാപ്പു ചോദിക്കാനും നിരപ്പാകാനും കഴിഞ്ഞ് മാസങ്ങളോളം ഞങ്ങൾ വളരെ സന്തോഷത്തോടെ കഴിഞ്ഞതിനുശേഷമാണല്ലോ അപ്പച്ചൻ കടന്നുപോയത് എന്നോർക്കുമ്പോൾ ഇന്നെനിക്ക് ദൈവത്തോട് അളവററ നന്ദിയുണ്ട്. എൻെറ പാപം കഴുകിത്തന്ന കർത്താവായ യേശുക്രിസ്തുവിനോടും അതിന് ദൈവം ഉപയോഗിച്ച ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിനോടും ചേർന്ന് മരണത്തോളം ദൈവവേല ചെയ്ത് ജീവിപ്പാൻ എൻെറ ആയുസ്സ് വേർതിരിച്ചിരിക്കയാണ്.

പ്രിയപ്പെട്ട റോയിയുടെ ജീവിതം ഇടവകപ്പള്ളിയിലും കീഴില്ലത്തുമെല്ലാം വളരെയേറെപ്പേരെ സ്വാധീനം ചെയ്തിട്ടുണ്ട്. വിശ്വാസത്താൽ ലഭിച്ച നീതീകരണം റോയി അനുഭവിച്ച് വിശുദ്ധിയുടെ പാതയിൽ മുന്നേറിക്കൊണ്ടിരിക്കുന്നു.

മർത്ത്യൻ ദൈവസന്നിധിയിൽ നിർമ്മലനാകുന്നതെങ്ങനെ? ''ദൈവസന്നിധിയിൽ മർത്ത്യൻ നീതിമാനാകുന്നതെങ്ങനെ?'' നൂററാണ്ടുകൾക്കു മുമ്പ് ഇയ്യോബ് ചോദിച്ചു. ഇയ്യോബ് 9:2.

ഇയ്യോബ് വീണ്ടും ചോദിച്ചു:

''മർത്ത്യൻ ശുദ്ധിമാനായിരിക്കുന്നതെങ്ങനെ. സ്ത്രീ പ്രസവിച്ചവൻ നീതിമാനായിരിക്കുന്നതെങ്ങനെ.'' ഇയ്യോബ് 15:14.

''മർത്ത്യൻ ദൈവസന്നിധിയിൽ എങ്ങനെ നീതിമാനാകും?'' ഇയ്യോബ് 25:4.

ഈ ചോദ്യത്തിൻെറ മറുപടി നൂററാണ്ടുകൾക്കുശേഷം അപ്പോസ്തലനായ പൗലോസ് നൽകി.

''വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്.'' റോമർ 5:1.

‘‘അവൻെറ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പു മൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്.’’ റോമർ 3:24.

പ്രിയ സ്നേഹിതാ, ഈ സൗജന്യമായ നീതീകരണം നീ പ്രാപിച്ചുവോ? നിൻെറ പാപങ്ങളൊക്കെയും ക്രിസ്തു ഏറ്റെടുത്തു എന്ന് നീ വിശ്വസിക്കുന്നുവോ?

എങ്കിൽ ഇപ്പോൾ നീ രക്ഷകനായ ക്രിസ്തുവിനോടു പറയുക: ‘‘നാഥാ, ഇന്നു മുതൽ ഞാൻ ഒരു നീതിമാനായി ജീവിക്കും. കർത്താവേ, ഇന്നു മുതൽ ഞാനൊരു പുതിയ മനുഷ്യനായി ജീവിക്കും.’’

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

★ ★ ★